## നം.കെ.എസ്.എ.സിൽ.എ 3/105/2017 തീയതി 22.05.2017

# കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2015 - 16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്

(1976 - ലെ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് (ഫിനാൻസ് & അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് - 4, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത് )

********************

**ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും** — **ശ്രീ.നജീം.എച്ച്, ഡെപ്യൂട്ടി ഡയറക്ടർ**

**ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്** — **ശ്രീ.നജീം .എച്ച്, ഡെപ്യൂട്ടി ഡയറക്ടർ**

**ഓഡിറ്റ് ചെയ്ത ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ**

1. ശ്രീ.സലിം .എ.ആർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
2. ശ്രീമതി .സുനി മാധവൻ.ഡി, അസി .ഓഡിറ്റ് ഓഫീസർ
3. ശ്രീമതി .സെലിൻ . ആർ, അസി .ഓഡിറ്റ് ഓഫീസർ
4. ശ്രീമതി . സുനിതാ ബാബു ബി.എസ് ഓഡിറ്റർ
5. ശ്രീ.വിനോദ് കുമാർ . വി

ഓഡിറ്റർ

ഓഡിറ്റിന് വിനിയോഗിച്ച കാലയളവ് 01.01.2017 മുതൽ 30.04.2017 വരെ

**ഉത്തരവാദികളായ ഉദ്യോഗസ്ഥർ**

1. **ഡയറക്ടർ**

ഡോ .എം .ആർ .തമ്പാൻ (01.04.2015 മുതൽ 31.05.2015 വരെ)

2. **അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

1. ശ്രീമതി . എസ്. സജിനി (01.04.15 മുതൽ 31.05.15 വരെ)
2. 01.06.15 മുതൽ 25.06.15 വരെയും 01.07.15 മുതൽ 30.07.15 വരെയും ആരും ചാർജ് വഹിച്ചിരുന്നില്ല.
2. ശ്രീ.സുരേഷ് കുമാർ . എസ്.എൽ (26.06.15 മുതൽ 30.06.15 വരെ)
3. ശ്രീ.രാജഗോപാലൻ നായർ .കെ.കെ (31.07.15 മുതൽ 11.10.15 വരെ)
4. ശ്രീ.ഗിൽബർട്ട് വെസ്ലി .എച്ച് (12.10.15 മുതൽ 02..3.16 വരെ)
5. ശ്രീമതി . ശോഭന .പി (03.03.16 മുതൽ 31.03.16 വരെ)

3. **ഫിനാൻഷ്യൽ അസിസ്റ്റന്റ്**

1. ശ്രീ.എസ്.സതീഷ് കുമാർ (01.04.15 മുതൽ 12.07.15 വരെ )
2. ശ്രീ.വിജയ കുമാർ കെ.ജി (13.07.15 മുതൽ 31.12.15 വരെ )
3. ശ്രീ. ഗിൽബർട്ട് വെസ്ലി .എച്ച് (01.01.16 മുതൽ 02.03.16 വരെ )(ചാർജ്ജ് )
4. ശ്രീമതി .ശോഭന .പി (03.03.16 മുതൽ 31.03.16 വരെ ) (ചാർജ്ജ് )

ഈ റിപ്പോർട്ട് കൈപ്പറ്റിയാൽ ഉടൻ തന്നെ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദിയായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനുള്ളിൽ റിപ്പോർട്ടിൽ പറയുന്ന ന്യൂനതകൾ പരിഹരിച്ച് ഓഡിറ്റ് റിപ്പോർട്ടിനുള്ള മറുപടി തയ്യാറാക്കി, ഗവേണിംഗ് ബോഡിയിൽ ഓഡിറ്റ് റിപ്പോർട്ടും പരിഹാര നടപടികളും വിശദമായി ചർച്ച ചെയ്യേണ്ടതാണ്. (1976 – ലെ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഫിനാൻസ് & അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 18(V)

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന തടസ്സങ്ങൾ/പരാമർശങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച മറുപടി പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതുമാണ്. (1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1)) ഓഡിറ്റ് റിപ്പോർട്ടിനുള്ള മറുപടി ലഭ്യമാക്കാത്ത പക്ഷം ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾ അംഗീകരിക്കുന്നു എന്ന നിഗമനത്തിൽ നിയമപ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## വിഷയ സൂചിക


| ഖണ്ഡിക നമ്പർ | വിഷയം | പേജ് നമ്പർ |
|---|---|---|
| 1. | ഓഡിറ്റിനു വിധേയമാക്കിയ കണക്കുകൾ | 4 |
| 2. | പൊതു അവലോകനം | 5 |
| 3. | ബജറ്റ് അവലോകനം | 6 |
| | **ഭാഗം - 2** | |
| 4 മുതൽ 9 വരെ | പ്രസിദ്ധീകരണ വിഭാഗം | 7 മുതൽ 16 വരെ |
| | **ഭാഗം - 3** | |
| 10 മുതൽ 14 | വിജ്ഞാനകൈരളി | 17 മുതൽ 21 വരെ |

| | | |
|---|---|---|
| വരെ | | |
| | **ഭാഗം - 4** | |
| 15 മുതൽ 34 വരെ | പൊതു പരാമർശങ്ങൾ | 22 മുതൽ 48 വരെ |
| | **ഭാഗം - 5** | |
| 35 മുതൽ 51 വരെ | കോഴിക്കോട് പ്രാദേശിക കേന്ദ്രം | 49 മുതൽ 80 വരെ |
| | **ഭാഗം - 6** | |
| 52 മുതൽ 54 വരെ | സാമ്പത്തിക നില | 81 മുതൽ 87 വരെ |
| 55 | റിവോൾവിംഗ് ഫണ്ട് | 89 |
| 56 മുതൽ 63 വരെ | ഓഡിറ്റ് പ്രത്യവലോകനം | 88 മുതൽ 91 വരെ |
| | **അനുബന്ധം - 1** | |
| | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 93 |
| | **അനുബന്ധം -2** | |
| | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 95 |


## ഭാഗം - 1

### 1. ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, വിജ്ഞാനമുദ്രണം പ്രസ്സ്, കോഴിക്കോട് പ്രാദേശിക കേന്ദ്രം, കണ്ണൂർ പുസ്തകവിൽപ്പനശാല, എറണാകുളം പുസ്തകവിൽപ്പനശാല, സംസ്കാര പുസ്തക വിൽപ്പനശാല തിരുവനന്തപുരം

എന്നിവിടങ്ങളിലെ 2015-16 വർഷത്തെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കി.

## 2. പൊതു അവലോകനം

മലയാള ഭാഷയെ വികസിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും വേണ്ടിയാണ് 1968-ൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിതമായത്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ധനസഹായത്താലാണ് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിക്കുന്നത്. കേരളത്തിന്റെ കല, സംസ്കാരം, ചരിത്രം, ശാസ്ത്രം എന്നീ വൈജ്ഞാനിക രംഗങ്ങളിൽ മാറ്റങ്ങൾ സൃഷ്ടിക്കുന്ന നിരവധി പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് സാധിച്ചിട്ടുണ്ട്.

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങളുടെ അച്ചടി നിർവ്വഹിക്കുന്നതിനായി ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനോട് അനുബന്ധമായി പ്രവർത്തിക്കുന്ന സ്ഥാപനമാണ് വിജ്ഞാനമുദ്രണം പ്രസ്സ്. എന്നാൽ 2015-16 വർഷം പ്രസിദ്ധീകരിച്ച പുസ്തകങ്ങളിൽ ഭൂരിഭാഗവും സ്വകാര്യപ്രസ്സുകളിലാണ് അച്ചടിച്ചിട്ടുള്ളത്. വിജ്ഞാനമുദ്രണം പ്രസ്സിൽ കാലാനുസൃതമായ ആധുനികവൽക്കരണത്തിനും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതും പുസ്തകങ്ങൾ അച്ചടിക്കുന്നതിനായി സ്വകാര്യ പ്രസ്സുകളെ ആശ്രയിക്കുന്ന പ്രവണത ഒഴിവാക്കേണ്ടതുമാണ്.

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രധാന വരുമാന മാർഗ്ഗമായ പുസ്തക വിൽപ്പനയിൽ 2015-16 വർഷം മുൻ വർഷത്തേക്കാൾ 2.5% കുറവ് ഉണ്ടായിട്ടുണ്ട്.

കൂടുതൽ പുസ്തകമേളകൾ സംഘടിപ്പിക്കുകയും ക്രഡിറ്റ് വ്യവസ്ഥയിൽ പുസ്തകം നൽകിയിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുവാനുള്ള കുടിശ്ശിക യഥാസമയം ഈടാക്കുകയും ചെയ്യേണ്ടതാണ്.

ഇൻസ്റ്റിറ്റ്യൂട്ട് പുറത്തിറക്കുന്ന പുസ്തകങ്ങളിൽ ഡയറക്ടറുടെ അനുമതിയും ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുസ്തക രൂപകൽപ്പനാമാനദണ്ഡവും പാലിക്കുന്നതിന് വീഴ്ച വന്നിട്ടുണ്ട്. പുസ്തകങ്ങൾ പ്രിന്റ് ചെയ്യുന്നതിനുള്ള കരാർ വ്യക്തമായ എഗ്രിമെന്റിന് ശേഷം മാത്രം നൽകുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. പുസ്തകങ്ങളുടെ പബ്ലിക്കേഷൻ സംബന്ധിക്കുന്ന സി.ഡി രജിസ്റ്ററിൽ ആവശ്യമായ എല്ലാ വിശദാംശങ്ങളും രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ മുഖപത്രമായ വിജ്ഞാനകൈരളി മാസികയുടെ പ്രസിദ്ധീകരണത്തിലുണ്ടാകുന്ന സാമ്പത്തികനഷ്ടം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ആയതിന്റെ സർക്കുലേഷൻ വർദ്ധിപ്പിക്കുകയും കുറ്റമറ്റ രീതിയിലാക്കുകയും ചെയ്യേണ്ടതാണ്. സൗജന്യ പുസ്തകവിതരണം മാനദണ്ഡങ്ങൾ പാലിച്ചുമാത്രം നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 3. ബഡ്ജറ്റ് അവലോകനം

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2015-16 വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് 15.12.2014 ൽ കൂടിയ ഭരണ സമിതിയിൽ ഐറ്റം നമ്പർ 3 ആയി അംഗീകരിച്ചു. പദ്ധതിയിനത്തിൽ 522.50 ലക്ഷം രൂപയും പദ്ധതിയിതര ഇനത്തിൽ 595.31 ലക്ഷം രൂപയും ചെലവ് പ്രതീക്ഷിച്ചാണ് 2015-16 ലെ ബഡ്ജറ്റ് തയ്യാറാക്കിയിരിക്കുന്നത്. എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള

യഥാർത്ഥ ചെലവ് പദ്ധതിയിനത്തിൽ 60360941/- രൂപയും പദ്ധതിയിതരയിനത്തിൽ 31304285/- രൂപയുമാണ്. ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുകയും തമ്മിൽ വലിയ അന്തരം കാണുന്നു. യാഥാർത്ഥ്യ ബോധത്തോടു കൂടിയ ബഡ്ജറ്റ് തയ്യാറാക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. പദ്ധതിയിനത്തിൽ കെട്ടിട നിർമ്മാണത്തിനായി 100 ലക്ഷം രൂപ വകയിരുത്തിയിരുന്നെങ്കിലും പ്രസ്തുത പദ്ധതി നടപ്പിലാക്കിയില്ല.

പദ്ധതിയിതരയിനത്തിൽ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ 319 ലക്ഷം രൂപ ജീവനക്കാരുടെ ശമ്പളത്തിനും 180 ലക്ഷം രൂപ വി.എം.പി ജീവനക്കാരുടെ ശമ്പളത്തിനുമായാണ് വകയിരുത്തിയിട്ടുള്ളത് .

## ഭാഗം - 2

## പ്രസിദ്ധീകരണവിഭാഗം

**4. പുസ്തക രൂപകൽപ്പനയിൽ മാറ്റം വരുത്തി ഡി.റ്റി.പി ചെയ്തതിനാൽ പേജിൽ വർദ്ധനവ് - നഷ്ടം 5200/- രൂപ.**

ഋഗ്വേദം - ഗുരുദക്ഷിണഭാഷ്യം അഷ്ടകം - 2 എന്ന പുസ്തകം പ്രിന്റ് ചെയ്യുന്നതിന് ഗ്രന്ഥകാരനുമായി 24.01.2015 ൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കരാറിൽ ഗ്രന്ഥകാരനും, ഡയറക്ടറും, തീയതിയും ഒപ്പും മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. മറ്റു ഭാഗങ്ങൾ എഴുതി പൂർത്തിയാക്കിയിട്ടില്ല. റിസർച്ച് ഓഫീസറുടെ സമർപ്പണത്തിന്റെ അടിസ്ഥാനത്തിൽ ഈ പുസ്തകത്തിന്റെ കമ്പ്യൂട്ടർ ടൈപ്പ് സെറ്റ്, കവർ ഡിസൈനിംഗ് ജോലികൾ ബിയോണ്ട് പബ്ലിക്കേഷൻ എന്ന സ്ഥാപനത്തെ 13.02.2015 ലെ പി.1/350/എ/2015-ാം നമ്പർ ഉത്തരവ് പ്രകാരം ഏൽപിച്ചു. ഡി.റ്റി.പി സ്ഥാപനവുമായി എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടില്ല. പകരം 1000/- രൂപയുടെ ഡെപ്പോസിറ്റ് സ്വീകരിച്ചതിനുശേഷമാണ് കരാർ ജോലികൾ നൽകുന്നത്. വ്യക്തമായ എഗ്രിമെന്റിൽ ഏർപ്പെടാതെ ഇത്തരം ജോലികൾ ഏൽപിക്കുന്നത് ശരിയായ നടപടിയല്ല.

പുസ്തകങ്ങൾ പ്രിന്റ് ചെയ്യുന്നതിന് ഇൻസ്റ്റിറ്റ്യൂട്ടിന് പുസ്തക രൂപകൽപ്പനാ മാർഗ്ഗനിർദ്ദേശമുണ്ട്. ഇൻസ്റ്റിറ്റ്യൂട്ടിന്റെ പി.3119/2014/സിൽ നമ്പർ നടപ്പു ഫയൽ പേജ് നമ്പർ 35 ൽ ആയതിന്റെ പകർപ്പ് ഉൾപ്പെടുത്തിയിട്ടുണ്ട്. അതനുസരിച്ച് ഓരോ പേജിലും മിനിമം 36 വരികളും മാക്സിമം 38 വരികളും ഉണ്ടായിരിക്കേണ്ടതാണ്. ഈ പുസ്തകത്തിന്റെ പേജുകളുടെ ശരാശരി വരികളുടെ

എണ്ണം 28 ആണ്. ഈ പുസ്തകത്തിന്റെ വരികൾക്കിടയിലെ അകലം കൂടിയതും, പോയിന്റ് സൈസ് കൂടിയതുമാണ് ഇതിനു കാരണം. അതിനാൽ 200 ൽ അധികം പേജ് വർദ്ധിച്ചിട്ടുണ്ട്. അതനുസരിച്ച് പുസ്തകത്തിന് 1098 പേജ് വേണ്ടിവന്നു. ¼ ക്രൗൺ സൈസിലാണ് പുസ്തകം പ്രിന്റ് ചെയ്തിട്ടുള്ളത്. പുസ്തകത്തിന് ടൈറ്റിൽ പേജ് 10 എണ്ണവും, ടെക്സ്റ്റ് പേജ് 1090 എണ്ണവും ഉൾപ്പെടുന്നു. ഇതിൽ ബാക്ക് പേജ് 2 എണ്ണം ഒഴിവാക്കി 1098 പേജിനാണ് ഡി.റ്റി.പി ചാർജ് നൽകിയിട്ടുള്ളത്. ക്രൗൺ ടൈപ്പ് പ്രിന്റിംഗിന് ഒരു പേജിന് 26 രൂപയാണ് ഇൻസ്റ്റിറ്റ്യൂട്ട് ഡി.റ്റി.പി ചാർജ്ജായി നൽകുന്നത്.

പുസ്തക രൂപകൽപ്പന മാർഗ്ഗനിർദ്ദേശങ്ങളിൽ നിന്നും വ്യതിചലിച്ച്, ഡയറക്ടറുടെ മുൻകൂർ അനുമതി നേടാതെയുമാണ് പുസ്തകം പ്രിന്റ് ചെയ്തിരിക്കുന്നത്. ഇക്കാര്യം ചൂണ്ടിക്കാട്ടി 13.02.2017 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 1 ന്, ഇത്തരം കാര്യങ്ങളിൽ ഡയറക്ടറുടെ മുൻകൂർ അനുമതി വാങ്ങുന്ന കീഴ്വഴക്കമില്ലെന്നും, അറിയിക്കുക മാത്രമാണ് പതിവെന്നും ഗ്രന്ഥത്തിന്റെ എഡിറ്റർ ബോധിപ്പിച്ചിരിക്കുന്ന മറുപടി സ്വീകരിക്കാവുന്നതല്ല. കാരണം, ഈ പുസ്തകത്തിന്റെ പ്രിന്റിംഗുമായി ബന്ധപ്പെട്ടുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഫയൽ നമ്പർ പി.3119/2014/സിൽ എന്ന ഫയലിൽ നോട്ട് ഫയൽ പേജ് നമ്പർ 18 ൽ ഈ പുസ്തകത്തിന് 200 പേജ് അധികം പ്രിന്റ് ചെയ്തതിനു ഉത്തരവാദി എഡിറ്ററാണെന്നും, എഡിറ്ററോട് വിശദീകരണം ആവശ്യപ്പെടാനും ഡയറക്ടർ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽനിന്നും ഡയറക്ടറെ മുൻകൂട്ടി അറിയിച്ചിരുന്നില്ല എന്നു വ്യക്തമാണ്.

ഋഗ്വേദം - ഗുരുദക്ഷിണാഭാഷ്യം അഷ്ടകം 2,3 എന്നിവ ഡി.റ്റി.പി ചെയ്തതിന്റെ പ്രതിഫലം ആവശ്യപ്പെട്ടുകൊണ്ട് 22.08.2015 ൽ ബിയോണ്ട്

പബ്ലിക്കേഷൻ പ്രൊപ്രൈറ്റർ നൽകിയ കത്തിൽ അഷ്ടകം 2 ൽ പോയിന്റ്സൈസും അതനുസരിച്ചുള്ള വരികൾക്കിടയിലെ അകലമിടീലും കൂട്ടി എടുത്തത് ഗ്രന്ഥകാരന്റെയും എഡിറ്ററുടെയും നിർദ്ദേശപ്രകാരമാണെന്ന് പറയുന്നുണ്ട്. മൂന്നാം അഷ്ടകത്തിൽ ഡയറക്ടറുടെ നിർദ്ദേശാനുസരണം വരികൾക്കിടയിലെ അകലമിടീൽ കുറച്ച്, പേജ് സെറ്റ് ചെയ്തിട്ടുള്ളതായും പ്രൊപ്രൈറ്റർ കത്തിൽ സൂചിപ്പിക്കുന്നുണ്ട്. അതിനാൽ അഷ്ടകം 3 ൽ ആകെ 884 പേജുകളാണുള്ളത്.

ഈ പുസ്തകം ഡി.റ്റി.പി ചെയ്തതിൽ അനാവശ്യമയി വരികൾക്കിടയിലെ അകലമിടീൽ നൽകിയിട്ടുണ്ടെന്ന് ബോദ്ധ്യപ്പെടുത്താൻ ഡി.റ്റി.പി വിഭാഗം, പുസ്തകത്തിന്റെ 678 -ാം നമ്പർ പേജ് സിൽ ഡി.റ്റി.പി സെക്ഷനിൽ ഡി.റ്റി.പി ചെയ്ത് ബിയോണ്ട് പബ്ലിക്കേഷൻ ചെയ്ത ഡി.റ്റി.പി യുമായി താരതമ്യം ചെയ്തിട്ടുണ്ട്. (നോട്ട് ഫയൽ പേജ് നമ്പർ 10,11) ഔട്ട് സൈഡ് ഡി.റ്റി.പി സെന്ററിൽ ചെയ്ത 678-ാമത്തെ പേജിൽ 30 ലൈനാണ് ഉണ്ടായിരുന്നത്. അതേ പേജ് ഫോണ്ട്, സൈസ് എന്നിവയിൽ മാറ്റം വരുത്താതെ അനാവശ്യ അകലമിടീൽ മാത്രം അഡ്ജസ്റ്റ് ചെയ്തപ്പോൾ വരികളുടെ എണ്ണം ‘35’ ആയി കൂടിയിട്ടുണ്ട്. പുസ്തകരൂപകൽപ്പനാ മാനദണ്ഡം ലംഘിച്ചും, ഡയറക്ടറുടെ നിർദ്ദേശമില്ലാതെയും ഡി.റ്റി.പി ചെയ്തു എന്നത് ഇതിൽ നിന്നും വ്യക്തമാണ്. ക്രൗൺ സൈസ് ഡി.റ്റി.പി യ്ക്ക് പേജൊന്നിന് 26 രൂപയാണ് ഇൻസ്റ്റിറ്റ്യൂട്ട് നൽകിയിട്ടുള്ളത്. ഡി.റ്റി.പി സെന്ററിന് തുക അനുവദിക്കുന്നതിനുമുൻപ് ഡയറക്ടർക്ക് ഇക്കാര്യം ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ അധികം ചെലവായ തുക അനുവദിക്കാതിരിക്കുവാൻ ഡയറക്ടർക്ക് ഉത്തരവിടാമായിരുന്നു. എന്നിട്ടും അർഹമായ തുക അനുവദിയ്ക്കുവാൻ

നോട്ടിൽ രേഖപ്പെടുത്തുകയും തുക മുഴുവൻ അനുവദിയ്ക്കുകയും ചെയ്തു. ആയതിനാൽ അധികം ചെലവായ 200 പേജിന് 5200/- രൂപ (200x26) ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 5. മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിച്ച് പ്രിന്റ് ചെയ്തു നഷ്ടം - 37,095/- രൂപ.

ഋഗേ്വദം ഗുരുദക്ഷിണാഭാഷ്യം അഷ്ടകം - 2 എന്ന പുസ്തകം ഡയറക്ടറുടെ അനുമതിയില്ലാതെയും ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുസ്തക രൂപകൽപ്പനാ മാനദണ്ഡം ലംഘിച്ചും ഡി.റ്റി.പി ചെയ്തതിനാൽ 200 പേജ് അധികം പ്രിന്റ് ചെയ്തിട്ടുണ്ട്. ഡി.റ്റി.പി ചെയ്തതിന്റെ വിശദവിവരങ്ങൾ മുൻഖണ്ഡികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മറ്റത്തിൽ പ്രിന്റേഴ്സ് & പബ്ലിഷേഴ്സ് എന്ന സ്ഥാപനത്തെ 600 കോപ്പി പ്രിന്റ് ചെയ്യുന്നതിന് 24.02.2015 – ലെ പി.1/350-D/15/സിൽ ഉത്തരവുപ്രകാരം ചുമതലപ്പെടുത്തിയിരുന്നു. ഉത്തരവുപ്രകാരം ¼ ക്രൗൺ സൈസിൽ പ്രിന്റ് ചെയ്ത ഈ പുസ്തകത്തിന് ആകെ 1098 പേജുകളുണ്ട്. ഇൻസ്റ്റിറ്റ്യൂട്ടിന്റെ രൂപകൽപ്പനാ മാർഗ്ഗനിർദ്ദേശം പാലിക്കാതെയാണ് ഡി.റ്റി.പി ചെയ്തിട്ടുള്ളതെന്നും ഡയറക്ടർ കണ്ടെത്തിയിട്ടുമുണ്ട്. അപ്രകാരം അധികമായി 200 പേജ് അധികം പ്രിന്റ് ചെയ്യുന്നതിനും ഇടയായി. ഋഗേ്വദം ഗുരു ദക്ഷിണാഭാഷ്യം - അഷ്ടകം-2 ന്റ അധികം പ്രിന്റ് ചെയ്ത 200 പേജിന് ചെലവായ തുക ചുവടെ ചേർക്കുന്നു.

200 പേജ് പ്രിന്റ് ചെയ്യാൻ ആകെ 50 പ്ലേറ്റ് ആവശ്യമുണ്ട്. ( ¼ ക്രൗൺ സൈസ് പുസ്തകം)

| | | |
|---|---|---|
| പ്ലേറ്റ് മേക്കിംഗ് ചാർജ്ജ് (@250/Plate 50x250) | - | 12,500 |
| പ്രിന്റിംഗ് ചാർജ്ജ് | - | 10,000 |

(@200/Plate 200x50)

പേപ്പറിനു ചെലവായ തുക - 14,595

200x60/16/500+2% വേസ്റ്റേജ്

15 ream @973 per ream

**ആകെ** - 37,095

പ്രിന്റിംഗ് ചാർജ്ജ് അനുവദിക്കുന്നതിനുമുൻപ് അധികം തുക ചെലവായിട്ടുള്ള വിവരം ഡയറക്ടർ കണ്ടെത്തിയിരുന്നു. എന്നിട്ടും പ്രസ്സ് ആവശ്യപ്പെട്ട തുക അനുവദിച്ചിട്ടുണ്ട്.

ആയതിനാൽ അധികമായി പ്രിന്റു ചെയ്ത 200 പേജിന് ചെലവായ 37,095/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 6. ഗ്രന്ഥകാരനുമായുള്ള കരാർ തയ്യാറാക്കുന്നതിൽ അലംഭാവം .

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിയ്ക്കാൻ തീരുമാനിച്ചിട്ടുള്ള എല്ലാ പുസ്തകങ്ങൾക്കും ഗ്രന്ഥകർത്താവും കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറും തമ്മിൽ കരാറിൽ ഏർപ്പെടേണ്ടതാണ്. 22.10.2011 ലെ കേരള ഭാഷാ ഡയറക്ടറുടെ ഉത്തരവ് നമ്പർ പി.2186/2011/സിൽ പ്രകാരം കരാറിനു ശേഷമുള്ള തീയതിയിലായിരിക്കണം ഡി.റ്റി.പി കവർ ഡിസൈനിംഗ് / പ്രൂഫ് റീഡിംഗ് എന്നിവയുടെ വർക്ക് ഓർഡർ നൽകേണ്ടത് എന്നു പ്രതിപാദിക്കുന്നുണ്ട്. എന്നാൽ ഡയറക്ടറും ഗ്രന്ഥകാരനും തമ്മിലുള്ള കരാർ പരിശോധിച്ചതിൽ ധാരാളം അപാകതകൾ കണ്ടെത്താൻ കഴിഞ്ഞു. എല്ലാ കരാറിലും ഗ്രന്ഥകാരനും ഡയറക്ടറും ഒപ്പു രേഖപ്പെടുത്തിയിട്ടുണ്ട് എന്നല്ലാതെ മറ്റ് ഭാഗങ്ങളൊന്നും എഴുതി ചേർത്തിട്ടില്ല. ഒരു കരാറിലും സാക്ഷികളുടെ ഒപ്പോ പേരു വിവരമോ രേഖപ്പെടുത്തിയിട്ടില്ല.

ഋഗ്വേദം - ഗുരുദക്ഷിണാഭാഷ്യം അഷ്ടകം 2 മുതൽ അഷ്ടകം 8 വരെ ഈ സാമ്പത്തിക വർഷത്തിലാണ് എഗ്രിമെന്റ് വച്ച് പ്രിന്റു ചെയ്തത്. അഷ്ടകം 3 ന്റെ കരാറിൽ ഒപ്പുമാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

അറിവ് - നിറവ് പരമ്പരയിലെ 2016-17 വർഷം പ്രിന്റു ചെയ്യുന്ന ചില പുസ്തകങ്ങളുടെ കരാർ ഈ സാമ്പത്തിക വർഷം വയ്ക്കുകയും, ഡി.റ്റി.പി ജോലികൾക്ക് ഓരോ സ്ഥാപനങ്ങളെ ഏൽപിച്ചിട്ടുമുണ്ട്. ഓരോ കരാറിലെയും മർമ്മപ്രധാനമായ ഭാഗമാണ് തീയതി രേഖപ്പെടുത്തുക എന്നത്. കരാറിലെ പേജ് നമ്പർ 4,5 എന്നിവയിൽ ഗ്രന്ഥകാരന്റെ പേര്, മേൽവിലാസം, ഒപ്പ്, തീയതി

സാക്ഷികളുടെ ഒപ്പ്, പേര് എന്നിവയും രേഖപ്പെടുത്തണം. എന്നാൽ അറിവ് - നിറവ് പരമ്പരയിലെ താഴെ പറയുന്ന പുസ്തകങ്ങളുടെ കരാറിൽ ഇവയൊന്നും രേഖപ്പെടുത്തിയിട്ടില്ല. പുസ്തകങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

1. വൈദ്യരത്നം പി.എസ് വാര്യർ
2. പൊയ്കയിൽ ശ്രീകുമാര ഗുരുദേവൻ
3. മാധവിക്കുട്ടി
4. വി.പി.ശിവകുമാർ
5. ബർട്രണ്ട് റസ്സൽ
6. കാളിദാസൻ
7. പന്തളം കേരളവർമ്മ
8. ജി.അരവിന്ദൻ
9. ചങ്ങമ്പുഴ കൃഷ്ണപിള്ള
10. കുടമാളൂർ കരുണാകരൻ നായർ
11. മാണിമാധവ ചാക്യാർ
12. ഉണ്ണിയാർച്ച
13. കടത്തനാട് മാധവിയമ്മ
14. മാത്യു എം കുഴിവേലി
15. ശ്രീരാമകൃഷ്ണ പരമഹംസൻ
16. ഭാരവി
17. കോന്നിയൂർ നരേന്ദ്രനാഥ്

ഭാവിയിൽ ഗ്രന്ഥകാരന്മമായി പുസ്തക പ്രസിദ്ധീകരണം സംബന്ധിച്ച് തർക്കങ്ങൾ ഉണ്ടാകാതിരിക്കാൻ ഗ്രന്ഥകാരന്മമായുള്ള കരാർ വ്യക്തമായും, കൃത്യതയോടെയും, പൂർണ്ണമായും എഴുതി തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 7. സ്വകാര്യ പ്രസ്സിലെ പ്രിന്റിംഗ് - നടപടി സ്വീകരിയ്ക്കണം. .

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഈ വർഷം ആകെ 285 പുസ്തകങ്ങളാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. ഇവയിൽ 156 പുതിയ പുസ്തകങ്ങളും, അറിവ് - നിറവ് പരമ്പരയിലെ 55 പുസ്തകങ്ങളും സ്വകാര്യ പ്രസ്സിലാണ് പ്രിന്റ് ചെയ്തിട്ടുള്ളത്. ഇവയ്ക്കുപുറമെ 100 പുസ്തകങ്ങളുടെ കവർ പേജുകൾ, വിജ്ഞാനകൈരളി 12 ലക്കം എന്നിവയും സ്വകാര്യ പ്രസ്സിൽ പ്രിന്റ് ചെയ്തിട്ടുണ്ട്. ആകെ പ്രിന്റ് ചെയ്ത 285 പുസ്തകങ്ങളിൽ 74 എണ്ണം മാത്രമാണ് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വിജ്ഞാനമുദ്രണം പ്രസ്സിൽ അച്ചടിച്ചത്. സ്വകാര്യ പ്രസ്സുകളിൽ അച്ചടിച്ച പുസ്തകങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| M/s സോളാർ ഓഫ് സെറ്റ് പ്രിന്റേഴ്സ് | - | 47 |
| അശ്വനി പ്രിന്റേഴ്സ്, കരമന | - | 26 |
| മറ്റത്തിൽ പ്രിന്റേഴ്സ് | - | 46 |
| സെന്റ് ജോസഫ് പ്രസ്സ് | - | 22 |
| സുജിലി പ്രിന്റേഴ്സ് | - | 13 |
| പൂർണ്ണ പ്രിന്റേഴ്സ് | - | 62 |
| **ആകെ** | - | **156** |

ഇതുകൂടാതെ വൈജ്ഞാനിക ഗ്രന്ഥമായ അറിവ് - നിറവ് പരമ്പരയിലെ പുസ്തകങ്ങളും താഴെപറയും പ്രകാരം സ്വകാര്യ പ്രസ്സിൽ അച്ചടിച്ചിരിക്കുന്നു.

| | | |
|---|---|---|
| മറ്റത്തിൽ പ്രിന്റേഴ്സ് | - | 31 |
| സുജിലി കളർ പ്രിന്റേഴ്സ് | - | 10 |
| സോളാർ ഓഫ് സെറ്റ് പ്രിന്റേഴ്സ് | - | 14 |
| **ആകെ** | **-** | **55** |

ഈ സാമ്പത്തിക വർഷം മുകളിൽ പറഞ്ഞിരിക്കുന്ന അച്ചടികൾക്ക് സ്വകാര്യ പ്രസ്സുകൾക്ക് ആകെ 1,04,60,271/- രൂപ പ്രിന്റിംഗ് ചെലവായി നൽകിയിട്ടുണ്ട്. തുക ഇപ്രകാരമാണ്.

| | | |
|---|---|---|
| M/s സോളാർ ഓഫ് സെറ്റ് പ്രിന്റേഴ്സ് | - | 26,74,942 |
| അശ്വനി പ്രിന്റേഴ്സ് | - | 13,75,864 |
| സെന്റ് ജോസഫ് പ്രസ്സ് | - | 29,20,741 |
| മറ്റത്തിൽ പ്രന്റേഴ്സ് | - | 28,95,081 |
| സുജിലി പ്രിന്റേഴ്സ് | - | 4,19,382 |
| പൂർണ്ണ പ്രിന്റേഴ്സ് | - | 1,74,261 |
| **ആകെ** | - | **1,04,60,271** |

ഓരോ വർഷവും സ്വകാര്യപ്രസ്സിലെ പ്രിന്റിംഗ് ചെലവായി കോടിക്കണക്കിന് രൂപ ചെലവാക്കുന്നുണ്ട്. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ വിജ്ഞാനമുദ്രണം പ്രസ്സിൽ ഇത്രയധികം പുസ്തകങ്ങൾ പ്രിന്റ് ചെയ്യാൻ കഴിയാത്തതിനാലാണ് സ്വകാര്യപ്രസ്സുകളെ ആശ്രയിക്കേണ്ടിവരുന്നത്. വിജ്ഞാനമുദ്രണം പ്രസ് വിപുലീകരിക്കാനും പുസ്തകങ്ങളുടെ പ്രിന്റിംഗ് പൂർണ്ണമായും വിജ്ഞാനമുദ്രണം പ്രസിൽ നടത്താനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 8. <u>പ്രൊഡക്ഷൻ സ്റ്റേറ്റ്മെന്റ് - കുറ്റമറ്റ രീതിയിൽ തയ്യാറാക്കണം..</u>

**(എ)** ഓരോ സാമ്പത്തിക വർഷവും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിയ്ക്കുന്ന പുസ്തകങ്ങൾ, അച്ചടിയ്ക്ക് ചെലവായ തുകയുടെ ഇനം തിരിച്ചുള്ള വിവരം, ആകെ ചെലവ് എന്നിവ വിശദമാക്കുന്ന രേഖയാണ് ബുക്ക് പ്രൊഡക്ഷൻ സ്റ്റേറ്റ്മെന്റ്. ഓഡിറ്റിനു ഹാജരാക്കിയ ബുക്ക് പ്രൊഡക്ഷൻ സ്റ്റേറ്റ്മെന്റിൽ ആകെ 286 പുസ്തകങ്ങൾ പ്രിന്റ് ചെയ്തതായും ആയതിനു 1,57,36,097/- രൂപയുടെ ചെലവുണ്ടായതായും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ക്രമ നമ്പർ 268 ൽ രേഖപ്പെടുത്തിയിട്ടുള്ള സിൽ നമ്പർ 2315/3787 സി.പി.അച്യുതമേനോൻ എന്ന പുസ്തകത്തിന്റെ വിശദാംശങ്ങൾ ആവർത്തിച്ചിട്ടുണ്ട്. 269-ാം ക്രമ നമ്പരിലും ഈ പുസ്തകത്തിന്റെ വിവരങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ പുസ്തകത്തിന്റെ ആകെ പ്രൊഡക്ഷൻ ചെലവ് 20882/- രൂപയാണ്. ഈ പുസ്തകത്തിന്റെ ചെലവ് രണ്ടു തവണ ചേർത്തിരിക്കുന്നു. ആകെ ഈ സാമ്പത്തിക വർഷത്തെ ബുക്ക് പ്രൊഡക്ഷൻ ചെലവ് 1,57,15,215/- രൂപയാണ്. ബുക്ക് പ്രൊഡക്ഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കുമ്പോൾ അപാകതകൾ ഉണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**(ബി) സി.ഡി രജിസ്റ്റർ അപൂർണ്ണം..**

ഡി.റ്റി.പി സെക്ഷനിൽ സൂക്ഷിക്കുന്ന പുസ്തകങ്ങളുടെ പബ്ലിക്കേഷൻ സംബന്ധിച്ച സി.ഡി രജിസ്റ്റർ പൂർണ്ണമല്ല. ഹാജരാക്കിയ രജിസ്റ്റർ സിൽ നമ്പർ 3661 ൽ തുടങ്ങുന്നതാണ്. 2015 മെയ് മാസം മുതലാണ് ഈ രജിസ്റ്റർ ആരംഭിച്ചിരിക്കുന്നത്. രജിസ്റ്ററിൽ പുസ്തകത്തിന്റെ പേര്, ആദ്യ പ്രിന്റിന്റെ സിൽ നമ്പർ, ഇപ്പോഴത്തെ നമ്പർ, കവർ സി.ഡി എന്നീ മൂന്നു കാര്യങ്ങൾ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. സി.ഡി ലഭിച്ച തീയതി, എത്രാമത്തെ പതിപ്പ് എന്നീ

വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. എല്ലാ വിവരങ്ങളും ഉൾപ്പെടുത്തിയതിനുശേഷം ആയത് പരിശോധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

## 9. ഒരേ പുസ്തകങ്ങൾക്ക് രണ്ട് സിൽ നമ്പരുകൾ നൽകിയത് ക്രമ വിരുദ്ധം .

എറണാകുളം പുസ്തക വിൽപ്പനശാലയിൽ ഒരേ പുസ്തകങ്ങൾക്ക് രണ്ട് സിൽ നമ്പരുകൾ നൽകിയിരിക്കുന്നു. പ്രൊഫസ്സർ.ജി.ബാലകൃഷ്ണൻ നായരുടെ "വേദാന്ത ദർശനം ഉപനിഷത സ്വാദ്ധ്യായം ഛാന്ദോഗ്യോപനിഷത് " മൂന്നാം വാല്യം എന്ന പുസ്തകത്തിന്റെ അകത്ത് പേജിൽ സിൽ നമ്പർ 1695 എന്നും പുറത്ത് സിൽ നമ്പർ 1700 എന്നും ശ്രീ.ഇരിഞ്ചയം രവിയുടെ "പ്രായോഗിക വ്യാകരണം" എന്ന പുസ്തകത്തിന്റെ അകത്ത് സിൽ നമ്പർ 1993 എന്നും പുറത്ത് സിൽ നമ്പർ 1893 എന്നുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ബന്ധപ്പെട്ടവരുടെ അശ്രദ്ധയും അനാസ്ഥയുമാണ് ഇത്തരത്തിലുള്ള അപാകതകൾക്ക് കാരണമാകുന്നത്. പുസ്തക പ്രസിദ്ധീകരണ വിഭാഗം മേൽ വിഷയത്തിൽ പ്രത്യേക ജാഗ്രത പാലിക്കേണ്ടതാണ്.

## ഭാഗം - 3

## വിജ്ഞാനകൈരളി

## 10. വിജ്ഞാനകൈരളി - വിജ്ഞാനമുദ്രണം പ്രസ്സിൽ അച്ചടിക്കുന്നില്ല .

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് മുഖപത്രമായ വിജ്ഞാനകൈരളി മാസിക 2015-16 സാമ്പത്തിക വർഷം ആകെ 41800 കോപ്പികളാണ് അച്ചടിച്ചത്. വായനക്കാരെ സർഗാത്മകസാഹിത്യത്തിനപ്പുറമുള്ള വൈജ്ഞാനിക തലത്തിലേക്കു നയിക്കുന്നതിനു വിജ്ഞാനകൈരളി ഏറെ സഹായിക്കുന്നുണ്ട്. ഇൻസ്റ്റിറ്റ്യൂട്ടിന്റെ

യശസ്സ് നിലനിർത്തുന്നതിനുള്ള അനിവാര്യ ഘടകങ്ങളിലൊന്നായ വിജ്ഞാനകൈരളിയുടെ 2015-16 വർഷത്തെ പ്രസിദ്ധീകരണ ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| എഴുത്തുകാരുടെ പ്രതിഫലം | - | 1,55,250/- രൂപ |
| പ്രിന്റിംഗ് ചാർജ് & മെറ്റീരിയൽ കോസ്റ്റ് | - | 8,08,330/- രൂപ |
| ടൈപ്പ് സെറ്റിഗ്, കവർ ഡിസൈനിംഗ് & ലേ ഔട്ട് | - | 71,760/- രൂപ |
| **ആകെ** | - | **10,35,340/- രൂപ** |

വിജ്ഞാനകൈരളിയുടെ ഒറ്റ പ്രതിക്ക് 2015-16 സാമ്പത്തിക വർഷത്തിൽ 15/- രൂപയാണ് ഈടാക്കിയിട്ടുള്ളത്. എന്നാൽ ഒറ്റ പ്രതിയുടെ ഉത്പാദന ചെലവ് 24.76/- രൂപയാണ്. 2015-16 സാമ്പത്തിക വർഷം വിൽപ്പനയിലൂടെ ലഭ്യമാകാവുന്ന ഏറ്റവും കൂടിയ തുക 6,27,000/- രൂപ (41800x15). അതായത് പ്രസ്തുത വർഷം 4,08,340/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. സ്റ്റേറ്റ് പ്രൊമോട്ടർക്ക് 40% ഡിസ്കൗണ്ട് അനുവദിച്ചാണ് വിജ്ഞാനകൈരളി നൽകുന്നത്. കൂടാതെ മുൻ വർഷങ്ങളിൽ 1000/- രൂപ അടച്ച് ആജീവനാന്ത വരിക്കാരായവർക്കും വിജ്ഞാനകൈരളി അയച്ചുകൊടുക്കുന്നുണ്ട്. തപാൽ ചെലവ് ഉൾപ്പെടെയുള്ള ചെലവ് കണക്കാക്കിയാൽ നഷ്ടത്തുക ഇതിലും കൂടുതലാണ്. ഓരോ വർഷവും ഇൻസ്റ്റിറ്റ്യൂട്ടിന് കൂടുതൽ സാമ്പത്തിക നഷ്ടമുണ്ടാക്കുന്നതിന് ഇത് ഇടയാക്കുന്നു.

മുൻ വർഷങ്ങളിൽ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള വിജ്ഞാനമുദ്രണം പ്രസ്സിലാണ് വിജ്ഞാനകൈരളി പ്രിന്റ് ചെയ്തിരുന്നത്. കവർ പേജ് മാത്രമാണ് പുറമെനിന്നും പ്രിന്റ് ചെയ്തിരുന്നത്. എന്നാൽ 2015-16 സാമ്പത്തിക വർഷം സ്വകാര്യ പ്രസ്സിൽ നിന്നുമാണ് എല്ലാ മാസികകളും പ്രിന്റ് ചെയ്തത്.

2015-16 ൽ 34,99,111/- രൂപ ചെലവിൽ HMT Single Colour Sheet fed offset printing machine വാങ്ങിയിട്ടുണ്ട്. പ്രസ്തുത മെഷീനിൽ കളർ ചിത്രങ്ങൾ പ്രിന്റ് ചെയ്യുക എന്നത് പ്രിന്റർമാർക്ക് ജോലിഭാരം കൂട്ടുന്ന വസ്തുതയാണ്. കളർ ചിത്രങ്ങൾ ഉൾപ്പെടെയുള്ളവ വിജ്ഞാനമുദ്രണം പ്രസിൽ പ്രിന്റ് ചെയ്യണമെന്ന ഉദ്ദേശ്യം ഉണ്ടായിരുന്നെങ്കിൽ മൾട്ടി കളർ ഷീറ്റ് പ്രിന്റിംഗ് മെഷീൻ വാങ്ങുമായിരുന്നു. പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങൾ, മാസികകൾ, ഇവയ്ക്ക് ഉപയോഗിക്കുന്ന പേപ്പർ, ചിത്രങ്ങൾ ഇവ വിലയിരുത്തി പ്രിന്റ് ചെയ്യാൻ കഴിയുന്ന തരത്തിലുള്ള മെഷീൻ വാങ്ങുന്നതിൽ ബന്ധപ്പെട്ടവർ വേണ്ട പ്രാധാന്യം നൽകിയിട്ടില്ല. സിംഗിൾ കളർ ഷീറ്റ് മാത്രം ഉപയോഗിക്കുന്ന തരത്തിലുള്ള മെഷീൻ ആയതിനാൽ നിലവിൽ കളർ പ്രിന്റിംഗിനായി പ്രസ്തുത മെഷീൻ ഉപയോഗിക്കുന്നുമില്ല. അതായത് പ്രസ്തുത മെഷീൻ വാങ്ങിയതുകൊണ്ട് പ്രിന്റിംഗിൽ പുരോഗതിയൊന്നും ഉണ്ടായിട്ടില്ല.

ഇൻസ്റ്റിറ്റ്യൂട്ടിന് സാമ്പത്തിക നഷ്ടം ഉണ്ടാകാത്ത തരത്തിൽ മാസിക പ്രസിദ്ധീകരിക്കുന്നതിന് ഊർജ്ജിതമായ ശ്രമം നടത്തേണ്ടതാണ്.

## 11. വിജ്ഞാനകൈരളി - തുക ഒടുക്കിയതിൽ 1335/- രൂപ കുറവ്.

(എ) 2015 ഒക്ടോബർ മാസത്തെ വിജ്ഞാനകൈരളി മാസികയുടെ 1565 കോപ്പികൾ പ്രൊമോട്ടർ ശ്രീ.മടന്തക്കോട് രാധാകൃഷ്ണന് നൽകിയിട്ടുണ്ട്. ഇതിൽ 1476 കോപ്പികളുടെ തുക മാത്രമാണ് ടിയാൻ ഇൻസ്റ്റിറ്റ്യൂട്ടിൽ അടച്ചിട്ടുള്ളത്. ആയതിനാൽ ബാക്കി 89 കോപ്പിയുടെ തുകയായ 89x15 = 1335/- രൂപ ശ്രീ.മടന്തക്കോട് രാധാകൃഷ്ണനിൽ നിന്നോ അല്ലാത്തപക്ഷം സെക്ഷൻ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

11 (ബി) വിജ്ഞാനകൈരളിയുടെ വിതരണ രജിസ്റ്റർ പ്രകാരം 2015 ഏപ്രിൽ മുതൽ 2015 ജൂലൈ വരെ പോസ്റ്റൽ വഴി വരിക്കാർക്ക് അയച്ച മാസികയുടെ എണ്ണം 5200 ആണ്. എന്നാൽ പോസ്റ്റ് ഓഫീസിൽ നിന്നുള്ള രേഖകൾ പ്രകാരം പ്രസ്തുത 4 മാസങ്ങളിലായി 4300 മാസികകളാണ് അയച്ചിട്ടുള്ളത്. ഇതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ.6) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ എണ്ണത്തിൽ വ്യത്യാസം വന്ന 900 മാസികകളുടെ വിലയായ 13500/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 12. വിജ്ഞാനകൈരളി - രജിസ്റ്ററുകൾ ശരിയായി പരിപാലിച്ചിട്ടില്ല. .

2015-16 വർഷത്തിൽ അച്ചടിച്ച് വിൽപ്പന നടത്തിയ വിജ്ഞാനകൈരളി മാസികയെ സംബന്ധിക്കുന്ന രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കുന്നില്ല. ശ്രദ്ധയിൽപ്പെട്ട ചില അപാകതകൾ ചുവടെ ചേർക്കുന്നു.

1. വിജ്ഞാനകൈരളി വരവിനത്തിൽ ലഭ്യമായ എല്ലാ തുകകളും രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വിൽപ്പന കേന്ദ്രങ്ങളിൽ നിന്നും ഈയിനത്തിൽ ലഭ്യമായ തുകകൾ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. വിജ്ഞാനകൈരളി വിതരണ രജിസ്റ്റർ അപൂർണമാണ്. രജിസ്റ്ററിലെ രേഖപ്പെടുത്തലുകളും, പോസ്റ്റൽ വഴി വരിക്കാർക്ക് അയച്ച കോപ്പികളുടെ എണ്ണവും പൊരുത്തപ്പെടുന്നില്ല.

3. വിതരണ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ സെക്ഷൻ ക്ലാർക്കോ, മേലുദ്യോഗസ്ഥരോ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4. വിജ്ഞാനകൈരളി വരവിനത്തിൽ 2015-16 ൽ ആകെ തുക സംബന്ധിക്കുന്ന വിവരം രജിസ്റ്ററുകളിൽ നിന്നും ലഭ്യമല്ല. ഓഡിറ്റിനു സമർപ്പിച്ച വാർഷിക ധനകാര്യ പത്രിക പ്രകാരം 2,34,675/- രൂപയാണ് (Subscription to Periodicals) ഈയിനത്തിലെ വരവായി രേഖപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത തുകയുടെ ആധികാരികത പരിശോധിക്കുന്നതിനാവശ്യമായ രേഖകളും ഹാജരാക്കിയിട്ടില്ല.

വാർഷിക വരിസംഖ്യ അടയ്ക്കുന്ന ഉപഭോക്താക്കളുടെ സബ്സ്ക്രിപ്ഷൻ കാലാവധി അവസാനിക്കുന്നതു സംബന്ധിച്ച വിവരങ്ങൾ കൃത്യമായി

മനസ്സിലാക്കുന്നതിനും ആയതിനനുസൃതമായി വിജ്ഞാനകൈരളി മാസിക അയച്ചുകൊടുക്കുന്നതിനും ആവശ്യമായ ക്രമീകരണം ചെയ്യേണ്ടതാണ്.

## 13. <u>വിജ്ഞാനകൈരളി - രസീത് വരവ് ഒടുക്കു വരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. .</u>

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുസ്തകശാലകളിൽ വിൽക്കുന്ന വിജ്ഞാനകൈരളി മാസികകൾക്ക് രസീതു നൽകുന്നില്ല. പുസ്തക വിൽപ്പനയ്ക്ക് കമ്പ്യൂട്ടർ പ്രിന്റ് രസീത് നൽകുന്നുണ്ട്. എന്നാൽ വിജ്ഞാനകൈരളിയ്ക്ക് കമ്പ്യൂട്ടർ രസീതിൽ ഓപ്ഷൻ നൽകിയിട്ടില്ല. വിജ്ഞാനകൈരളി മാസികയ്ക്ക് ലഭിക്കുന്ന തുകകൾ ഇൻസ്റ്റിറ്റ്യൂട്ട് അക്കൗണ്ടിലേയ്ക്ക് ഒടുക്കുവരുത്തുന്നതിനും നിർദ്ദേശം നൽകിയിട്ടില്ല. വിൽപ്പനശാലയിൽ ഈയിനത്തിൽ ലഭിക്കുന്ന തുക തിരുവനന്തപുരം ആസ്ഥാന ഓഫീസിലെ ഒരു ജീവനക്കാരന്റെ വ്യക്തിഗത അക്കൗണ്ടിലേയ്ക്ക് അയയ്ക്കുകയും ജീവനക്കാരൻ തുക ഇൻസ്റ്റിറ്റ്യൂട്ടിൽ അടച്ച് രസീത് അയച്ചു കൊടുക്കുന്നതായും ഓഡിറ്റിന് ബോദ്ധ്യപ്പെട്ടു. ഇൻസ്റ്റിറ്റ്യൂട്ടിന്റെ വരവിനത്തിലെ തുക ഇപ്രകാരം ജീവനക്കാരുടെ അക്കൗണ്ട് വഴി അടയ്ക്കുന്നത് ശരിയായ പ്രവണതയല്ല. ആയതിനാൽ വിജ്ഞാനകൈരളി മാസികകൾക്കു ലഭിക്കുന്ന തുകകൾ യഥാവിധി അക്കൗണ്ട് ചെയ്യപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിൽപ്പനശാലകളിൽ സ്വീകരിക്കുന്ന ഏതൊരു തുകയ്ക്കും കൃത്യമായി രസീത് നൽകുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്.

## 14. <u>വിജ്ഞാന കൈരളി - കണ്ണൂർ</u>

വിജ്ഞാന കൈരളി മാസിക കണ്ണൂർ വിൽപ്പനശാലയിൽ ഏപ്രിൽ 2015, ഡിസംബർ 2015, ജനുവരി 2016, ഫെബ്രുവരി 2016, മാർച്ച് 2016 എന്നീ മാസങ്ങളിൽ ലഭിച്ചിട്ടില്ല. സാമ്പത്തിക വർഷത്തെ മറ്റ് മാസങ്ങളിൽ ഓഗസ്റ്റ് 2015 വരെ 50 കോപ്പികൾ വീതവും അതിന് ശേഷം 25 കോപ്പികൾ വീതവുമാണ് ലഭിച്ചിട്ടുള്ളത്. എന്നാൽ ഒന്നും രണ്ടും കോപ്പികൾ വീതമാണ് ഓരോ മാസവും വില്ക്കപ്പെടുന്നത്. മറ്റുള്ളവ ഉപയോഗരഹിതമായി കിടക്കുന്നു. തൻവർഷം ആകെ 20 കോപ്പികൾ വിറ്റതിൽ ഈയിനത്തിൽ 265/- രൂപ ലഭിച്ചിട്ടുണ്ട്.

## ഭാഗം - 4

## പൊതു പരാമർശങ്ങൾ

### 15. അധികം നൽകിയ ശമ്പളം തിരികെ ഈടാക്കേണ്ടതാണ്.

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ 26.02.2014 ലെ ഇ 1/58/2013/സിൽ നമ്പർ ഉത്തരവ് പ്രകാരം കുമാരി അഞ്ജു എസ് വിൽഫ്രഡിനെ ബയന്റർ കെ അറ്റൻഡറായി 9000/- രൂപ വേതനം നിശ്ചയിച്ച് 06.03.2014 മുതൽ ഒരു വർഷത്തേയ്ക്ക് കരാറടിസ്ഥാനത്തിൽ നിയമിക്കുകയുണ്ടായി. തുടർന്ന് 2015 ലും 2016 ലും കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. 26.02.2016 ലെ ജി.ഒ(പി)28/2016/ഫിൻ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കരാർ ജീവനക്കാരുടെ വേതനം പരിഷ്കരിച്ച് ഉത്തരവായത് പ്രകാരം ടിയാളുടെ വേതനം 18900/- രൂപയായി വർദ്ധിപ്പിക്കുകയുണ്ടായി. എന്നാൽ ബയന്റർ കം അറ്റൻഡർ തസ്തിക, മേൽ സർക്കാർ ഉത്തരവിലെ ഒരു കാറ്റഗറിയിലും ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഇക്കാര്യത്തിൽ സർക്കാർ ലഭ്യമാക്കിയ സ്പഷ്ടീകരണ പ്രകാരം മേൽ തസ്തിക കാറ്റഗറി ഒന്നിൽ ഉൾപ്പെടുത്തി 16500/- രൂപ

വേതനമായി അനുവദിക്കാവുന്നതാണെന്ന് 15.02.2017 ലെ 115/സി1/16/സാംസ്കാരിക വകുപ്പ് കത്ത് പ്രകാരം ഉത്തരവായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ 01.04.2016 മുതൽ 04.03.2017 വരെ കുമാരി അഞ്ജു എസ് വിൽഫ്രഡിന് വേതനം ഇനത്തിൽ അധികം നൽകിയ 26710/- രൂപ തിരികെ ഈടാക്കുന്നതിനായി കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ 26.04.2017 ൽ ഇ 1/58/2013 സിൽ നമ്പർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഉത്തരവ് അനുസരിച്ച് അധികം നൽകിയ തുക എത്രയും വേഗം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 16. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുസ്തകം സൗജന്യ വായനക്കായി ഇ-ബുക്സിൽ ലഭിക്കുന്നു - വിശദമായ അന്വേഷണം ആവശ്യം.

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് അച്ചടിച്ച് പ്രസിദ്ധീകരിയ്ക്കുന്ന, ഇപ്പോൾ വിൽപ്പനയിലുള്ള സി.കെ.കരുണാകരന്റെ " കേരളത്തിലെ വനസമ്പത്ത് " (സിൽ നമ്പർ.2022 – അഞ്ചാം പതിപ്പ്) എന്ന പുസ്തകം മാതൃഭൂമിയുടെ ഇ-ബുക്ക് സൈറ്റിൽ സൗജന്യ വായനയ്ക്കായി ലഭിക്കുന്നുണ്ട്. 1983 – ൽ പ്രസിദ്ധീകരിച്ച ഒന്നാം പതിപ്പാണ് ഇ-ബുക്ക്സിൽ ലഭിക്കുന്നത്. പുസ്തകത്തിന്റെ പേജുകളിൽ മാതൃഭൂമിയുടെയും കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെയും ഔദ്യോഗിക മുദ്രകളുണ്ട്.

ഈ പുസ്തകത്തിന്റെ പകർപ്പവകാശം കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനാണ്. ടി പുസ്തകം ഇ-ബുക്കായി പ്രസിദ്ധീകരിയ്ക്കാൻ അനുവാദം നൽകിയിട്ടില്ല എന്നാണ് ഓഡിറ്റ് എൻക്വയറി നമ്പർ 7 നുള്ള മറുപടിയിൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് വ്യക്തമാക്കിയിരിക്കുന്നത്.

2013 ഓഗസ്റ്റ് മുതൽ ഇ-ബുക്കായി ടി പുസ്തകം സൈറ്റിൽ ലഭിക്കുന്നത് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തേണ്ടതാണ്. മേൽ വിഷയം ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് അധികൃതരെ ഓഡിറ്റ് അറിയിച്ചതിനെത്തുടർന്ന് ഇപ്പോൾ (05.05.2017) സൈറ്റിൽ നിന്നും പ്രസ്തുത പുസ്തകം പിൻവലിച്ചിട്ടുണ്ടെങ്കിലും, ഇൻസ്റ്റിറ്റ്യൂട്ടിന് പകർപ്പവകാശമുള്ള പുസ്തകം അനുമതിയില്ലാതെ ഇ-ബുക്കായി പ്രസിദ്ധീകരിച്ചതിന് നിയമപരമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. എങ്കിൽ മാത്രമേ ഭാവിയിൽ ഇത്തരം പകർപ്പവകാശ ലംഘനങ്ങൾ ആവർത്തിക്കാതിരിക്കുകയുള്ളൂവെന്ന വിവരവും ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 17. സംസ്കാര 3490/- രൂപയുടെ പുസ്തകങ്ങൾ സ്റ്റോക്കിൽ കുറവ്.

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുസ്തക വിൽപ്പനശാലയായ സംസ്കാരയുടെ 2015-16 വർഷത്തെ സ്റ്റോക്ക് വെരിഫിക്കേഷൻ റിപ്പോർട്ട്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ 54 പുസ്തകങ്ങൾ കുറവുള്ളതായി ബോദ്ധ്യപ്പെട്ടു. നഷ്ടപ്പെട്ട 54 പുസ്തകങ്ങളുടെ വിലയായ 3490/- രൂപ ഷോപ്പ് മാനേജരിൽ നിന്നും ഈടാക്കേണ്ടതാണ്. സ്റ്റോക്കിൽ കുറവു കണ്ടെത്തിയ പുസ്തകങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സിൽ നമ്പർ | പുസ്തകത്തിന്റെ പേര് | സ്റ്റോക്ക് രജിസ്റ്റർ പ്രകാരം നീക്കിയിരിപ്പ് | വെരിഫിക്കേഷൻ റിപ്പോർട്ട് പ്രകാരം നീക്കിയിരിപ്പ് | കുറവു വന്ന പുസ്തകങ്ങളുടെ എണ്ണം / തുക |
|---|---|---|---|---|---|
| 1. | 2493 | പനമ്പള്ളി ഗോവിന്ദമേനോൻ | 16 | 15 | 1@40=40 |
| 2. | 2672 | ചിത്രകല ഒരു | 2 | 1 | 1@90=90 |

| | | | | | |
|---|---|---|---|---|---|
| | | സാങ്കേതികപഠനം | | | |
| 3. | 2685 | ജൈവസാങ്കേതികതയും ഇളനീർ ഗ്രാമവും | 3 | 2 | 1@60=60 |
| 4. | 2837 | നീരിന്റെ നേരറിവുകൾ | 14 | 13 | 1@60=60 |
| 5. | 2915 | മലയാളം ക്ലാസിക് ഭാഷ പഴക്കവും വ്യക്തിത്വവും | 2 | 1 | 1@60=60 |
| 6. | 2939 | കേരളത്തിലെ ചുവർചിത്രങ്ങൾ | 2 | 0 | 2@100=200 |
| 7. | 2945 | ഔഷധസസ്യങ്ങൾ | 5 | 4 | 1@180=180 |
| 8. | 2975 | ആര്യഭടീയം | 6 | 4 | 2@180=360 |
| 9. | 3014 | രാജീവ് ഗാന്ധി | 34 | 7 | 27@40=1080 |
| 10. | 3166 | കൊച്ചിയും പൈതൃക സ്മാരകങ്ങളും | 3 | 2 | 1@80=80 |
| 11. | 3239 | കർണ്ണരോഗങ്ങൾ | 47 | 46 | 1@80=80 |
| 12. | 3277 | ജീവിതശൈലീ രോഗങ്ങൾ | 14 | 13 | 1@80=80 |
| 13. | 3339 | കൗമാര ആരോഗ്യം | 7 | 6 | 1@90=90 |
| 14. | 3391 | കേരളോൽപ്പത്തി | 16 | 13 | 3@50=150 |
| 15. | 3463 | ഭക്ഷ്യവിഷബാധ കാരണങ്ങളും പ്രതിരോധങ്ങളും | 2 | 1 | 1@70=70 |
| 16. | 3521 | പണ്ടത്തെ മലയാളക്കര | 17 | 16 | 1@40=40 |
| 17. | 3523 | ആദിവാസികളുടെ ലോകം വനവാസികൾ | 9 | 8 | 1@140=140 |
| 18. | 3532 | കൃഷിദീപിക വാല്യം 2 | 9 | 8 | 1@250=250 |
| 19. | 3533 | മാലിന്യസംസ്കരണവും കാലാവസ്ഥാ വ്യതിയാനവും | 3 | 0 | 3@50=150 |
| 20. | 3550 | മറവിയും മാനസിക സമ്മർദ്ദവും | 15 | 13 | 2@50=100 |
| 21 | 3555 | നദീവിജ്ഞാനീയം | 5 | 4 | 1@130=130 |
| | | | | | **54 / 3490** |

## 18. സ്റ്റോക്ക് വെരിഫിക്കേഷനിൽ കുറവ് വന്ന പുസ്തകങ്ങളുടെ വില 4465/- രൂപ ഈടാക്കേണ്ടതാണ്.

2015-16 സാമ്പത്തിക വർഷത്തെ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ മെയിൻ ഗോഡൗണിലെ സ്റ്റോക്ക് വെരിഫിക്കേഷൻ റിപ്പോർട്ട് പ്രകാരം ആകെ 2585/- രൂപ മുഖവിലയുള്ള 35 പുസ്തകങ്ങളും മിനി ഗോഡൗൺ സ്റ്റോക്ക് വെരിഫിക്കേഷൻ പത്രിക പ്രകാരം ആകെ 1880/- രൂപ മുഖവിലയുള്ള 24 പുസ്തകങ്ങളും സ്റ്റോക്കിൽ കുറവു വന്നിട്ടുണ്ട്. രണ്ട് ഗോഡൗണിലെയും സ്റ്റോക്കിൽ കുറവു വന്ന പുസ്തകങ്ങളുടെ വിലയായ 4465/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കി ഇൻസ്റ്റിറ്റ്യൂട്ട് ഫണ്ടിൽ ഒടുക്കു വരുത്തേണ്ടതാണ്. സ്റ്റോക്കിൽ കുറവ് കണ്ടെത്തിയ പുസ്തകങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

### മിനിഗോഡൗൺ

| സിൽ നമ്പർ | പുസ്തകത്തിന്റെ പേര് | എണ്ണം (സ്റ്റോക്ക് രജിസ്റ്റർ പ്രകാരം) | എണ്ണം (സ്റ്റോക്ക് വെരിഫിക്കേഷൻ രജിസ്റ്റർ പ്രകാരം) | കുറവായ പുസ്തകങ്ങളുടെ എണ്ണം | വില |
|---|---|---|---|---|---|
| 1697 | ഗവ.ഘടകങ്ങൾ | 5 | 3 | 2 | 80 |
| 1817 | പൂന്താനവും ഭക്തിപ്രസ്ഥാനവും | 52 | 50 | 2 | 80 |
| 2585 | പ്രകൃതിയുടെ നിത്യഹരിത വിപ്ലവം | 11 | 10 | 1 | 55 |
| 2729 | മണ്ണിലെ നിധി | 9 | 8 | 1 | 75 |
| 2929 | കണഭൗതികവും ദൈവകണവും | 45 | 44 | 1 | 60 |
| 2946 | പഞ്ചായത്ത് രാജ് നിയമവും ഭരണവും | 2 | 0 | 2 | 180 |

| | | | | | |
|---|---|---|---|---|---|
| 2977 | ഹരിതഗൃഹത്തിന്റെ തച്ചുശാസ്ത്രം | 1 | 0 | 1 | 90 |
| 3050 | ലോകവ്യാപാര സംഘടനയും ലോകരാജ്യങ്ങളും | 26 | 25 | 1 | 85 |
| 3079 | കാർഷിക പമ്പ്സെറ്റുകൾ | 6 | 5 | 1 | 90 |
| 3210 | ബിസിനസ് മാനേജ്മെന്റ് | 5 | 3 | 2 | 300 |
| 3238 | നട്ടെല്ല് | 26 | 25 | 1 | 80 |
| 3468 | സസ്യരോഗ നിർണ്ണയം | 1 | 0 | 1 | 80 |
| 3527 | മനുഷ്യൻ ഉത്ഭവവും പരിണാമവും | 7 | 5 | 2 | 260 |
| 3555 | നദിവിജ്ഞാനീയം | 8 | 7 | 1 | 130 |
| 3687 | അനന്തപുരവർണനം പാഠവും പഠനവും (2 -ാം പതിപ്പ്) | 26 | 25 | 1 | 80 |
| 3847 | വേലുത്തമ്പി ദളവ | 37 | 35 | 2 | 80 |
| 10046 | ഡോ.അംബേദ്കർ സമ്പൂർണ്ണകൃതികൾ (Vol.XVII) | 16 | 15 | 1 | 25 |
| 15045 | സിനിമയും പ്രത്യയശാസ്ത്രവും | 10 | 9 | 1 | 50 |
| | | | | **24** | **1880** |

**19. ഐ.എ.എസ്. പ്രൊബേഷണർ ആദ്യഘട്ട മലയാള പരിശീലനത്തിന് 5000/- രൂപ മുൻകൂർ അനുവദിച്ചത് ക്രമവിരുദ്ധം .**

ഗവ.ഉത്തരവ് ജി.ഒ(ആർ.റ്റി) നമ്പർ 4258/2015 ജി.എ.ഡി തീയതി 09.06.2015 പ്രകാരം 08.07.2015 മുതൽ 28.07.2015 വരെയുള്ള കാലയളവിൽ ഐ.എ.എസ് പ്രൊബേഷണർക്ക് ആദ്യഘട്ട മലയാള പരിശീലനം നൽകുന്നതിന് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ റിസർച്ച് ഓഫീസറായ ഡോ.രവിശങ്കർ എസ് നായരെ പാർട്ട് ടൈം അധ്യാപകനായി നിയമിച്ച് ഉത്തരവായി. ഈ പരിശീലനം ഐ.എം.ജി യുടെ നേതൃത്വത്തിലാണ് സംഘടിപ്പിച്ചത്. അധ്യാപനത്തിനുള്ള പ്രതിഫലം സർക്കാർ നിശ്ചയിക്കുന്ന രീതിയിലായിരിക്കുമെന്ന് ഗവ.ഉത്തരവിൽ തന്നെ പറയുന്നുണ്ട്. ഈ കോഴ്സിന്റെ ആവശ്യത്തിനായി വൗച്ചർ നമ്പർ 563/16.07.2015, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ ഉത്തരവ് നമ്പർ ഇ 1/1480/13/സിൽ തീയതി 08.07.2015 പ്രകാരം ശ്രീ.അനീഷ് കൃഷ്ണ യു.ഡി കോപ്പിഹോൾഡറുടെ പേരിൽ 5000/- രൂപ മുൻകൂർ അനുവദിച്ചു. കോഴ്സ് കഴിഞ്ഞാലുടൻ സർക്കാരിൽ നിന്ന് ഈ തുക റീഇംബേഴ്സ് ചെയ്തത് വാങ്ങേണ്ടതാണെന്നും ഉത്തരവിൽ സൂചിപ്പിക്കുന്നുണ്ട്. സർക്കാർ നിർദ്ദേശാനുസരണമുള്ള പരിശീലന പരിപാടികൾക്കെല്ലാം ആവശ്യമായ പ്രതിഫലം സർക്കാർ തന്നെ വഹിക്കുമെന്നിരിക്കെ ഇൻസ്റ്റിറ്റ്യൂട്ട് ഫണ്ടിൽ നിന്ന് മുൻകൂർ അനുവദിച്ചത് ക്രമവിരുദ്ധമാണ്. കൂടാതെ 08.07.15 ൽ ശ്രീ.അനീഷ് കൃഷ്ണ കൈപ്പറ്റിയ 5000/- രൂപയുടെ ചെലവ് ക്രമീകരിച്ചത് തന്നെ 26.04.2016 ലാണ്. ഭാവിയിൽ ഇത്തരത്തിലുള്ള ഫണ്ട് വിനിയോഗം ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 20. നിയമനം പി.എസ്.സി യ്ക്ക് വിടാത്തത് സർക്കാർ ഉത്തരവിന് വിരുദ്ധം :

18.08.1999 ലെ സർക്കാർ ഉത്തരവ് ജി.ഒ(പി) നമ്പർ 35/99/സി.എ.ഡി പ്രകാരം ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ എല്ലാ നിയമനങ്ങളും പി.എസ്.സി യ്ക്ക് വിട്ടു കൊണ്ട് ഉത്തരവായിരുന്നു. കൂടാതെ ഹൈക്കോടതിയുടെ 21.11.2000 ലെ ഒ.പി നമ്പർ 32287/2000 എന്ന കേസിന്റെ വിധി ന്യായത്തിലും ഈ സ്ഥാപനത്തിലെ ഒഴിവുകളും നേരിട്ടുള്ള നിയമനത്തിന് പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യണമെന്നും അടിയന്തിര സാഹചര്യമുണ്ടെങ്കിൽ 179 ദിവസത്തേയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്തണമെന്നും നിഷ്കർഷിച്ചിരുന്നു. എന്നാൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ പ്രസിദ്ധീകരണ വിഭാഗത്തിലും വി.എം.പി പ്രസ്സിലുമായി 2015-16 സാമ്പത്തിക വർഷത്തിൽ, 24 കരാർ ജീവനക്കാരും ദിവസ വേതനാടിസ്ഥാനത്തിൽ നിയമിതരായ 11 ജീവനക്കാരും ജോലി ചെയ്തു വരുന്നു. സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്നതനുസരിച്ച് ഒഴിവുള്ള എല്ലാ തസ്തികകളും പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്ത് നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 21. സൗജന്യ പുസ്തക വിതരണം - മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നില്ല .

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്ന എല്ലാ പുസ്തകങ്ങളുടെയും 100 കോപ്പികൾ കോംപ്ലിമെന്ററി കോപ്പിയായി അച്ചടിക്കാറുണ്ട്. സാധാരണയായി പുസ്തക പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട വ്യക്തികൾക്കാണ് ഇവ വിതരണം ചെയ്യുന്നത്. 100 കോപ്പികൾ സൗജന്യമായി നൽകാം എന്നതല്ലാതെ മറ്റൊരു മാനദണ്ഡങ്ങളും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഇതിനായി നിശ്ചയിച്ചിട്ടില്ല. എന്നാൽ

നാളിതുവരെയായി ഒരോ പുസ്തകത്തിൽ നിന്നും എത്ര കോപ്പികൾ സൗജന്യമായി നൽകി എന്നതു സംബന്ധിച്ച യാതൊരു രേഖയും സൂക്ഷിച്ചിട്ടുമില്ല. പുസ്തകം വ്യക്തികൾ ആവശ്യപ്പെടുത്തതനുസരിച്ച് മേലധികാരികളുടെ അനുവാദത്തോടെ മിനി ഗോഡൗണിൽ നിന്നും നൽകുന്നു. പ്രസിദ്ധീകരണ വിഭാഗവുമായി ബന്ധമില്ലാത്ത ജീവനക്കാർക്കും പുസ്തകം സൗജന്യമായി നൽകുന്നു. പുസ്തകം ആർക്കു കൊടുത്തു എന്നതിലുപരി 100 ൽ കൂടുതൽ കോപ്പി നൽകിയിട്ടുണ്ടോ എന്ന് പരിശോധിക്കുക പോലും ചെയ്യാതെ പുസ്തകങ്ങൾ വിതരണം ചെയ്തിരിക്കുകയാണ്. 2015-16 ൽ പ്രസ്തുത വർഷം പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ മാത്രമല്ല, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് രൂപീകൃതമായ കാലഘട്ടം മുതൽ നാളിതുവരെയായി പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ നൽകിയിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| **രസീത് നമ്പർ** | **വിതരണം ചെയ്ത പുസ്തകങ്ങളുടെ വിശദാംശം** |
|---|---|
| 3934/15<br>22.05.2015 | സിൽ നമ്പർ 1315 മുതൽ തുടങ്ങി 60 പുസ്തകങ്ങൾ |
| 3842/15<br>04.04.2015 | സിൽ നമ്പർ 2572 മുതൽ തുടങ്ങി 95 പുസ്തകങ്ങൾ |

വർഷങ്ങൾക്കു മുൻപ് പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ ഇപ്പോഴും സൗജന്യമായി നൽകുന്നു എന്നതിന്റെ ചില ഉദാഹരണങ്ങൾ മാത്രമാണ് മേൽ കാണിച്ചിട്ടുള്ളത്.

| **രസീത് നമ്പർ** | **പുസ്തകങ്ങളുടെ എണ്ണം** | **മുഖവില** |
|---|---|---|
| 3999/15<br>06.07.2015 | 168 | 17810 |
| 4014/15 | 202 | 21910 |

| | | |
|---|---|---|
| 10.07.2015 | | |
| 4015/15<br>10.07.2015 | 169 | 17920 |
| 4016/15<br>10.07.2015 | 200 | 20770 |
| 4017/15<br>10.07.2015 | 199 | 21290 |
| 4018/15<br>10.07.2015 | 202 | 21940 |

സൗജന്യ പുസ്തക വിതരണ രജിസ്റ്റർ പ്രകാരം വിതരണം ചെയ്ത പുസ്തകങ്ങളുടെ എണ്ണമാണ് മേൽ ചേർത്തിട്ടുള്ളത്. ഇരുന്നൂറോളം പുസ്തകങ്ങൾ ഒരുമിച്ച് നൽകുമ്പോഴും ഈ പുസ്തകങ്ങൾ മുൻ വർഷങ്ങളിൽ കൈപ്പറ്റയവയാണോ, ആവശ്യപ്പെട്ടിരിക്കുന്ന പുസ്തകങ്ങൾ കോംപ്ലിമെന്ററി കോപ്പി അവശേഷിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് ഉതകുന്ന രജിസ്റ്ററുകളോ കമ്പ്യൂട്ടർ ഡോക്യുമെന്റ്സോ ഇൻസ്റ്റിറ്റ്യൂട്ടിൽ സൂക്ഷിക്കുന്നില്ല. ആയതിനാൽ മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നില്ല. മേലധികാരികളുടെ ശുപാർശയോടെ പുസ്തകങ്ങൾ നൽകുന്നതിനാൽ മാനദണ്ഡങ്ങൾ പരിപാലിക്കുന്നുണ്ടോയെന്ന് ആരും പരിശോധിക്കുന്നില്ല. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച ഓരോ പുസ്തകത്തിൽ നിന്നും നാളിതുവരെ സൗജന്യമായി വിതരണം ചെയ്ത പുസ്തങ്ങളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിനാവശ്യമയ രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്. അല്ലെങ്കിൽ സൗജന്യ പുസ്തകവിതരണത്തിന്റെ കമ്പ്യൂട്ടർ രസീത് പ്രിന്റ്

ചെയ്യുന്നതിനനുസൃതമായി പ്രസ്തുത വിവരം ലഭ്യമാക്കുന്നതിനുള്ള ഓപ്ഷൻ നൽകേണ്ടതാണ്. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിച്ച കാലം മുതലുള്ള പുസ്തകങ്ങൾ ഇപ്പോഴും സൗജന്യമായി നൽകുന്ന പ്രവണത ശരിയല്ല. ആയത് ഒഴിവാക്കേണ്ടതാണ്. സൗജന്യ പുസ്തക വിതരണം 100 കോപ്പികൾ എന്ന മാനദണ്ഡം പാലിക്കപ്പെടുന്നുവെന്ന് ബന്ധപ്പെട്ടവർ ഉറപ്പുവരുത്തേണ്ടതാണ്.

## 22. <u>സ്വകാര്യ പ്രസ്സുകളോടുള്ള താൽപര്യം - വിജ്ഞാനമുദ്രണം പ്രസിനെ അവഗണിക്കുന്നു .</u>

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങൾ സ്വന്തം പ്രസ്സായ വിജ്ഞാനമുദ്രണം പ്രസ്സിൽ പ്രിന്റ് ചെയ്യുന്നതിന് പ്രാധാന്യം നൽകുന്നില്ല. 2015-16 ൽ പ്രസിദ്ധീകരിച്ച 285 പുസ്തകങ്ങളിൽ 74 പുസ്തകങ്ങൾ മാത്രമാണ് വിജ്ഞാനമുദ്രണം പ്രസ്സിൽ പ്രിന്റ് ചെയ്തിട്ടുള്ളത്. വിജ്ഞാനമുദ്രണം പ്രസ്സിൽ നിലവിൽ രണ്ടു പ്രിന്റിംഗ് മെഷീനുകൾ പ്രവർത്തനക്ഷമമാണ്. 2015-16 സാമ്പത്തിക വർഷാരംഭത്തിൽ ഒരു പ്രിന്റിംഗ് മെഷീനാണ് ഉണ്ടായിരുന്നത്. ഒരു മെഷീനിൽ ഒരു ദിവസം 7 പ്ലേറ്റുകളിലായി (1 പ്ലേറ്റ് - 16 പേജ് വിതം) 7x1100 = 7700 കോപ്പികൾ പ്രിന്റ് ചെയ്യാൻ സാധിക്കും. എന്നാൽ പല ദിവസങ്ങളിലും മിനിമം (5 പ്ലേറ്റ്) കോപ്പികൾ പോലും പ്രിന്റ് ചെയ്തിട്ടില്ല. പ്രിന്റിംഗ് റെക്കോർഡ് രജിസ്റ്ററിലെ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| തീയതി | പുസ്തകത്തിന്റെ പേര് | പ്രിന്റ് ചെയ്ത പേജുകൾ | കോപ്പികളുടെ എണ്ണം |
|---|---|---|---|

| | | | |
|---|---|---|---|
| 1. 11.05.2015 | കൃഷിപഞ്ചാംഗം | 39-54<br>55-70 | 1100 |
| 2. 13.05.2015 | കൃഷിപഞ്ചാംഗം<br><br>ഗവേഷണശാസ്ത്രം | 71-86<br>135-150<br>11-26 | <br>1100<br>1100 |
| 3. 16.05.2015 | ഭൂമിശാസ്ത്രം<br>ത്രിഭാഷപദകോശം | 101-116<br>21-36<br>261-276 | 1100 |
| 4. 18.05.2015 | ഭൂമിശാസ്ത്രം<br>ത്രിഭാഷപദകോശം | 229-244<br>245-260 | 1100 |
| 5. 21.05.2015 | ഭൂമിശാസ്ത്രം<br>ത്രിഭാഷപദകോശം | 197-212 | 1100 |
| 6. 02.06.2015 | പാശ്ചാത്യഭാഷാ പഠനം | 17-32 | 1100 |

മെഷീൻ തകരാറോ, വൈദ്യുതി ഇല്ലാതിരിക്കുകയോ ചെയ്യുന്ന ദിവസങ്ങളിൽ സാധാരണയായി പ്രിന്റിംഗിന് തടസ്സം നേരിടാം. എന്നാൽ ഇത്തരത്തിലുള്ള പ്രശ്നങ്ങളില്ലാത്ത ദിവസങ്ങളിലും 7 പ്ലേറ്റുകളായി 7x1100 കോപ്പികൾ വീതം പ്രിന്റ് ചെയ്യാമെന്നിരിക്കെ 1x1100 മുതൽ 3x1100 വരെ കോപ്പികളാണ് പ്രിന്റ് ചെയ്തിട്ടുള്ളത്. വളരെ കുറച്ച് ഉദാഹരണങ്ങളാണ് മേൽ പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്നത്. 2015 ഡിസംബറിലാണ് പുതുതായി ഒരു പ്രിന്റിംഗ് മെഷീൻ സ്ഥാപിച്ചത്. എന്നാൽ വളരെ കുറച്ചു ദിവസങ്ങൾ മാത്രമാണ് ഈ രണ്ടു മെഷീനുകളും പരമാവധി പ്രയോജനപ്പെടുത്തിയിട്ടുള്ളത്. രണ്ടു മെഷീനുകളിലായി ഒരു ദിവസം ഏറ്റവും കുറഞ്ഞത് 10x1100 കോപ്പികൾ അച്ചടിക്കാമെന്നിരിക്കെ

പല ദിവസങ്ങളിലും 1x1100 മുതൽ 3x1100 വരെയുള്ള എണ്ണത്തിൽ മാത്രമാണ് പ്രിന്റിംഗ് പൂർത്തിയാക്കിയിട്ടുള്ളത്.

വിജ്ഞാനമുദ്രണം പ്രസ്സിൽ പ്രിന്റ് ചെയ്യാവുന്നതിനനുസൃതമായി പ്രിന്റിംഗ് ജോലികൾ നൽകുന്നില്ല എന്നതാണ് ഇതിന്റെ അടിസ്ഥാന കാരണം. സ്വകാര്യ പ്രസുകളിൽ പുസ്തകങ്ങൾ പ്രിന്റ് ചെയ്ത് പ്രസിദ്ധീകരിക്കുന്നതിൽ പ്രസിദ്ധീകരണ വിഭാഗം കൂടുതൽ പ്രാധാന്യം നൽകുന്നു. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്വന്തം പ്രസിനെ അവഗണിക്കുകയും ചെയ്യുന്നു. ആയതിനു പിന്നിലെ യഥാർത്ഥ കാരണം എന്താണെന്നു പുനർവിചിന്തനം നടത്തേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. വിജ്ഞാനമുദ്രണം പ്രസിലെ ജോലികൾ നിർവ്വഹിക്കുന്നതിനായി ദിവസ വേതന അടിസ്ഥാനത്തിൽ ജീവനക്കാരെ കൂടുതലായി നിയമിച്ചിട്ടുമുണ്ട്. എന്നാൽ പ്രസ്സിൽ ആവശ്യത്തിന് ജോലി ലഭ്യമല്ലാത്ത സാഹചര്യം കണക്കിലെടുത്ത് മറ്റു വിഭാഗങ്ങളിലായി ജീവനക്കാരെ പുനർവിന്യസിച്ചിരിക്കുന്നു. നിലവിൽ രേഖകൾ പ്രകാരം 44 ജീവനക്കാർ വിജ്ഞാനമുദ്രണം പ്രസ്സിൽ ജോലി ചെയ്യുന്നുണ്ട്. അതിനനുസൃതമായി എത്ര പുസ്തകങ്ങളാണ് ഇവിടെ പ്രിന്റ് ചെയ്യപ്പെടുന്നതെന്ന് ബന്ധപ്പെട്ടവർ വിലയിരുത്തേണ്ടതാണ്. വിജ്ഞാനമുദ്രണം പ്രസ്സിൽ പ്രിന്റ് ചെയ്യാൻ സാധിക്കുന്ന പുസ്തകങ്ങൾ ഇവിടെ പ്രിന്റ് ചെയ്യുകയും ബാക്കിയുള്ളവ മാത്രം സ്വകാര്യ പ്രസ്സുകളിൽ പ്രിന്റിംഗിനായി കൊടുക്കുകയും ചെയ്താൽ ആയത് സ്ഥാപനത്തിന്റെ വളർച്ചയ്ക്ക് മുതൽക്കൂട്ടായിരിക്കും എന്ന വസ്തുത മനസ്സിലാക്കേണ്ടതാണ്. ഇൻസ്റ്റിറ്റ്യൂട്ടിന്റേയും അതിന്റെ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളുടെയും വളർച്ചയെ മുന്നിൽക്കണ്ട് പ്രയത്നിക്കാൻ എല്ലാ ജീവനക്കാരുടെയും, ഭരണസമിതിയുടെയും കൂട്ടായ പ്രവർത്തനം അനിവാര്യമാണ്.

ആയതിന് അനുസൃതമായ തീരുമാനങ്ങളും, നടപടികളും സ്വീകരിക്കുന്നതിന് ഉത്തരവാദപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

## 23. ജി.പി.എഫ് രജിസ്റ്റർ ശരിയായ രീതിയിൽ പരിപാലിച്ചിട്ടില്ല .

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാരുടെ ജി.പി.എഫ് ക്ലോഷർ തുകയുടെ പരിശോധനയ്ക്കായി പി.എഫ് നീക്കിയിരിപ്പ് തുകയുടെ വിവരവും, ഇവയുടെ ആധികാരികത പരിശോധിക്കുന്നതിന് ബന്ധപ്പെട്ട രജിസ്റ്ററുകളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതുണ്ട്. പ്രസ്തുത വിവരങ്ങൾ പരിശോധിക്കുന്നതിന് ജീവനക്കാരൻ അക്കൗണ്ടിൽ ചേർന്നതു മുതലുള്ള രജിസ്റ്ററുകൾ ഓഡിറ്റിനു ഹാജരാക്കുന്നില്ല. പി.എഫ് രജിസ്റ്ററുകളുടെ ഒന്നും രണ്ടും വാല്യങ്ങൾ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ ലഭ്യമല്ല. മൂന്നാം വാല്യം മുതലുള്ള രജിസ്റ്ററുകളാണ് ലഭ്യമാക്കുന്നത്. ആയതിനാൽ ജീവനക്കാരന് പി.എഫ് ക്ലോസ് ചെയ്യുമ്പോഴുള്ള തുകയുടെ കൃത്യതയും പരിശോധിയ്ക്കുവാൻ ഓഡിറ്റിനു സാധിക്കുന്നില്ല. ഹാജരാക്കിയ രജിസ്റ്ററിൽ പലിശ, മാസാന്ത്യ നീക്കീയിരിപ്പ്, സാമ്പത്തിക വർഷാവസാനത്തെ നീക്കിയിരിപ്പ് എന്നിവ ശരിയായിട്ടല്ല രേഖപ്പെടുത്തിയിട്ടുള്ളത്. ഈ വ്യത്യാസം വരും വർഷങ്ങളിലെ നീക്കിയിരിപ്പ് തുകകളിലും പ്രതിഫലിക്കുന്നുണ്ട്. നിരുത്തരവാദപരമായാണ് പി.എഫ് രജിസ്റ്റർ പരിപാലിക്കുന്നത്. ഇക്കാര്യം ചൂണ്ടിക്കാട്ടി 23.01.2017, 01.03.2017 എന്നീ തീയതികളിൽ നൽകിയ കെ.എസ്.എ.സിൽ എ 2/20/2017 നമ്പർ കത്തിന് വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല.

ജി.പി.എഫ് വരിക്കാരായ ജീവനക്കാർക്ക് അവർ അടയ്ക്കുന്ന വരിസംഖ്യ, പലിശ, നീക്കീയിരിപ്പ് എന്നിവയെക്കുറിച്ച് നിലവിൽ വ്യക്തമായ ധാരണയില്ല.

ഇതൊഴിവാക്കാൻ ഓരോ ജീവനക്കാർക്കും സ്ഥാപനത്തിൽ പ്രത്യേകം പാസ് ബുക്ക് സൂക്ഷിക്കേണ്ടതാണ്.

സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ മുന്നിരിപ്പ്, തൻവർഷ വരിസംഖ്യ, നീക്കിയിരിപ്പ്, പലിശ എന്നിവ കണക്കാക്കി രേഖപ്പെടുത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 24. <u>പങ്കാളിത്ത പെൻഷൻ പദ്ധതി പ്രകാരമുള്ള വിഹിതം ഈടാക്കുന്നില്ല :</u>

01.04.2013 മുതൽ നിയമിതരായ ജീവനക്കാർക്ക് ജി.ഒ(പി)20/2013/ഫിൻ തീയതി 07.01.2013 പ്രകാരം പങ്കാളിത്ത പെൻഷൻ പദ്ധതിയാണ് ബാധകമായിട്ടുള്ളത്. ടി ജീവനക്കാരുടെ അടിസ്ഥാന ശമ്പളവും, ക്ഷാമബത്തയും ചേർന്ന തുകയുടെ 10% ശമ്പളത്തിൽ നിന്നും ഈടാക്കിയ ശേഷം തതുല്യമായ തുക തൊഴിൽ ദാതാവിൽ നിന്നും സമാഹരിച്ച് പ്രസ്തുത തുക പെൻഷൻ ഫണ്ട് റഗുലേറ്ററി & ഡെവലെപ്പ്മെന്റ് അതോറിറ്റി (പി.എഫ്.ആർ.ഡി.എ) നിശ്ചയിച്ച അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. 23.01.2014 ൽ പ്യൂൺ/പാക്കർ തസ്തികയിൽ നിയമിതനായ ശ്രീ.സുനിൽ കുമാർ.എസ് ന്റെ ശമ്പള ബില്ലുകൾ പരിശോധിച്ചതിൽ നാളിതുവരെ ഈ പദ്ധതിവിഹിതം ഈടാക്കിയതായി കാണുന്നില്ല. തന്മൂലം ജീവനക്കാർ വിരമിക്കുന്ന സാഹചര്യത്തിൽ ഉണ്ടാകുന്ന സാമ്പത്തിക നഷ്ടത്തിന് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഉത്തരവാദി ആകുന്നതാണ്. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.5/11.4.17) നൽകിയെങ്കിലും മറുപടി

ലഭ്യമാക്കിയില്ല. ടിയാനിൽ നിന്നും നാളിതുവരെ ഈടാക്കേണ്ട പങ്കാളിത്ത പെൻഷൻ വിഹിതവും, ഇൻസ്റ്റിറ്റ്യൂട്ടിന്റെ വിഹിതവും ചേർത്ത് നിശ്ചിത അക്കൗണ്ടിൽ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 25. 166 പുസ്തകങ്ങളുടെ ആയിരത്തിലധികം കോപ്പികൾ വിൽപ്പനയില്ലാതെ ഗോഡൗണിൽ കെട്ടിക്കിടക്കുന്നു .

2015-16 വർഷത്തെ മെയിൽ ഗോഡൗൺ സ്റ്റോക്ക് വെരിഫിക്കേഷൻ പത്രിക പ്രകാരം 166 പുസ്തകങ്ങളുടെ 191500 കോപ്പികൾ വിൽപ്പനയില്ലാതെ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഗോഡൗണിൽ കെട്ടിക്കിടക്കുന്നു. ഇതിൽ 3000 ൽ അധികം കോപ്പികളുള്ള ഒരു പുസ്തകവും (സിൽ നമ്പർ 2071 വാനില പുതിയ കയറ്റുമതിവിള) 2500 ൽ അധികം കോപ്പികളുള്ള 2 പുസ്തകങ്ങളും (സിൽ നമ്പർ 1445 സി.പി അച്യുതമേനോന്റെ നിരീക്ഷണങ്ങൾ, സിൽ നമ്പർ 3873 ശ്രീമദ്ഭഗവത്ഗീത ശിവാരവിന്ദം മഹാഭാഷ്യം, 7-ാം പതിപ്പ്) 2000 ൽ അധികം പ്രതികളുള്ള 6 പുസ്തകവും 1500 ൽ കൂടുതൽ പ്രതികളുള്ള 29 പുസ്തകങ്ങളും 1000 ൽ അധികം കോപ്പികളുള്ള 128 പുസ്തകങ്ങളും ഉൾപ്പെടുന്നു. ഇത്തരത്തിൽ വിൽപ്പനയില്ലാതെ അവശേഷിക്കുന്നവയിൽ കാലപ്പഴക്കം കാരണം ജീർണ്ണാവസ്ഥയിലായ നിരവധി പുസ്തകങ്ങളും ഉൾപ്പെടുന്നു. കൂടാതെ നിലവിൽ വിൽപ്പനയില്ലാതെ അവശേഷിക്കുന്ന പുസ്തകങ്ങളുടെ വിൽപ്പന സംബന്ധിച്ച് ഭരണ സമിതിയിൽ ചർച്ച ചെയ്ത് അനുയോജ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 26. ലൈബ്രറി - നിലവാരം വർദ്ധിപ്പിക്കേണ്ടത് അത്യന്താപേക്ഷിതം .

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ എഡിറ്റോറിയൽ വിഭാഗം ജീവനക്കാർക്കും മറ്റ് ജീവനക്കാർക്കും ഉപയോഗിക്കത്തക്കവിധം സമ്പന്നമായ

വൈജ്ഞാനികഗ്രന്ഥങ്ങളടങ്ങിയ ഒരു റഫറൻസ് ലൈബ്രറിയാണ് നിലവിലുള്ളത്. വിവിധ വിഷയങ്ങളിലായി രജിസ്റ്റർ പ്രകാരം 22244 പുസ്തകങ്ങളാണ് ഈ ലൈബ്രറിയിൽ സൂക്ഷിച്ചിട്ടുള്ളത്. 16547 പുസ്തകങ്ങൾ ബാർ കോഡിംഗ് നടത്തി തരം തിരിച്ച് അവയുടെ വിശദാംശങ്ങൾ കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്. അമൂല്യങ്ങളായ വിവിധ ശാസ്ത്ര വിഷയങ്ങളിലുള്ള നിരവധി പുസ്തകങ്ങൾ വർഷങ്ങളായി ഉപയോഗിക്കാതെ പൊടിപിടിച്ച് നശിക്കുകയാണ്. കാലപ്പഴക്കം മൂലം കേടുപാടുകൾ വന്ന പുസ്തകങ്ങൾ വേർതിരിച്ച് ഉപയോഗയോഗ്യമാക്കി സൂക്ഷിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. പുസ്തകങ്ങൾ പൂർണ്ണമായും ക്രമീകരിച്ച് ലൈബ്രറിയുടെ നിലവാരം വർദ്ധിപ്പിക്കേണ്ടതാണ്.

### 27. <u>ബുക്ക്മാർക്കിൽ നിന്ന് 2977199/- രൂപ ഈടാക്കാൻ അവശേഷിക്കുന്നു .</u>

2015-16 സാമ്പത്തിക വർഷാരംഭത്തിൽ ബുക്ക്മാർക്കറ്റിംഗ് സൊസൈറ്റിക്ക് ക്രഡിറ്റ് വ്യവസ്ഥയിൽ പുസ്തകങ്ങൾ വിറ്റ വകയിൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് 3761199/- രൂപ ലഭിക്കാനുള്ളതിൽ 16.04.2016 ൽ 500000/- രൂപയും 24.10.2016 ൽ 300000/- രൂപയും ഒടുക്കിയിട്ടുണ്ട്. ബാക്കി 2961199/- രൂപ ലഭിക്കാനുള്ളപ്പോൾ വീണ്ടും 18.11.2016 ൽ ബിൽ നമ്പർ Cred 18/16 NAL പ്രകാരം 16000/- രൂപയുടെ പുസ്തകങ്ങൾ നൽകിയിട്ടുണ്ട്. വൻതുക കുടിശ്ശിക വരുത്തിയ സ്ഥാപനത്തിന് വീണ്ടും ക്രഡിറ്റ് വ്യവസ്ഥയിൽ പുസ്തകങ്ങൾ നൽകുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്. നിലവിൽ കുടിശ്ശികയായി അവശേഷിക്കുന്ന 2977199/- രൂപ

ബുക്ക്മാർക്കിൽ നിന്ന് ഈടാക്കുന്നതിനുള്ള സത്വരനടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 28. സർക്കാരിന്റെ വിവിധ സ്കീമുകളിൽ ഒടുക്കേണ്ട തുകകൾ ഒടുക്കുന്നതിൽ കാലതാമസം .

2015-16 വർഷം ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ജീവനക്കാരിൽ നിന്നും മറ്റ് സ്ഥാപനങ്ങളിൽ നിന്നും ഈടാക്കിയ ആദായ നികുതി, ജീവനക്കാരുടെ എസ്.എൽ.ഐ, ജി.ഐ.എസ്, എൽ.ഐ.സി എന്നീ സ്കീമുകളിൽ ഒടുക്കുന്നതിനായി ശമ്പളത്തിൽ നിന്നും ഈടാക്കിയ തുകകൾ യഥാസമയം ഒടുക്കുവരുത്തിയിട്ടില്ലായെന്ന് ചെലവ് വൗച്ചറുകൾ പരിശോധിച്ചതിൽ ബോധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | തുക ഒടുക്കേണ്ട സ്കീം | തുക ഈടാക്കിയ കാലയളവ് | ഈടാക്കിയ തുക | തുക ഒടുത്തിയ തീയതി |
|---|---|---|---|---|
| 1. | ആദായനികുതി (സ്ഥാപനങ്ങൾ / വ്യക്തികൾ) | 01.04.2015 മുതൽ 30.06.2015 വരെ | 4163 | 14.07.2015 |
| 2. | ആദായനികുതി (ജീവനക്കാരിൽ നിന്ന്) | 01.04.2015 മുതൽ 30.06.2015 വരെ | 18000 | 14.07.2015 |
| 3. | ജി.ഐ.എസ് പ്രീമിയം | 01.05.2015 മുതൽ 30.06.2015 വരെ | 5700 | 14.07.2015 |
| 4. | എസ്.എൽ.ഐ പ്രീമിയം | 01.05.2015 മുതൽ 30.06.2015 വരെ | 7900 | 14.07.2015 |
| 5. | എൽ.ഐ.സി പ്രീമിയം | 01.05.2015 മുതൽ | 18904 | 17.07.2015 |

| | | | | |
|---|---|---|---|---|
| | | 30.06.2015 വരെ | | |

മേൽ സൂചിപ്പിച്ച പ്രകാരം സർക്കാരിന്റെ വിവിധ സ്കീമുകളിൽ ഒടുക്കേണ്ട തുകകൾ യഥാസമയം ഒടുക്കുവരുത്താതിരുന്നത് ആയതിന് ചുമതലയുള്ള ഉദ്യോഗസ്ഥന്റെ / ഉദ്യോഗസ്ഥയുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. ഇത്തരത്തിൽ തുകകൾ ഒടുക്കുവരുത്തുന്നതിൽ കാലതാമസം നേരിടുന്നത് ഈ സ്കീമുകളിൽ ഉൾപ്പെട്ട ജീവനക്കാർക്കും സർക്കാരിനും ഒരുപോലെ സാമ്പത്തിക നഷ്ടം ഉണ്ടാകാൻ ഇടയാകും എന്നതിനാൽ അതാതുമാസം ഈടാക്കുന്ന തുകകൾ യഥാസമയം ഒടുക്കുവരുത്തേണ്ടതും ഈ വിഷയത്തിൽ സ്ഥാപനമേലധികാരിയുടെ സജീവ ശ്രദ്ധ പതിയേണ്ടതുമാണ്.

## 29. <u>മുൻകൂർ തുകകൾ ക്രമീകരിച്ചിട്ടില്ല .</u>

2015-16 സാമ്പത്തിക വർഷം ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വിവിധ പ്രവർത്തനങ്ങളുടെ നടത്തിപ്പിനായി അനുവദിച്ച മുൻകൂറുകളിൽ ചിലത് നാളിതുവരെ ക്രമീകരിച്ചിട്ടില്ലായെന്ന് അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ബോദ്ധ്യപ്പെട്ടു. വിശദവിവരം ചുവടെ ചേർക്കുന്നു.

| വൗച്ചർ നമ്പർ / തീയതി | മുൻകൂർ കൈപ്പറ്റിയ വ്യക്തിയുടെ പേര് | ഉദ്ദേശ്യം | ഉത്തരവ് നമ്പർ / തീയതി | തുക |
|---|---|---|---|---|
| (1) 1008/ 14.10.15 | റ്റി.ആരോമൽ (റിസർച്ച് ഓഫീസർ) | സി.പി.യു & യു.പി.എസ് അറ്റകുറ്റപ്പണി | ഇ 2/846/11/സിൽ 06.10.15 | 2640 |
| (2) 1026/ 19.10.15 | എസ്.സുനിൽകുമാർ (പ്യൂൺ, സിൽ) | സെപ്റ്റിക് ടാങ്ക് ക്ലീനിംഗ് | ഇ 2/158/11/സിൽ 07.10.15 | 3500 |
| (3) 1356/ 15.12.16 | എസ്.ഗോപകുമാർ (ഡ്രൈവർ) | മൈലേജ് ടെസ്റ്റ് | ഇ 2/1479/11/സിൽ 09.12.15 | 1000 |
| (4) 1357/ | എസ്.ഗോപകുമാർ | റോഡ് ടാക്സ് ഒടുക്കൽ | ഇ 2/1479/11/സിൽ | 7040 |

| | | | | |
|---|---|---|---|---|
| 15.12.15 | (ഡ്രൈവർ) | | 09.12.15 | |
| (5) 1358/ 15.12.15 | എസ്.ഗോപകുമാർ (ഡ്രൈവർ) | സി.എഫ് ടെസ്റ്റ് നടത്തുന്നതിന് | ഇ 2/1479/11/സിൽ 09.12.15 | 2550 |
| (6) 1492/ 06.01.16 | എസ്.സുനിൽകുമാർ (പ്യൂൺ, സിൽ) | ലീസ് എഗ്രിമെന്റ് | ഇ 2/53/15/സിൽ 21.12.15 | 17000 |
| (7) 1951/ 03.03.16 | എസ്.സുലൈമാൻ (പ്യൂൺ, സിൽ) | ഡിജിറ്റൽ മീറ്റർ വാങ്ങുന്നതിന് | ഇ 2/1995/15/സിൽ 29.03.16 | 2500 |
| | | | **ആകെ** | **36230** |

ജി.ഒ(പി) 419/2011.ധനം 04.10.2011 പ്രകാരം മൂന്ന് മാസത്തിനകം അഡ്ജസ്റ്റ്മെന്റ് ബിൽ സമർപ്പിച്ച് മുൻകൂർ ക്രമീകരിച്ചില്ലെങ്കിൽ മുഴുവൻ അഡ്വാൻസ് തുകയും തിരിച്ചുപിടിക്കുകയും തുക പിൻവലിച്ച ദിവസം മുതൽ തിരിച്ചു പിടിക്കുന്ന ദിവസം വരെ 18% നിരക്കിൽ പലിശ ഈടാക്കണം എന്നാണ്. ആയതിനാൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന 36230/- രൂപ 18% പലിശ ഈടാക്കി ക്രമീകരിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 30. മുൻകൂർ തുകകൾ ക്രമീകരിക്കുന്നതിൽ കാലതാമസം - പിഴപ്പലിശ ഈടാക്കേണ്ടതാണ് .

2015-16 സാമ്പത്തിക വർഷത്തിൽ വിവിധ ആവശ്യങ്ങൾക്കായി അനുവദിച്ച മുൻകൂർ തുകകൾ യഥാസമയം ക്രമീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വൗച്ചർ നമ്പർ / തീയതി | ഉത്തരവ് നമ്പർ/തീയതി | ഉദ്ദേശ്യം | മുൻകൂർ അനുവദിച്ച വ്യക്തിയുടെ പേര് | തുക | മുൻകൂർ ക്രമീകരിച്ച തീയതി |
|---|---|---|---|---|---|
| (1) 563/ | ഇ 1/1480/13/സിൽ | ഐ.എ.എസ് | ശ്രീ.അനീഷ് കൃഷ്ണ | 5000 | 26.04.16 |

| | | | | | |
|---|---|---|---|---|---|
| 16.07.15 | തീയതി 08.07.15 | ട്രെയിനിംഗ് അഡ്വാൻസ് | യു.ഡി കോപ്പി ഹോൾഡർ | | |
| (2) 129/ 25.04.15 | ഇ 2/2349/14/സിൽ തീയതി 18.04.15 | KL-01 BQ 9062 വാഹനത്തിന്റെ സർവ്വീസ് ടാക്സ് | ശ്രീ.അനീഷ് കൃഷ്ണ യു.ഡി കോപ്പി ഹോൾഡർ | 5479 | 28.09.15 |
| (3) 198/ 06.05.15 | പി.762(2)15/സിൽ തീയതി 25.04.15 | പുസ്തക പ്രകാശനം | ശ്രീ.അനീഷ് കൃഷ്ണ യു.ഡി കോപ്പി ഹോൾഡർ | 2500 | 17.09.15 |
| (4) 213/ 08.05.15 | പി.762(2)15/സിൽ തീയതി 07.05.15 | എൻ.വി ജന്മശതാബ്ദി ആഘോഷം | ശ്രീ.അനീഷ് കൃഷ്ണ യു.ഡി കോപ്പി ഹോൾഡർ | 15000 | 17.09.15 |
| (5) 740/ 20.08.15 | എ/836/15/സിൽ(2) തീയതി 19.08.15 | അഡ്വാൻസ് റ്റി.എ | ഡോ.എം.ആർ. തമ്പാൻ, ഡയറക്ടർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് | 30000 | 08.02.16 |
| (6) 905/ 29.09.15 | എസ്.പി3/2049/15/ സിൽ /28.09.15 | അഡ്വാൻസ് ഫോർ എക്സ് കണ്ടിജൻസി വൈ.എം.സി.എ, തിരുവനന്തപുരം | ശ്രീ.എ.ബി.ദീപു പ്രൂഫ് റീഡർ | 56000 | 14.06.16 |
| (7) 996/ 09.10.15 | എസ്.പി3/2049/15/ സിൽ /08.10.15 | അഡ്വാൻസ് ഫോർ എക്സ് കണ്ടിജൻസി വൈ.എം.സി.എ, തിരുവനന്തപുരം | ശ്രീ.എ.ബി.ദീപു പ്രൂഫ് റീഡർ | 20000 | 14.06.16 |
| (8) 1046/ 26.10.15 | പി.762(18)/15/ സിൽ 21.10.15 | പുസ്തക പ്രകാശനം | ശ്രീ.അനീഷ് കൃഷ്ണ യു.ഡി കോപ്പി ഹോൾഡർ | 25000 | 29.03.16 |
| (9) 900/ 28.09.15 | പി.762(13)/15/ സിൽ 22.09.15 | പുസ്തക പ്രകാശനം | ശ്രീ.അനീഷ് കൃഷ്ണ യു.ഡി കോപ്പി ഹോൾഡർ | 5000 | 01.04.16 |
| (10) 1212/ 26.11.15 | ഇ 2/2349/14/സിൽ തീയതി 25.11.15 | ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് വാഹനത്തിന്റെ സർവ്വീസ് ടാക്സ് | ശ്രീ.അനീഷ് കൃഷ്ണ യു.ഡി കോപ്പി ഹോൾഡർ | 10000 | 18.06.16 |
| (11) 1183/ 19.11.15 | പി.1902/15/ സിൽ 18.11.15 | അവാർഡ് കമ്മിറ്റിക്കുള്ള | എസ്.ശ്രീജിത്ത് | 75000 | 06.05.16 |

| | | | | | |
|---|---|---|---|---|---|
| | | അഡ്വാൻസ് | | | |

കാലാവധി കഴിഞ്ഞ് ക്രമീകരിച്ചിട്ടുള്ള മേൽ സൂചിപ്പിച്ച മുൻകൂർ തുകകൾക്കെല്ലാം ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്ന് 18% പിഴപ്പലിശ ഈടാക്കേണ്ടതും ഭാവിയിൽ മുൻകൂർ യഥാസമയം ക്രമീകരിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതുമാണ്.

## 31. <u>പ്രചാരം കുറഞ്ഞ പ്രസിദ്ധീകരണങ്ങളിൽ പരസ്യം നൽകൽ.</u>

2015-16 സാമ്പത്തിക വർഷം ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങളുടെ പരസ്യം പ്രചാരം കുറഞ്ഞതും ശ്രദ്ധയിൽപ്പെടാത്തതുമായ മാഗസീനുകളിലും ഏതാനും വാരികകളുടെ വാർഷിക പതിപ്പിലുമാണ് നൽകിയിട്ടുള്ളത്. പരസ്യം നൽകുന്നതിനായി തൻ വർഷം വാർഷിക കണക്ക പ്രകാരം 42026/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ ഭൂരിഭാഗം തുകയും പ്രചാരം കുറഞ്ഞതും ശ്രദ്ധിക്കപ്പെടാത്തതുമായ പ്രസിദ്ധീകരണങ്ങൾക്കാണ് നൽകിയിട്ടുള്ളത്. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങളുടെ വിശദാംശം വായനക്കാരിൽ എത്തുന്നതിനുവേണ്ടിയാണ് പത്രമാസികകളിൽ പരസ്യം നൽകുന്നത്. പ്രചാരമുള്ള പ്രസിദ്ധീകരണങ്ങളിൽ പരസ്യം നൽകിയാൽ മാത്രമേ കൂടുതൽ വായനക്കാരിലേയ്ക്ക് പരസ്യ സന്ദേശം എത്തുകയുള്ളൂ. പരസ്യം നൽകിയിട്ടുള്ള പ്രചാരം കുറഞ്ഞ മാഗസീനുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | മാഗസിന്റെ പേര് | നൽകിയ തുക |
|---|---|---|
| 1 | വാക്ക് പ്രസിദ്ധീകരണം | 1500 |

| | | |
|---|---|---|
| 2. | സൗത്ത് എക്സ്പ്രസ്സ് | 1500 |
| 3. | സ്വരം പ്രസിദ്ധീകരണത്തിന്റെ മർമ്മരം സുവനീർ | 3000 |
| 4. | ജയശ്രീ ബാലവേദി സുവനീർ | 1000 |
| 5. | ഹരിത കേരളം മാസിക | 1500 |
| 6. | സാകേതം മാസിക | 1500 |
| 7. | വിശ്വവേദി | 1500 |
| 8. | പ്രസാധകൻ മാസിക | 1500 |
| 9. | മതേതരം മാസിക | 1500 |
| 10. | കേരള സെക്രട്ടേറിയറ്റ് സർവ്വീസ് ആഗസ്റ്റ് ലക്കം | 2000 |
| 11. | ഈരടി കവിത മാസിക | 1500 |
| 12. | കെൽപ്രോ സുവനീർ | 1500 |
| 13. | BNV കോളേജ് ഓഫ് ടീച്ചർ എഡ്യുക്കേഷൻ മാഗസീൻ | 1500 |

വർഷങ്ങളായി തുടർന്നുവരുന്ന ഈ പ്രവണത അവസാനിപ്പിക്കേണ്ടതും പ്രചാരം കൂടിയ പത്രമാസികകളിലും പത്രങ്ങളിലും പരസ്യം പ്രസിദ്ധീകരിക്കുന്നതിനുമുള്ള നടപടി ഉത്തരവാദപ്പെട്ടവരുടെ ഭാഗത്ത് നിന്ന് ഉണ്ടാകേണ്ടതാണ്.

## 32. തൻവർഷം മുൻവർഷത്തേക്കാൾ പുസ്തക വിൽപ്പനയിൽ ഇടിവ്.

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഏറ്റവും പ്രധാനപ്പെട്ട വരുമാനമാർഗ്ഗം പുസ്തകവിൽപ്പനയാണ്. പ്രധാന കേന്ദ്രത്തിലെ ഷോറൂമുകൾ വഴി നേരിട്ടും, പുസ്തകപ്രദർശനങ്ങളിലൂടെയുമാണ് പ്രധാനമായും വിൽപ്പന നടത്തുന്നത്. 2015-16

വർഷത്തെ കണക്ക് പ്രകാരം തൻവർഷം 13702775/- രൂപയുടെ പുസ്തക വിൽപ്പനയാണ് നടന്നിട്ടുള്ളത്. എന്നാൽ ആയത് തൊട്ടുമുൻവർഷത്തെ വരുമാനത്തേക്കാൾ 352494/- രൂപ കുറവാണ്. (14055269 – 13702775 = 352494) മുൻവർഷത്തേക്കാൾ 2.5% ഇടിവ് വന്നതിന്റെ കാരണം പരിശോധിച്ച് വിലയിരുത്തേണ്ടതും പുസ്തക വിൽപ്പന വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

## 33. ഓൺലൈൻ സ്റ്റോക്കും, സ്റ്റോക്ക് രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല .

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ പുസ്തകങ്ങളുടെ സ്റ്റോക്ക് വിവരങ്ങൾ ഓൺലൈനായി ലഭ്യമാകത്തക്കവിധത്തിൽ ഡേറ്റ അപ്ഡേറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ പുസ്തകങ്ങളുടെ സ്റ്റോക്ക്, സ്ഥാപനത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ, ഓൺലൈൻ വിവരങ്ങൾ എന്നിവ എല്ലാ പുസ്തകങ്ങളുടേതും പൊരുത്തപ്പെടുത്തിയിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

### 1. മിനിഗോഡൗൺ , തിരുവനന്തപുരം തീയതി 29.04.2017

| സിൽ നമ്പർ | പുസ്തകത്തിന്റെ പേര് | രജിസ്റ്റർ പ്രകാരം സ്റ്റോക്ക് | ഓൺലൈൻ സ്റ്റോക്ക് |
|---|---|---|---|
| 2908 | ഗദ്യശിൽപ്പം | 30 | 34 |
| 2909 | ലീലാതിലകം സൂത്രഭാഷ്യം | 19 | 24 |
| 2913 | നളചരിതം 5-ാം ദിവസം | 89 | 90 |
| 2916 | 72 ബ്രഹ്മനാദ ശ്രുതികൾ | 8 | 11 |
| 2924 | ഗ്രന്ഥശാലാ പ്രസ്ഥാനം കേരളത്തിൽ | 23 | 25 |

| | | | |
|---|---|---|---|
| 10031 | ഡോ.അംബേദ്കർ സമ്പൂർണ്ണ കൃതികൾ വാല്യം 10(PB) | 10 | 7 |
| 2940 | ഗ്രാമീണ ടൂറിസം | 17 | 15 |

## 2. സംസ്കാര , തിരുവനന്തപുരം   തീയതി 27.04.2017

| സിൽ നമ്പർ | പുസ്തകത്തിന്റെ പേര് | രജിസ്റ്റർ പ്രകാരം സ്റ്റോക്ക് | ഓൺലൈൻ സ്റ്റോക്ക് |
|---|---|---|---|
| 2476 | കണിയാൻമാരുടെ ജീവിതവും സംസ്കാരവും | 11 | 10 |
| 2486 | സഹകരണ ആക്ടും ചട്ടങ്ങളും | 6 | 3 |
| 2899 | പശുപരിപാലനം | 16 | 15 |
| 3831 | തുടിക്കുന്ന താളുകൾ | 1 | 5 |
| 3838 | ജവഹർലാൽ നെഹ്റു ജീവിതവും വീക്ഷണവും | 5 | 4 |
| 3902 | മണ്ണാണ് ജീവൻ മണ്ണിലാണ് ജീവൻ | 11 | 12 |

സ്റ്റോക്ക് രജിസ്റ്ററും ഓൺലൈൻ സ്റ്റോക്കും പൊരുത്തപ്പെടാത്തവ കണ്ടെത്തി അപാകതകൾ പരിഹരിച്ച് പൊരുത്തപ്പെടുത്തേണ്ടതാണ്.

സൗജന്യ പുസ്തകവിതരണം, ക്യാഷ് സെയിൽസ്, ക്രഡിറ്റ് സെയിൽസ്, VPP മുതലായവയുടെ സംക്ഷിപ്ത വിവരങ്ങൾ ക്രോഡീകരിച്ച് ഓരോന്നും പ്രത്യേകം ലഭ്യമാക്കുന്ന തരത്തിലുള്ള ഓപ്ഷൻസ് സോഫ്റ്റ് വെയറിൽ നൽകുന്നത് കൂടുതൽ

ഉചിതമായിരിക്കും. കൂടാതെ ഗ്രന്ഥകർത്താക്കൾക്ക് റോയൽറ്റി നൽകുന്നത് ഓരോ പുസ്തകവും പ്രസ്തുത സാമ്പത്തിക വർഷം വിറ്റ പുസ്തകങ്ങളുടെ എണ്ണത്തിന് ആനുപാതികമായാണ്. ആയതിനാൽ പ്രസ്തുത വിവരങ്ങൾ വിൽപ്പന വിഭാഗത്തിൽ ഉപയോഗിക്കുന്ന സോഫ്റ്റ് വെയറിൽ നിന്നും കിട്ടുന്ന തരത്തിൽ ആയത് ക്രമീകരിക്കേണ്ടതാണ്.

## 34. സാംസ്കാരിക കലണ്ടർ▯തെറ്റുകൾ അനവധി .

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച 2017 വർഷത്തെ സാംസ്കാരിക കലണ്ടറിൽ(ഡെസ്ക്ടോപ്പ് കലണ്ടർ) അനവധി തെറ്റുകൾ കടന്നു കൂടിയിട്ടുണ്ട്. കവി ഡി.വിനയചന്ദ്രന്റെ ജന്മദിനം 2017 മെയ് 13 എന്നും ഏപ്രിൽ 13 എന്നും രേഖപ്പെടുത്തിയിരിക്കുന്നു. മലയാളത്തിലെ അറിയപ്പെടുന്ന കവിയായ ഡി.വിനയചന്ദ്രന്റെ ശരിയായ ജന്മദിനം മെയ് 13 ആണ്.

കൂടാതെ, നബി ദിനത്തിന്റെ (മിലാഡി ഷെറീഫ്) തീയതിയും തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു. 2017 ഡിസംബർ 24, ജനുവരി 14 എന്നീ തീയതികളിലാണ് സാംസ്കാരിക കലണ്ടറിൽ നബിദിനം രേഖപ്പെടുത്തിയിരിക്കുന്നത്. 2017 ഡിസംബർ ▯2’ ആണ് നബിദിനത്തിന്റെ ശരിയായ തീയതി (അവലംബം : കേരള സർക്കാർ കലണ്ടർ).

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പോലുള്ള സ്ഥാപനത്തിൽ നിന്നും ഇത്തരത്തിലുള്ള തെറ്റുകൾ ഉണ്ടാകുന്നത് ഗുരുതരമായ വീഴ്ചയായി കാണേണ്ടതാണ്. മലയാള ഭാഷയെയും സംസ്കാരത്തെയും സംബന്ധിച്ചിടത്തോളം കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വാക്ക് അന്തിമമായി കണക്കാക്കാവുന്നതാണ്. കേരള ഭാഷാ

ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രസിദ്ധീകരണങ്ങളിൽ ഇത്തരത്തിലുള്ള തെറ്റുകൾ കടന്നുകൂടാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം - 5

## കോഴിക്കോട് പ്രാദേശിക കേന്ദ്രം

### 35. പുസ്തക പ്രദർശനമേളകൾ .

മലബാർ മേഖലയിലെ പുസ്തകങ്ങളുടെ പ്രദർശന  വിൽപ്പന ഊർജ്ജിതമാക്കുന്നതിനു വേണ്ടിയാണ് കോഴിക്കോട് പ്രാദേശിക കേന്ദ്രം സ്ഥാപിച്ചത്. 2015-16 സാമ്പത്തിക വർഷം ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കോഴിക്കോട് പ്രാദേശിക കേന്ദ്രം കണ്ണൂർ ഷോറൂം എന്നിവയുടെ ആഭിമുഖ്യത്തിൽ ആകെ 22 പുസ്തക പ്രദർശന മേളകൾ സംഘടിപ്പിച്ചു. വിവിധ ജില്ലകളിൽ നടത്തിയ പുസ്തക മേളകളിലൂടെ 2204544/- രൂപ മുഖവിലയുള്ള പുസ്തകങ്ങൾ 824226/- രൂപ കമ്മീഷൻ കിഴിച്ച് 1380318/- രൂപയ്ക്ക് വിൽപ്പന നടത്തിയിട്ടുണ്ട്. കോഴിക്കോട് പുസ്തകശാല, ക്രഡിറ്റ് വിൽപ്പന, പുസ്തക പ്രദർശനം എന്നിവയിലൂടെ ആകെ 2734913/- രൂപയുടെ പുസ്തകങ്ങൾ വിൽപ്പന നടത്തിയിട്ടുണ്ട്.

### 36. വാർഷിക സ്റ്റോക്ക് വെരിഫിക്കേഷൻ കൃത്യതയോടെ ചെയ്യുന്നില്ല .

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ അധീനതയിലുള്ള റീജീയണൽ സെന്റർ, വിൽപ്പനശാലകൾ എന്നിവിടങ്ങളിൽ നിന്നും സാമ്പത്തിക വർഷാവസാനം പുസ്തകങ്ങളുടെ ഭൗതിക പരിശോധന നടത്തി സ്റ്റോക്ക് വെരിഫിക്കേഷൻ റിപ്പോർട്ട് തിരുവനന്തപുരം ആസ്ഥാന ഓഫീസിൽ നൽകിയിട്ടുണ്ട്. 2015 – 16 സാമ്പത്തിക വർഷത്തെ സ്റ്റോക്ക് വെരിഫിക്കേഷൻ റിപ്പോർട്ടും, സ്റ്റോക്ക് രജിസ്റ്ററും പരിശോധിച്ചതിൽ, സ്റ്റോക്ക് വെരിഫിക്കേഷൻ റിപ്പോർട്ട് കൃത്യതയോടുകൂടി തയ്യാറാക്കിയിട്ടില്ല എന്ന് വ്യക്തമാണ്. ചില പുസ്തകങ്ങളുടെ എണ്ണത്തിൽ ഗണ്യമായ കുറവും ചിലതിൽ അധികവും കാണിച്ചിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി കുറവു ചെയ്യാത്തതിനാലാണ് പല പുസ്തകങ്ങളും അധികം വന്നിരിക്കുന്നത്. കൂടാതെ ഭൗതിക പരിശോധനയിൽ പുസ്തകങ്ങൾ മുഴുവൻ പരിശോധിച്ച് എണ്ണം തിട്ടപ്പെടുത്തിയിട്ടുമില്ല.

കണ്ണൂർ പുസ്തകശാലയിൽ മാലിന്യ സംസ്കരണവും കാലാവസ്ഥാ വ്യതിയാനവും എന്ന പുസ്തകം (സിൽ നമ്പർ.3533) 2015 – 16 വർഷത്തെ സ്റ്റോക്ക് വെരിഫിക്കേഷൻ റിപ്പോർട്ട് പ്രകാരം ബാക്കിയുള്ളത് 2 എണ്ണമാണ്. എന്നാൽ അതിനുശേഷം വേറെ സ്റ്റോക്ക് എടുക്കാതെ തന്നെ രസീതു പ്രകാരം 7 പുസ്തകങ്ങൾ വിറ്റിട്ടുണ്ട്. (ബിൽ നമ്പർ.565,14/16, 105/16 എന്നിവ പ്രകാരം) സ്റ്റോക്ക് വെരിഫിക്കേഷൻ റിപ്പോർട്ട് പ്രകാരം 2 എണ്ണം മാത്രമുള്ള പുസ്തകത്തിന്റെ 5 കോപ്പികൾ അധികം വിറ്റിരിക്കുന്നു. ഇത് ഒരു ഉദാഹരണം മാത്രമാണ്. പല പുസ്തകങ്ങളും ഇപ്രകാരം കുറവു രേഖപ്പെടുത്തിയിട്ട് പിന്നീട് കൂടുതൽ വിൽപ്പന നടത്തിയതായി കാണിച്ചിട്ടുണ്ട്. ആയതിനാൽ വാർഷിക സ്റ്റോക്ക്

വെരിഫിക്കേഷൻ റിപ്പോർട്ട് തയ്യാറാക്കുമ്പോൾ ഭൗതിക പരിശോധന നടത്തി പുസ്തകങ്ങൾ എണ്ണി തിട്ടപ്പെടുത്തുന്നതിൽ ജാഗ്രത പുലർത്തേണ്ടതാണ്.

## 37. കോഴിക്കോട് വിൽപ്പനശാല  സ്റ്റോക്കിൽ കുറവുവ ന്ന പുസ്തകങ്ങളുടെ വില  2730/- രൂപ ഈടാക്കേണ്ടതാണ്.

കേരള സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കോഴിക്കോട് പുസ്തക വിൽപ്പനശാലയുടെ 2015-16 വർഷത്തെ സ്റ്റോക്ക് വെരിഫിക്കേഷൻ റിപ്പോർട്ട് പ്രകാരം 38 പുസ്തകങ്ങൾ കുറവു വന്നിട്ടുണ്ട്. കുറവു വന്ന പുസ്തകങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സിൽ നമ്പർ | പേര് | സ്റ്റോക്ക് രജിസ്റ്റർ പ്രകാരം നീക്കിയിരിപ്പ് | വെരിഫിക്കേഷൻ റിപ്പോർട്ട് പ്രകാരം നീക്കിയിരിപ്പ് | കുറവു വന്ന പുസ്തകത്തിന്റെ വില |
|---|---|---|---|---|---|
| 1. | 2909 | ലീലാതിലകം സൂത്ര ഭാഷ്യം | 16 | 15 | 1@130=130 |
| 2. | 3147 | ഒ.ചന്തുമേനോൻ അരങ്ങും അണിയറയും | 1 | 0 | 1@50=50 |
| 3. | 3464 | മൂത്രാശയ രോഗങ്ങൾ | 36 | 33 | 3@60=180 |
| 4. | 3475 | നമ്മുടെ കാലാവസ്ഥ | 37 | 36 | 1@80=80 |
| 5. | 3529 | ജൈവരസതന്ത്രം | 19 | 17 | 2@50=100 |
| 6. | 3538 | സ്വയം തൊഴിൽ സംരംഭങ്ങൾ മൃഗസംരക്ഷണമേഖല | 2 | 1 | 1@50=50 |
| 7. | 3544 | വിക്രം സാരാഭായിയും ഇന്ത്യൻ ബഹിരാകാശ ചരിത്രവും | 48 | 46 | 2@50=100 |
| 8. | 3546 | സന്ധിരോഗങ്ങളും ചികിത്സാവിധികളും | 48 | 47 | 1@70=70 |
| 9. | 3550 | മറവിയും മാനസ്സിക സമ്മർദ്ദവും | 86 | 84 | 2@50=100 |
| 10. | 3583 | ജീവിതനൈപുണി വിദ്യാഭ്യാസം | 40 | 39 | 1@90=90 |
| 11. | 3585 | ഹൃദയം ഒരു സംഗീതോപകരണമാണ് | 47 | 46 | 1@50=50 |
| 12. | 3588 | ബൈബിൾ ഒരു സ്ത്രീപക്ഷ വായന | 39 | 38 | 1@50=50 |
| 13. | 3608 | കായിക ഇന്ത്യ ചില വഴികൾ | 103 | 102 | 1@50=50 |

| | | | | | |
|---|---|---|---|---|---|
| 14. | 3612 | ചിത്രം ചലച്ചിത്രം | 16 | 15 | 1@50=50 |
| 15. | 3645 | ജി.കാർത്തികേയന്റെ തെരഞ്ഞെടുത്ത ലേഖനങ്ങൾ | 54 | 52 | 2@65=130 |
| 16. | 3546 | എഴുത്ത് നന്നാവാൻ | 38 | 36 | 2@80=160 |
| 17. | 3656 | ഭാഷയും ഭരണഭാഷയും (3-ാം പതിപ്പ്) | 20 | 19 | 1@100=100 |
| 18. | 3657 | ഡോ.എം.എസ്.സ്വാമിനാഥൻ ഇന്ത്യൻ കാർഷിക വിപ്ലവത്തിന്റെ ശില്പി | 38 | 37 | 1@60=60 |
| 19. | 3672 | വസ്തു വാങ്ങുമ്പോഴും വിൽക്കുമ്പോഴും | 1 | 0 | 1@110=110 |
| 20. | 3685 | ഗണിതത്തിലെ വിനോദങ്ങൾ (8-ാം പതിപ്പ്) | 52 | 51 | 1@50=50 |
| 21. | 3696 | രസതന്ത്രത്തിന്റെ നാട്ടുവഴികൾ | 30 | 29 | 1@70=70 |
| 22. | 2703 | കേരളത്തിലെ കലാഗ്രാമങ്ങൾ (2-ാം പതിപ്പ്) | 24 | 23 | 1@50=50 |
| 23. | 3708 | ദൃശ്യഭാഷ (2-ാം പതിപ്പ്) | 25 | 24 | 1@120=120 |
| 24. | 3720 | അസംബ്ലിവായന സ്കൂൾ തലത്തിൽ | 29 | 28 | 1@70=70 |
| 25. | 3743 | മഹാകവി മൊയിൻ കുട്ടി വൈദ്യർ | 58 | 57 | 1@40=40 |
| 26. | 3752 | ടൂറിസം ബിസിനസ് ഹോംസ്റ്റേ സർവ്വീസ്ഡ് വില്ല (2-ാം പതിപ്പ്) | 34 | 33 | 1@80=80 |
| 27. | 3802 | നാടൻ കളികളും വിനോദങ്ങളും (3-ാം പതിപ്പ്) | 13 | 12 | 1@80=80 |
| 28. | 3807 | ഗോത്ര ജീവിതം | 48 | 47 | 1@120=120 |
| 29. | 10078 | ഡോ.അംബേദ്കർ സമ്പൂർണ്ണ കൃതികൾ ലൈബ്രറി എഡിഷൻ (Vol XXXVII) | 8 | 7 | 1@125=125 |
| 30. | 10079 | ഡോ.അംബേദ്കർ സമ്പൂർണ്ണ കൃതികൾ ലൈബ്രറി എഡിഷൻ (Vol XXXVIII) | 7 | 6 | 1@125=125 |
| 31. | 15032 | കുട്ടനാട്ടും കാർഷിക തൊഴിലാളി | 2 | 1 | 1@90=90 |

| | | | | | |
|---|---|---|---|---|---|
| | | പ്രസ്ഥാനവും | | | |
| | | | **ആകെ** | | 38 **പുസ്തകങ്ങൾ 2** 730/- **രൂപ** |

സ്റ്റോക്കിൽ കുറവുവന്ന പുസ്തകങ്ങളുടെ വിലയായ 2730/- രൂപ, വിൽപ്പന ശാലയുടെ ചുമതലയുള്ള ജീവനക്കാരിൽ നിന്നും ഈടാക്കേണ്ടതാണ്.

38. **<u>കണ്ണൂർ വിൽപ്പനശാല</u>**

**<u>സ്റ്റോക്ക് വെരിഫിക്കേഷനിൽ 42933/- രൂപയുടെ പുസ്തകങ്ങൾ കുറവ്.</u>**

കേരള സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കണ്ണൂർ വിൽപ്പനശാലയിലെ 2015-16 വർഷത്തെ സ്റ്റോക്ക് വെരിഫിക്കേഷൻ റിപ്പോർട്ട് പ്രകാരം 391 പുസ്തകങ്ങൾ കുറവ് വന്നിട്ടുണ്ട്. കുറവു വന്ന 391 പുസ്തകങ്ങളുടെ വിശദാംശം അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്. കുറവുണ്ടായ 391 പുസ്തകങ്ങളുടെ വിലയായ 42933/- രൂപ വിൽപ്പനശാലയുടെ ചുമതല വഹിച്ചിരുന്ന ജീവനക്കാരിൽ നിന്നും ഈടാക്കേണ്ടതാണ്.

സ്റ്റോക്ക് വെരിഫിക്കേഷൻ റിപ്പോർട്ടു പ്രകാരം 363 പുസ്തകങ്ങൾ അധികം വന്നതായി രേഖപ്പടുത്തിയിട്ടുമുണ്ട്. പ്രസ്തുത പുസ്തകങ്ങൾ 2016-17 വർഷത്തെ സ്റ്റോക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം സ്റ്റോക്കിൽ ഗണ്യമായ കുറവും അധികവും എണ്ണം വരുന്നത് ശരിയായ നടപടിയല്ല. പുസ്തകം വിൽപ്പനയ്ക്ക് നൽകുന്ന രസീതിൽ ശരിയായ വിവരങ്ങളാണ് ഉൾപ്പെടുത്തിയതെന്ന് ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ അതാത് ദിവസം രസീത് പ്രകാരം വിറ്റ പുസ്തകങ്ങൾ സ്റ്റോക്കിൽ കുറവു വരുത്തി ആയത് ക്രമീകരിക്കേണ്ടതാണ്. പുസ്തക മേളകൾക്ക് പുസ്തകങ്ങൾ നൽകുമ്പോൾ സ്റ്റേറ്റ്മെന്റിൽ കൃത്യമായ എണ്ണം രേഖപ്പെടുത്തി നൽകേണ്ടതും യഥാസമയം സ്റ്റോക്കിൽ കുറവു വരുത്തേണ്ടതുമാണ്. ഷോറൂമിൽ പുസ്തകങ്ങൾ യഥാവിധി തരം തിരിച്ച് പ്രദർശിപ്പിക്കുന്നതിനും, രസീത്, സ്റ്റോക്ക് രജിസ്റ്റർ തുടങ്ങിയ രേഖകൾ ശരിയായി പരിപാലിക്കുന്നതിനും ജാഗ്രത പുലർത്തേണ്ടതാണ്.

| ക്രമ നമ്പർ | സിൽ നമ്പർ | പുസ്തകത്തിന്റെ പേര് | സ്റ്റോക്ക് രജിസ്റ്റർ പ്രകാരം നീക്കിയിരിപ്പ് | സ്റ്റോക്ക് വെരിഫിക്കേഷൻ റിപ്പോർട്ട് പ്രകാരം നീക്കിയിരിപ്പ് | കുറവു വന്ന പുസ്തകങ്ങളുടെ എണ്ണവും വിലയും |
|---|---|---|---|---|---|
| 1. | 1637 | ഭാഷ്യപ്രദീപം | 3 | 0 | 3@210=630 |
| 2. | 1809 | ആരോഗ്യപ്രശ്നങ്ങൾ ഈ നൂറ്റാണ്ടിൽ | 9 | 8 | 1@125=125 |
| 3. | 1871 | കാവ്യാലങ്കാര സൂത്രവൃത്തി | 7 | 6 | 1@135=135 |
| 4. | 1874 | ഭാഷാഭ്രംശത്തിന്റെ ഉപദാനങ്ങൾ | 36 | 35 | 1@60=60 |
| 5. | 1877 | സൊസ്സൂർ ഘടനവാദത്തിന്റെ ആചാര്യൻ | 16 | 15 | 1@50=50 |
| 6. | 1888 | ദക്ഷിണഭാരത ചരിത്രം | 1 | 0 | 1@168=168 |
| 7. | 1972 | കൂത്തമ്പലങ്ങളിൽ | 6 | 4 | 2@65=130 |
| 8. | 2044 | ആന്തമാൻ നിക്കോബാറിന്റെ ചരിത്രം | 9 | 8 | 1@85=85 |
| 9. | 2059 | ഇന്ത്യ ഇന്നെനിടെ നിൽക്കുന്നു | 5 | 4 | 1@50=50 |
| 10. | 2061 | കേരള സംസ്കൃതിയുടെ സമയരേഖകൾ | 19 | 18 | 1@85=85 |
| 11. | 2160 | ഭാരതീയ പത്രചരിത്രം | 7 | 5 | 2@95=190 |
| 12. | 2244 | ചരിത്രത്തിന്റെ മുദ്രണങ്ങൾ | 33 | 32 | 1@55=55 |
| 13. | 2259 | വിരുന്ന് വന്നവാക്ക് | 4 | 3 | 1@45=45 |
| 14. | 2266 | രോഗവും പ്രതിരോധവും | 14 | 13 | 1@80=80 |
| 15. | 2298 | തളിരുകൾ (1-ാം ഭാഗം) | 44 | 42 | 2@120=240 |
| 16. | 2302 | ജീവൻ എന്ന സമസ്യ | 1 | 0 | 1@35=35 |
| 17. | 2378 | വെബ്സൈറ്റ് രചന, രൂപകൽപ്പന, നടത്തിപ്പ് | 8 | 7 | 1@75=75 |
| 18. | 2394 | നാട്യ പ്രയോഗങ്ങൾ | 11 | 10 | 1@80=80 |
| 19. | 2430 | ചിത്രകല സർഗഭാവനയുടെ രൂപാന്തരങ്ങൾ | 8 | 7 | 1@180=180 |
| 20. | 2448 | പത്രലോകം | 14 | 13 | 1@70=70 |

| | | | | | |
|---|---|---|---|---|---|
| 21. | 2451 | ദക്ഷിണേന്ത്യൻ സംഗീതം II | 2 | 1 | 1@200=200 |
| 22. | 2458 | ഇന്ത്യൻ സമൂഹശാസ്ത്രം | 13 | 12 | 1@130=130 |
| 23. | 2499 | വിജ്ഞാനവൃന്ദാവനം മഹദ്വാക്യ സമാഹാരം | 3 | 2 | 1@135=135 |
| 24. | 2509 | മിത്തും മലയാളനോവലും | 35 | 34 | 1@70=70 |
| 25. | 2510 | വിശ്വമഹാവൃക്ഷങ്ങൾ | 29 | 28 | 1@185=185 |
| 26. | 2515 | ഭാവഗീതത്തിന്റെ അടയാളങ്ങൾ മലയാള കവിതയിൽ | 23 | 22 | 1@70=70 |
| 27. | 2522 | ജന്തുജന്യരോഗങ്ങൾ | 64 | 63 | 1@115=115 |
| 28. | 2563 | തിരുപ്പാവൈ | 3 | 2 | 1@50=50 |
| 29. | 2595 | സർ സയ്യിദ്അഹമ്മദ്ഖാൻ | 1 | 0 | 1@50=50 |
| 30. | 2606 | പ്രണയവും സാഹിത്യകലയും | 1 | 0 | 1@90=90 |
| 31. | 2620 | ആധുനികതയുടെ പാഠങ്ങൾ | 4 | 3 | 1@75=75 |
| 32. | 2642 | ലോകരാഷ്ട്രീയം ചില നേർക്കാഴ്ചകൾ | 3 | 2 | 1@90=90 |
| 33. | 2649 | ആന | 30 | 19 | 11@60=660 |
| 34. | 2651 | കേസരിയുടെ ചരിത്രഗവേഷണങ്ങൾ II | 14 | 12 | 2@180=360 |
| 35. | 2653 | ആധുനിക കേരളം | 3 | 1 | 2@60=120 |
| 36. | 2657 | സസ്യ സംരക്ഷണം - ആന്തൂറിയം ഓർക്കിഡുകളിൽ | 22 | 17 | 5@100=500 |
| 37. | 2674 | വൃക്കകൾ | 1 | 0 | 1@75=75 |
| 38. | 2684 | കൃഷിയിലെ പ്രകൃതിനിയമങ്ങൾ | 10 | 8 | 2@65=130 |
| 39. | 2693 | സ്വാതന്ത്ര്യത്തിലേയ്ക്ക് നയിച്ച ആചാര്യന്മാർ | 6 | 5 | 1@150=150 |
| 40. | 2696 | ഇസ്ലാമിക ചരിത്രം | 1 | 0 | 1@60=60 |
| 41. | 2703 | ഗാന്ധിദർശനം | 34 | 33 | 1@80=80 |
| 42. | 2734 | അമ്മദൈവങ്ങളും സംസ്കാരവും | 18 | 17 | 1@60=60 |
| 43. | 2736 | മണ്ണും സസ്യപോഷണവും | 2 | 1 | 1@100=100 |

| | | | | | |
|---|---|---|---|---|---|
| 44. | 2741 | വിവരസാങ്കേതിക വിദ്യ നിത്യജീവിതത്തിൽ | 2 | 0 | 2@75=150 |
| 45. | 2743 | കേരള ചരിത്രസാക്ഷ്യങ്ങൾ | 10 | 9 | 1@100=100 |
| 46. | 2747 | ഭാരതബൃഹദ്ചരിത്രം | 17 | 16 | 1@130=130 |
| 47. | 2749 | കേരളം ലോകചരിത്രത്തിലൂടെ | 2 | 0 | 2@130=260 |
| 48. | 2758 | കബീർദാസ് | 3 | 0 | 3@40=120 |
| 49. | 2794 | കേരളചരിത്രവും സമൂഹ രൂപീകരണവും | 8 | 6 | 2@180=360 |
| 50. | 2811 | കേസരി വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ | 17 | 10 | 7@180=1260 |
| 51. | 2830 | അരവിന്ദഘോഷ് | 2 | 1 | 1@40=40 |
| 52. | 2854 | മാനസികാരോഗ്യവും വ്യക്തിത്വവികസനവും | 36 | 0 | 36@120=4320 |
| 53. | 2866 | ദേവപ്രശ്നാമൃതം | 2 | 0 | 2@160=320 |
| 54. | 2873 | ഉത്തരകേരളത്തിലെ മലയസംസ്കൃതി | 7 | 6 | 1@110=110 |
| 55. | 2874 | ഫോക്‌ലോർ | 1 | 0 | 1@210=210 |
| 56. | 2879 | കലാമണ്ഡലം കല്യാണക്കുട്ടിയമ്മ | 81 | 80 | 1@40=40 |
| 57. | 2883 | മാഡംക്യൂറി | 19 | 18 | 1@40=40 |
| 58. | 2888 | സ്വാതന്ത്ര്യം കൊണ്ടു നാം എന്തു ചെയ്തു | 3 | 2 | 1@75=75 |
| 59. | 2892 | ഇലക്ട്രോണിക്സ് അടിസ്ഥാനതത്വങ്ങൾ | 1 | 0 | 1@100=100 |
| 60. | 2904 | ലോകചരിത്രം I | 17 | 0 | 17@130=2210 |
| 61. | 2905 | ലോകചരിത്രം II | 5 | 3 | 2@150=300 |
| 62. | 2910 | വാർദ്ധക്യകാലരോഗങ്ങൾ | 47 | 35 | 12@70=840 |
| 63. | 2916 | 72 ബ്രഹ്മനാദശ്രുതികൾ | 31 | 30 | 1@90=90 |
| 64. | 2917 | പഴം പച്ചക്കറികൾ | 8 | 1 | 7@80=560 |
| 65. | 2920 | ശാസ്ത്ര മഞ്ജുഷ | 58 | 56 | 2@55=110 |
| 66. | 2928 | ഇ-മലയാളം | 2 | 0 | 2@70=140 |
| 67. | 2944 | ശ്രീനാരായണഗുരുദേവ കൃതികൾ II | 24 | 23 | 1@300=300 |
| 68. | 2951 | നമ്മുടെ നിയമങ്ങൾ | 24 | 22 | 2@75=150 |
| 69. | 2955 | ശ്രീവാഗ്ഭടാനന്ദ ഗുരുദേവൻ | 6 | 5 | 1@200=200 |

| | | | | | |
|---|---|---|---|---|---|
| 70. | 2962 | ഉത്തരകേരളത്തിലെ വേട്ടുവർ | 51 | 49 | 2@120=240 |
| 71. | 2964 | വിമർശനാത്മക വിദ്യാഭ്യാസം | 17 | 16 | 1@50=50 |
| 72. | 2965 | സ്വാമി വിവേകാനന്ദനും കേരളവും | 5 | 4 | 1@60=60 |
| 73. | 2977 | ഹരിതഗൃഹത്തിന്റെ തച്ചുശാസ്ത്രം | 122 | 121 | 1@90=90 |
| 74. | 2980 | കേരളത്തനിമ | 4 | 3 | 1@300=300 |
| 75. | 3010 | സെൻഗാർ (Sengaar) | 34 | 33 | 1@40=40 |
| 76. | 3014 | രാജീവ് ഗാന്ധി | 10 | 9 | 1@40=40 |
| 77. | 3027 | റൂസ്സോ | 22 | 21 | 1@60=60 |
| 78. | 3032 | കേസരിയുടെ ചരിത്ര ഗവേഷണങ്ങൾ IV | 2 | 1 | 1@270=270 |
| 79. | 3035 | ഉച്ചാരണം നന്നാവാൻ | 11 | 6 | 5@40=200 |
| 80. | 3041 | തൊണ്ടരോഗങ്ങൾ | 2 | 1 | 1@60=60 |
| 81. | 3050 | ലോകവ്യാപാര സംഘടനയും ലോകരാജ്യങ്ങളും | 87 | 86 | 1@85=85 |
| 82. | 3062 | ദൃശ്യശ്രാവ്യ മാധ്യമങ്ങൾ (രണ്ടാം പതിപ്പ്) | 13 | 12 | 1@75=75 |
| 83. | 3066 | കേരളയഹൂദരുടെ സാംസ്കാരിക ചരിത്രം | 21 | 20 | 1@150=150 |
| 84. | 3084 | റെഡ് ബുക്ക് | 10 | 9 | 1@135=135 |
| 85. | 3088 | തനിനാടൻ മറുനാടൻ | 31 | 30 | 1@50=50 |
| 86. | 3090 | റേഡിയോ കഥയും കലയും | 5 | 4 | 1@80=80 |
| 87. | 3115 | കേരള ഗൗതമീയം | 21 | 20 | 1@110=110 |
| 88. | 3129 | പാമ്പുകടിയും വിഷചികിത്സയും | 1 | 0 | 1@80=80 |
| 89. | 3131 | ഹൃദ്രോഗം - കാരണങ്ങൾ ചികിത്സകൾ | 26 | 25 | 1@70=70 |
| 90. | 3138 | തന്ത്രസാഹിത്യം | 16 | 15 | 1@75=75 |
| 91. | 3140 | ജലസഞ്ചാരതെയ്യങ്ങൾ | 39 | 38 | 1@100=100 |
| 92. | 3145 | ഭാരതീയ ഗണിതം (3-ാം പതിപ്പ്) | 66 | 60 | 6@150=900 |
| 93. | 3146 | ഗോത്രസംസ്കാര പഠനങ്ങൾ | 31 | 30 | 1@70=70 |
| 94. | 3149 | മായാത്ത മുദ്ര | 32 | 31 | 1@130=130 |

| | | | | | |
|---|---|---|---|---|---|
| 95. | 3162 | ആർ.ശങ്കർ | 40 | 39 | 1@40=40 |
| 96. | 3169 | ദൈവനീതിയും വിപണിജീവിതവും | 29 | 28 | 1@75=75 |
| 97. | 3173 | യക്ഷഗാനം | 87 | 84 | 3@160=480 |
| 98. | 3174 | പൊട്ടൻതെയ്യം | 15 | 10 | 5@90=450 |
| 99. | 3181 | വാക്കിന്റെ വരവ് | 26 | 25 | 1@100=100 |
| 100. | 3183 | Gestures of Kathakali | 20 | 19 | 1@600=600 |
| 101. | 3206 | കൃഷ്ണനാട്ടം | 75 | 74 | 1@75=75 |
| 102. | 3214 | പൂന്താനം | 10 | 9 | 1@40=40 |
| 103. | 3242 | കാൽപ്പനികത മലയാള കവിതയിൽ | 20 | 18 | 2@60=120 |
| 104. | 3244 | ഡ്രൈവിംഗ് മാന്വൽ | 1 | 0 | 1@90=90 |
| 105. | 3254 | വാസ്തുശാസ്ത്രം അന്നും ഇന്നും | 1 | 0 | 1@200=200 |
| 106. | 3258 | വാസിഷ്ഠസുധ ▯ യോഗ വാസിഷ്ഠസാരം | 18 | 16 | 2@200=400 |
| 107. | 3260 | മലയാളത്തിലെ ഇംഗ്ലീഷ് | 2 | 0 | 2@200=400 |
| 108. | 3262 | പരിസ്ഥിതി ദർശനം മലയാള കവിതയിൽ | 1 | 0 | 1@100=100 |
| 109. | 3264 | പ്രതിരോധ സംസ്കാരം സിദ്ധാന്തവും പ്രതിരോധവും | 21 | 20 | 1@70=70 |
| 110. | 3268 | വൈക്കം മുഹമ്മദ് ബഷീർ ദാർശികനായ സാഹിത്യകാരൻ | 5 | 4 | 1@200=200 |
| 111. | 3276 | കേരളീയ കലാദർശനം | 3 | 0 | 3@80=240 |
| 112. | 3295 | കേരളം ലോകചരിത്രത്തിലൂടെ | 10 | 0 | 10@160=1600 |
| 113. | 3298 | കേരളത്തിലെ ധാതുമണലുകൾ | 17 | 13 | 4@90=360 |
| 114. | 3299 | ഒരുഭൂമി ഒരാകാശം ഒരു സൂര്യൻ | 16 | 15 | 1@65=65 |
| 115. | 3300 | കേരള സംസ്കാര ചരിത്ര നിഘണ്ടു | 5 | 4 | 1@650=650 |
| 116. | 3313 | ഇ-മലയാളം | 28 | 25 | 3@70=210 |
| 117. | 3332 | കുചേലവൃത്തം വഞ്ചിപ്പാട്ട് പാഠവും പഠനവും | 6 | 4 | 2@70=140 |
| 118. | 3345 | ഭാരതീയ കാവ്യശാസ്ത്രം | 5 | 4 | 1@200=200 |
| 119. | 3353 | ഋത്വിക് ഘട്ടക് | 10 | 9 | 1@40=40 |
| 120. | 3358 | കണ്ണശ്ശൻമാർ | 38 | 37 | 1@40=40 |

| | | | | | |
|---|---|---|---|---|---|
| 121. | 3367 | വാർത്ത I | 4 | 3 | 1@100=100 |
| 122. | 3376 | അകിറ കുറസോവ | 19 | 11 | 8@40=320 |
| 123. | 3390 | ഭാരതീയ പൈതൃകം വാല്യം I | 5 | 4 | 1@110=110 |
| 124. | 3399 | വാർത്ത വാല്യം II | 50 | 44 | 6@130=780 |
| 125. | 3406 | ശങ്കരാചാര്യർ | 38 | 26 | 12@40=480 |
| 126. | 3422 | എം.എൻ.വിജയന്റെ ബൗദ്ധികജീവിതം | 8 | 7 | 1@140=140 |
| 127. | 3446 | ആറ്റങ്ങൾ മുതൽ ധൂമകേതുക്കൾ വരെ | 20 | 19 | 1@50=50 |
| 128. | 3452 | മസ്തിഷ്കേതര നാഡീരോഗങ്ങൾ | 6 | 5 | 1@75=75 |
| 129. | 3455 | സന്ധിവാതരോഗങ്ങൾ - ചികിത്സയും പരിഹാരമാർഗ്ഗങ്ങളും | 1 | 0 | 1@90=90 |
| 130. | 3461 | കർക്കിടക ചികിത്സയും പഞ്ചകർമ്മയും | 13 | 12 | 1@70=70 |
| 131. | 3462 | കരൾരോഗം | 5 | 4 | 1@100=100 |
| 132. | 3464 | മൂത്രാശയരോഗങ്ങൾ | 6 | 4 | 2@120=240 |
| 133. | 3470 | പാശ്ചാത്യ ഭാഷാപഠനം | 39 | 38 | 1@75=75 |
| 134. | 3471 | നന്മയുടെ സുകൃതം | 32 | 31 | 1@70=70 |
| 135. | 3478 | പൂമ്പാറ്റകളും ജൈവവൈവിധ്യവും | 1 | 0 | 1@80=80 |
| 136. | 3490 | തവളകളുടെ മായികലോകം | 30 | 28 | 2@75=150 |
| 137. | 3500 | ഡിജിറ്റൽ ഫോട്ടോഗ്രാഫി | 36 | 33 | 3@550=1650 |
| 138. | 3502 | ഉറുമ്പുകൾ | 5 | 4 | 1@60=60 |
| 139. | 3504 | കല്ലുമ്മക്കായ | 35 | 34 | 1@50=50 |
| 140. | 3519 | ഉത്തരാധുനിക ശാസ്ത്രം | 17 | 16 | 1@90=90 |
| 141. | 3520 | മിന്നലും ഇടിയും | 1 | 0 | 1@70=70 |
| 142. | 3526 | ഇൻഡിസൈൻ | 10 | 9 | 1@100=100 |
| 143. | 3529 | ജൈവരസതന്ത്രം | 34 | 33 | 1@50=50 |
| 144. | 3533 | മാലിന്യ സംസ്കരണവും കാലാവസ്ഥാ വ്യതിയാനവും | 3 | 2 | 1@50=50 |
| 145. | 3538 | സ്വയംതൊഴിൽ സംരംഭങ്ങൾ മൃഗസംരക്ഷണമേഖല | 10 | 9 | 1@50=50 |

| | | | | | |
|---|---|---|---|---|---|
| 146. | 3543 | അലങ്കാര പൂച്ചെടികൾ | 14 | 12 | 2@100=200 |
| 147. | 3545 | ജൈവസാങ്കേതിക വിദ്യയ്ക്ക് ഒരാമുഖം | 32 | 30 | 2@50=100 |
| 148. | 3551 | പ്രഥമശുശ്രൂഷ എന്ത്, എപ്പോൾ, എങ്ങനെ | 2 | 0 | 2@300=600 |
| 149. | 3563 | പ്രാകൃതഭാഷാ മലയാള നിഘണ്ടു | 56 | 55 | 1@70=70 |
| 150. | 3566 | എംബ്രോയിഡറി | 14 | 13 | 1@650=650 |
| 151. | 3583 | ജീവിതനൈപുണി വിദ്യാഭ്യാസം | 31 | 26 | 5@90=450 |
| 152. | 3606 | ഡ്രൈവിംഗ് മാന്വൽ | 87 | 86 | 1@100=100 |
| 153. | 3609 | കാളിനാടകം | 23 | 22 | 1@170=170 |
| 154. | 3610 | പാശ്ചാത്യസാഹിത്യ സിദ്ധാന്തം | 20 | 19 | 1@230=230 |
| 155. | 3625 | ഭാഷാർത്ഥം | 26 | 25 | 1@70=70 |
| 156. | 3630 | വളർച്ചാ വൈകല്യങ്ങൾ കുട്ടികളിൽ | 27 | 25 | 2@150=300 |
| 157. | 3633 | സ്തനാർബുദം | 55 | 53 | 2@80=160 |
| 158. | 3639 | മഹാകവി പി.കളിയച്ഛന്റെ കാൽപ്പാടുകൾ | 32 | 31 | 1@140=140 |
| 159. | 3642 | ആരാച്ചാർ പഠനങ്ങൾ | 4 | 0 | 4@100=400 |
| 160. | 3645 | ജി.കാർത്തികേയന്റെ തെരഞ്ഞെടുത്ത ലേഖനങ്ങൾ | 7 | 5 | 2@65=130 |
| 161. | 3646 | എഴുത്ത് നന്നാവാൻ | 21 | 20 | 1@80=80 |
| 162. | 3647 | ജ്യോതിഷം ഭാരതത്തിൽ | 21 | 20 | 1@150=150 |
| 163. | 3651 | മലബാർ കുടിയേറ്റം വർത്തമാനം | 10 | 8 | 2@120=240 |
| 164. | 3653 | സംസ്കൃത വ്യാകരണത്തിന് കേരള പാണിനിയുടെ സംഭാവന | 46 | 44 | 2@50=100 |
| 165. | 3657 | ഡോ.എം.എസ്.സ്വാമിനാഥൻ ഇന്ത്യൻ കാർഷിക വിപ്ലവത്തിന്റെ ശില്പി | 25 | 24 | 1@60=60 |
| 166. | 3662 | കവിതാബോധനം | 85 | 82 | 3@50=150 |
| 167. | 3663 | ഭദ്രകാളിപ്പാട്ട് | 40 | 39 | 1@75=75 |
| 168. | 3670 | വ്യാസദർപ്പണം | 14 | 12 | 2@75=150 |
| 169. | 3677 | ചിത്രകല ഒരു സാങ്കേതികപഠനം | 26 | 25 | 1@130=130 |

| | | | | | |
|---|---|---|---|---|---|
| | | (5-ാം പതിപ്പ്) | | | |
| 170. | 3686 | കളിമൺ ശിൽപ്പകല (3-ാം പതിപ്പ്) | 32 | 30 | 2@110=220 |
| 171. | 3708 | ദൃശ്യഭാഷ (2-ാം പതിപ്പ്) | 28 | 27 | 1@120=120 |
| 172. | 3710 | തെയ്യം (3-ാം പതിപ്പ്) | 7 | 0 | 7@180=1260 |
| 173. | 3720 | അസംബ്ലി വായന സ്കൂൾ തലത്തിൽ | 75 | 73 | 2@70=140 |
| 174. | 3745 | വടക്കൻ മലയാളം | 6 | 4 | 2@170=340 |
| 175. | 3749 | മാടായിപ്പാറയിലെ കാണാക്കാഴ്ചകൾ | 15 | 12 | 3@180=540 |
| 176. | 10046 | ഡോ.അംബേദ്കർ സമ്പൂർണ്ണ കൃതികൾ Vol VI | 30 | 22 | 8@25=200 |
| 177. | 10050 | ഡോ.അംബേദ്കർ സമ്പൂർണ്ണ കൃതികൾ Vol X | 11 | 10 | 1@40=40 |
| 178. | 10016 | ഡോ.അംബേദ്കർ സമ്പൂർണ്ണ കൃതികൾ Vol XV | 13 | 11 | 2@125=250 |
| 179. | 10063 | ഡോ.അംബേദ്കർ സമ്പൂർണ്ണ കൃതികൾ Vol XXIII | 2 | 0 | 2@60=120 |
| 180. | 10066 | ഡോ.അംബേദ്കർ സമ്പൂർണ്ണ കൃതികൾ Vol XXVI | 1 | 0 | 1@40=40 |
| 181. | 10076 | ഡോ.അംബേദ്കർ സമ്പൂർണ്ണ കൃതികൾ Vol XXXV | 14 | 13 | 1@125=125 |
| 182. | 519 | തെരഞ്ഞെടുത്ത പ്രബന്ധം | 4 | 3 | 1@200=200 |
| 183. | 657 | ചെറുശ്ശേരി പ്രണാമം | 6 | 5 | 1@185=185 |
| 184. | 671 | കുഞ്ഞിക്കുട്ടൻ തമ്പുരാൻ | 1 | 0 | 1@105=105 |
| | | **ആകെ കുറവു വന്ന പുസ്തകങ്ങൾ =**<br>**വില =** | | | **391**<br>**42933/-** |

39. <u>ചിതൽ ശല്യം മൂലം വർഷം തോറും പുസ്തകങ്ങൾ നഷ്ടപ്പെടുന്നു. പരിഹാരം കാണുന്നില്ല .</u>

ഗാന്ധിപീസ് ഫൗണ്ടേഷന്റെ കീഴിലുള്ള 'ഗാന്ധിഗൃഹ'ത്തിലാണ് കോഴിക്കോട് പ്രാദേശിക കേന്ദ്രത്തിലെ മെയിൻ ഗോഡൗൺ പ്രവർത്തിക്കുന്നത്. ഗോഡൗണിനായി വാടകയ്ക്ക് നൽകിയിട്ടുള്ള മുറിയ്ക്ക് 800 സ്ക്വ.ഫീറ്റ് വിസ്തീർണമാണുള്ളത്. മാസ വാടക 2250/- രൂപയാണ്.

17.02.2017 ൽ ഗോഡൗൺ സന്ദർശിക്കുന്ന വേളയിൽ 93,03,820/- രൂപ മുഖവിലയുള്ള 77288 പുസ്തകങ്ങൾ ഗോഡൗണിൽ ഉണ്ടായിരുന്നു. ഇതുകൂടാതെ 6000 പുസ്തകങ്ങൾ, പുസ്തക പ്രദർശന ഹാളിലേയ്ക്ക് നൽകിയിട്ടുമുണ്ട്.

രൂക്ഷമായ ചിതൽശല്യം ഗോഡൗണിലെ പുസ്തകങ്ങൾ നശിക്കുവാൻ ഇടവരുത്തുന്നു. 2015-16 സാമ്പത്തിക വർഷത്തെ സ്റ്റോക്കെടുപ്പിൽ 71,550/- രൂപ മുഖവിലയുള്ള 677 പുസ്തകങ്ങൾ ചിതൽ പിടിച്ച് നശിച്ചിട്ടുണ്ട്. നശിച്ച പുസ്തകങ്ങളുടെ വിവരം ഇതോടൊപ്പം ചേർക്കുന്നു. നശിച്ച പുസ്തകങ്ങളിൽ പുതിയ പുസ്തകങ്ങളും ഉൾപ്പെടുന്നുണ്ട്. ഓരോ വർഷവും ഇപ്രകാരം പുസ്തകം നശിക്കുന്നത് വൻ സാമ്പത്തിക നഷ്ടത്തിന് ഇടവരുത്തുന്നു. കെട്ടിടത്തിന്റെ കാലപ്പഴക്കം എളുപ്പത്തിൽ പുസ്തകങ്ങളിൽ ചിതൽ ഉണ്ടാകാൻ കാരണമാകുന്നു. കൂടാതെ പരിമിതമായ സ്ഥലമായതിനാൽ പുസ്തകങ്ങൾ അടുക്കിയിരിക്കുന്ന ഷെൽഫുകൾ നിറഞ്ഞ് പുസ്തകം തറയിൽ ഇടേണ്ടതായും വരുന്നു. (ഒരാൾക്ക് നിൽക്കാൻ മാത്രമുള്ള സ്ഥലസൗകര്യമേ ഗോഡൗണിലുള്ളൂ.) നിലവിൽ ഒരു ഗോഡൗൺ കീപ്പറാണുള്ളത്. 05.01.2015 ൽ രൂക്ഷമായ ചിതൽശല്യം പരിഹരിക്കാൻ നടപടി ആവശ്യപ്പെട്ട് ഗോഡൗൺ കീപ്പർ നൽകിയ സമർപ്പണത്തിന്, തൽക്കാലം

തറയിൽ ടിൻ ഷീറ്റ് വിരിയ്ക്കുവാൻ ഡയറക്ടർ അനുമതി നൽകിയിരുന്നു. എന്നാൽ 800 Sq.ft. വിസ്തീർണമുള്ള സ്ഥലത്ത് മുഴുവനായി ടിൻ ഷീറ്റ് വിരിച്ചിട്ടില്ല. വളരെ കുറച്ച് സ്ഥലത്ത് മാത്രമാണ് ടിൻ ഷീറ്റ് വിരിച്ചിട്ടുള്ളത്. എന്നാൽ ഇതൊന്നും ചിതൽ നശീകരണത്തിന് ശാശ്വത പരിഹാരമായില്ല.

ചിതൽ നശിപ്പിക്കുവാൻ സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷനോട് നടപടി ആവശ്യപ്പെട്ടതനുസരിച്ച് ഓരോ മാസവും ചിതൽ നാശിനി സ്പ്രേ ചെയ്യാൻ നിർദ്ദേശിച്ചിരുന്നു. ഡയറക്ടറുടെ 07.01.2017 ലെ എസ്.പി.5/736/2011/സിൽ കത്തു പ്രകാരം ശാസ്ത്രീയമായ രീതിയിൽ പെസ്റ്റ് കൺട്രോൾ ചെയ്യാൻ അനുമതി നൽകി. ഫെബ്രുവരി 2016 മുതൽ ഓരോ മാസവും ഗോഡൗണിൽ കീടനാശിനി സ്പ്രേ ചെയ്യുന്നുണ്ട്. ഇതിനായി ഓരോ മാസവും 850/- രൂപയാണ് ചെലവുള്ളത്.

തറയിൽ കൂട്ടിയിട്ടിരിക്കുന്ന പുസ്തകങ്ങൾക്ക് നാശനഷ്ടം സംഭവിച്ചിട്ടുണ്ടോ എന്നു പരിശോധിയ്ക്കുന്നത് ശ്രമകരമായ പ്രവൃത്തി ആണ്. ഒരു ഉദ്യോഗസ്ഥന് മാത്രമായി ഇത് പരിശോധിയ്ക്കാനും സാധിക്കില്ല. പുതുതായി പ്രിന്റു ചെയ്യുന്ന പുസ്തകങ്ങൾ തറയിൽ വയ്ക്കുന്നതിനേ നിവർത്തിയുള്ളൂ. ഷെൽഫുകൾ എല്ലാം നിറഞ്ഞ അവസ്ഥയിലുമാണ്. കൂടുതൽ സൗകര്യവും വിസ്തൃതവുമായ സ്ഥലത്തേയ്ക്ക് ഗോഡൗൺ മാറ്റേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ആയതിനാൽ എത്രയും വേഗം ഗോഡൗൺ സൗകര്യപ്രദമായ സ്ഥലത്തേയ്ക്ക് മാറ്റേണ്ടതും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് നഷ്ടം സംഭവിയ്ക്കാത്ത രീതിയിലുള്ള സത്വര നടപടി കൈക്കൊള്ളേണ്ടതുമാണ്.

## 2015-16 വർഷത്തെ സ്റ്റോക്കെടുപ്പ് റിപ്പോർട്ട്

## പ്രാദേശിക കേന്ദ്രം ഗോഡൗണിൽ ചിതലരിച്ച് ഉപയോഗിക്കാൻ പറ്റാത്ത വിധത്തിൽ നശിച്ചുപോയ പുസ്തകങ്ങളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

| ബിൽ നമ്പർ | പുസ്തകത്തിന്റെ പേര് | വില | എണ്ണം | ആകെ വില |
|---|---|---|---|---|
| 1535 | ക്രിസ്തു ദർശനം | 175 | 9 | 1575 |
| 1584 | മുസ്ലീം ലോകത്തിലെ കുടുംബനിയമ പരിഷ്കാരം | 80 | 1 | 80 |
| 1632 | പ്രൗഢാനുഭൂതി | 155 | 3 | 465 |
| 1645 | രണ്ടു വിദ്യാരണ്യ കൃതികൾ | 140 | 1 | 140 |
| 1817 | പൂന്താനവും ഭക്തിപ്രസ്ഥാനവും | 40 | 35 | 1400 |
| 2045 | കുഞ്ഞുതമ്പി വലിയതമ്പി | 60 | 17 | 1020 |
| 2088 | കവിയും കവിതയും | 155 | 5 | 775 |
| 2097 | ഇബ്സന്റെ നാടകസങ്കല്പം | 45 | 1 | 45 |
| 2100 | നവോത്ഥാനം ആംഗല സമൂഹത്തിൽ | 150 | 12 | 1800 |
| 2172 | സൗന്ദര്യശാസ്ത്രം | 90 | 8 | 720 |
| 2180 | ഫുട്ബോൾ കാലങ്ങളിലൂടെ | 60 | 1 | 60 |
| 2203 | താരതമ്യ നാട്യദർശനം | 70 | 1 | 70 |
| 2209 | മലബാർ പഠനങ്ങൾ | 55 | 5 | 275 |
| 2244 | ചരിത്രത്തിന്റെ മുദ്രണങ്ങൾ | 55 | 8 | 440 |
| 2341 | അടിസ്ഥാന വ്യാകരണം ഉത്തരഭാഗം | 50 | 13 | 650 |
| 2359 | കേരളോദയം | 50 | 21 | 1050 |
| 2423 | കെ.പി.അപ്പൻ | 170 | 1 | 170 |
| 2482 | ഭാഷാ ശാസ്ത്ര ദൃഷ്ടിയിലൂടെ | 155 | 2 | 310 |
| 2575 | മാപ്പിള സാഹിത്യ പഠനങ്ങൾ | 120 | 8 | 960 |
| 2597 | കഥകളിയിലെ മനോധർമ്മങ്ങൾ | 60 | 21 | 1260 |
| 2612 | പദകോശം നിയമം | 60 | 3 | 180 |
| 2623 | ഹൈസൻബർഗ്ഗിന്റെ ലോകം | 105 | 1 | 105 |
| 2640 | ടൂറിസം | 65 | 37 | 2405 |

| | | | | |
|---|---|---|---|---|
| 2698 | കൃത്തിവാസ രാമായണം | 225 | 1 | 225 |
| 2779 | വിവർത്തന വിചാരം | 80 | 26 | 2080 |
| 2809 | തളിരുകൾ III ഭാഗം | 130 | 25 | 3250 |
| 2817 | സ്വാതി തിരുനാൾ | 470 | 8 | 3760 |
| 2896 | ഓട്ടോമൊബൈൽ മെക്കാനിക്ക് | 150 | 10 | 1500 |
| 2904 | ലോകചരിത്രം I | 130 | 14 | 1820 |
| 2953 | ദമിതം | 125 | 25 | 3125 |
| 2967 | നാം കുതിച്ചാൽ ഭൂമിയോളം | 60 | 1 | 60 |
| 2983 | തീരദേശകലാനിഘണ്ടു | 200 | 4 | 800 |
| 2987 | വേദാന്തദർശനം II | 300 | 2 | 600 |
| 3058 | ഉപന്യാസ സാഹിത്യം | 100 | 6 | 600 |
| 3066 | കേരള യഹൂദരുടെ സാംസ്കാരിക ചരിത്രം | 150 | 12 | 1800 |
| 3086 | സംഗീതവും ജീവിതവും | 180 | 10 | 1800 |
| 3087 | ത്യാഗരാജ സ്വാമികൾ കൃതികൾ | 300 | 1 | 300 |
| 3130 | മറവിരോഗങ്ങൾ | 75 | 2 | 150 |
| 3144 | സ്വാതി തിരുനാൾ കൃതികൾ | 380 | 5 | 1900 |
| 3153 | പാറപ്പുറത്ത് | 100 | 31 | 3100 |
| 3159 | ഫോക്.ലോർ | 80 | 16 | 1280 |
| 3160 | സൂത്രധാരാ ▯. ഏതിലേ ഏതിലേ | 130 | 83 | 10790 |
| 3195 | കേരളീയ വസ്ത്ര പാരമ്പര്യം | 110 | 3 | 330 |
| 3197 | കേരളീയ വിഷചികിത്സാ പാരമ്പര്യം | 90 | 1 | 90 |
| 3199 | കീഴാള ജനതയും ജനകീയനാടകവും | 150 | 1 | 150 |
| 3247 | ആതുര ശുശ്രൂഷ | 60 | 13 | 780 |
| 3270 | ജീൻ ജീവൻ ജനിതകം | 75 | 13 | 975 |
| 3272 | ജീവൻ എന്ന സമസ്യ | 50 | 3 | 150 |
| 3292 | ഇന്ത്യൻ ഭരണഘടന | 250 | 7 | 1750 |
| 3311 | ആസ്ത്മ | 85 | 5 | 425 |
| 3317 | ജലവും ജലസംരക്ഷണവും | 160 | 6 | 960 |
| 3321 | ദർശന ദീപ്തി | 180 | 3 | 540 |

| | | | | |
|---|---|---|---|---|
| 3341 | പമ്പാനദി | 120 | 22 | 2640 |
| 3253 | ആദിവാസികളുടെ ലോകം | 140 | 37 | 5180 |
| അംബേദ്കർ കൃതികൾ | Vol XVII PB | 25 | 1 | 25 |
| “ “ | XX PB | 40 | 24 | 960 |
| “ “ | XXI PB | 30 | 21 | 630 |
| “ “ | XXVI PB | 40 | 5 | 200 |
| “ “ | XXVII PB | 30 | 8 | 240 |
| “ “ | XXVII DLX | 95 | 2 | 190 |
| “ “ | XXIX PB | 40 | 1 | 40 |
| 15016 | പി.എസ്.നടരാജപിള്ള | 20 | 1 | 20 |
| 15027 | മാണിമാധവീയം | 110 | 1 | 110 |
| 15031 | കുട്ടനാട്ടും കർഷക തൊഴിലാളി സമരവും | 90 | 3 | 270 |
| | | | **677** | **71,550.00** |

ചിതലരിച്ച് കേടായ പുസ്തകങ്ങളുടെ എണ്ണം = 677

ചിതലരിച്ച് കേടായ പുസ്തകങ്ങളുടെ വില = 71550

## 40. സ്വകാര്യ വാഹനത്തിന്റെ വെഹിക്കിൾ രസീത് പൂർണ്ണമല്ല .

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിച്ച പുസ്തക പ്രകാശന ചടങ്ങുകൾക്ക് പങ്കെടുക്കുവാൻ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ റെയിൽവേസ്റ്റേഷനിൽ നിന്നും ഗസ്റ്റ് ഹൗസിലേയ്ക്കും പുസ്തകപ്രകാശന വേദിയിലേയ്ക്കും സഞ്ചരിക്കുന്നതിന് സ്വകാര്യ വാഹനങ്ങൾ വാടകയ്ക്ക് എടുത്തിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം '6' പുസ്തകപ്രകാശന ചടങ്ങുകളാണ് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിച്ചത്. ഇവയിലെല്ലാം മന്ത്രിമാർ ഉൾപ്പെടുന്ന പ്രമുഖ വ്യക്തികൾ പങ്കെടുത്തിരുന്നു. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർക്ക് സഞ്ചരിയ്ക്കുവാൻ സ്വകാര്യ വാഹനം വാടകയ്ക്ക്

എടുത്തതിന്റെ വെഹിക്കിൾ രസീത് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ഇവയൊന്നും പൂർണ്ണമല്ല. ഹാജരാക്കിയ രസീതിൽ വാഹനം ഉപയോഗിച്ച വ്യക്തി പേരും ഒപ്പും രേഖപ്പെടുത്താതെയും, മറ്റ് രേഖപ്പെടുത്തലുകൾ വരുത്താതെയുമാണ് ഹാജരാക്കിയിട്ടുള്ളത്. ഇക്കാര്യം ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ.7 ന് ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടതായും, ഇനി മുതൽ വെഹിക്കിൾ രസീതിൽ മുഴുവൻ കാര്യങ്ങളും രേഖപ്പെടുത്തി സൂക്ഷിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. ഓഡിറ്റിനു ഹാജരാക്കുന്ന രേഖകൾ കൃത്യതയും പൂർണ്ണതയും ഉറപ്പുവരുത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 41. <u>അഡ്വാൻസ് ക്രമീകരിയ്ക്കുന്നതും , രജിസ്റ്റർ പരിപാലിയ്ക്കുന്നതും പ്രശംസ അർഹിയ്ക്കുന്നു .</u>

കോഴിക്കോട് പ്രാദേശിക കേന്ദ്രത്തിലെ കണ്ടിജന്റ് ചെലവുകൾക്കായി മുൻകൂർ തുക അനുവദിയ്ക്കാറുണ്ട്. പുസ്തക പ്രദർശനം, പുസ്തകപ്രകാശന ചടങ്ങുകൾ, കണ്ണൂർ ഷോറൂമിലേയ്ക്ക് പുസ്തകം എത്തിക്കുന്നതിനുള്ള ചെലവ്, തിരുവനന്തപുരം ഹെഡ്ഡാഫീസിൽ നിന്നും പ്രാദേശിക കേന്ദ്രം ഗോഡൗണിലേയ്ക്ക് പുസ്തകം കൊണ്ടുവരുന്നതിനുള്ള ചെലവ്, തുടങ്ങിയവയ്ക്കാണ് മുൻകൂർ തുക അനുവദിയ്ക്കുന്നത്. മുൻകൂർ തുക കൈപ്പറ്റി മൂന്നു മാസത്തിനകം തുക ക്രമപ്പെടുത്തേണ്ടതാണ്. അനുവദിയ്ക്കുന്ന മുൻകൂർ ക്രമപ്പെടുത്തുന്നതിൽ അതീവ ശ്രദ്ധ ചെലുത്തുന്നുണ്ട്. മുൻകൂർ കൈപ്പറ്റി മൂന്നുമാസത്തിനകം ക്രമപ്പെടുത്താത്ത ജീവനക്കാരിൽ നിന്നും 18% പലിശയും ഈടാക്കുന്നുണ്ട്.

മുൻകൂർ രജിസ്റ്ററും കൃത്യമായി എല്ലാ രേഖപ്പെടുത്തലുകളും വരുത്തി സൂക്ഷിക്കുന്നു.

## 42. സ്റ്റോക്ക് രജിസ്റ്റർ  പുതിയ രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ് .

കോഴിക്കോട് റീജിയണൽ സെന്ററിൽ ഓഫീസ് ഉപകരണങ്ങളുടെയും, ഓഫീസ് സ്റ്റേഷണറിയുടെയും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിയ്ക്കുന്നുണ്ട്. ഇവയിൽ ഓഫീസ് സ്റ്റേഷണറിയ്ക്ക് '2' വാല്യമാണുള്ളത്. ഇതിൽ ആദ്യ വാല്യം പഴക്കം കാരണം പേജുകൾ ഇളകി മാറിയ നിലയിലാണ്. അതിനാൽ ആദ്യ വാല്യത്തിനു പകരം പുതിയ രജിസ്റ്റർ ആരംഭിയ്ക്കേണ്ടതാണ്.

ഓഫീസ് ഫർണീച്ചർ, മറ്റ് സാധനങ്ങൾ എന്നിവയ്ക്ക് സ്റ്റോക്ക് രജിസ്റ്റർ പ്രത്യേകമായി സൂക്ഷിക്കുന്നുണ്ട്. ഈ രജിസ്റ്ററിലെ പേപ്പറുകളും രജിസ്റ്ററിൽ നിന്നും ഇളകി മാറിയ നിലയിലാണ്. ഓഫീസിലെ കമ്പ്യൂട്ടർ, പ്രിന്റർ എന്നിവയുടെ വിവരവും ഈ രജിസ്റ്ററിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കമ്പ്യൂട്ടർ, പ്രിന്റർ എന്നിവയ്ക്കായി പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. പഴകിയ രജിസ്റ്ററിനു പകരമായി പുതിയ രജിസ്റ്റർ ആരംഭിയ്ക്കേണ്ടതുമാണ്.

## 43. ഗ്രന്ഥകാരന് അധിക നിരക്കിൽ ഡിസ്കൗണ്ട് അനുവദിച്ചു .

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ എറണാകുളം വിൽപ്പനശാലയിൽ നിന്നും ഗ്രന്ഥകർത്താക്കൾക്ക് പുസ്തകം നൽകിയതിന് 40% ഡിസ്കൗണ്ട് അനുവദിച്ചിട്ടുണ്ട്. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ 04.05.2011 ലെ എസ്.പി.3/43/2010/സിൽ നമ്പർ ഉത്തരവു പ്രകാരം ഗ്രന്ഥകർത്താക്കൾക്ക് സ്വന്തം പുസ്തകത്തിന്റെ കോംപ്ലിമെന്ററി കോപ്പികൾക്ക് പുറമെ, വാങ്ങുന്ന ഓരോ കോപ്പിക്കും 25% ഡിസ്കൗണ്ട് നൽകാൻ ഉത്തരവായിട്ടുണ്ട്. ഈ ഉത്തരവു പ്രകാരമുള്ള 25% തുകയേക്കാൾ അധികമായാണ് ഡിസ്കൗണ്ട് നൽകിയിട്ടുള്ളത്.

വിശദവിവരം ചുവടെ ചേർക്കുന്നു.

| സിൽ നമ്പരും പുസ്തകത്തിന്റെ പേരും | ഗ്രന്ഥകാരൻ | വാങ്ങിയ പുസ്തകങ്ങളുടെ എണ്ണവും തുകയും | നൽകിയ ഡിസ്കൗണ്ട് തുക 40% | അനുവദിയ്ക്കാവുന്ന ഡിസ്കൗണ്ട് തുക (25%) | അധികം അനുവദിച്ച ഡിസ്കൗണ്ട് തുക |
|---|---|---|---|---|---|
| 3305 ബയോമെട്രിക്സ് | അശോക് | 4 @ 50 = 200 | 80 | 50 | 30 |
| 3833 അപസർപ്പക കഥകൾ | ഹമീദ് | 9 @ 100 = 900 | 360 | 225 | 135 |
| **ആകെ** | | | | | **165** |

ഭാവിയിൽ നിയമാനുസൃതമായ ഡിസ്കൗണ്ട് നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 44. <u>കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് - കോഴിക്കോട് പ്രാദേശിക കേന്ദ്രം വാർഷിക സ്റ്റോക്ക് വെരിഫിക്കേഷനിൽ 209 പുസ്തകങ്ങൾ കൂടുതൽ.</u>

കോഴിക്കോട് പ്രാദേശിക കേന്ദ്രത്തിന്റെ 2015-16 വർഷത്തെ വാർഷിക സ്റ്റോക്ക് വെരിഫിക്കേഷൻ പ്രകാരം 14201/- രൂപ വിലയുള്ള 209 പുസ്തകങ്ങൾ അധികം കണ്ടെത്തി. ഇപ്രകാരം പുസ്തകങ്ങൾ അധികം വരാനുണ്ടായ സാഹചര്യം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.9 ന് അസി.ഡയറക്ടർ ലഭ്യമാക്കിയ മറുപടിയിൽ പ്രാദേശിക കേന്ദ്രം ഗോഡൗണിന് വെറും 800 സ്ക്വയർ ഫീറ്റ് വിസ്തീർണം മാത്രമാണുള്ളതെന്നും, പ്രധാന കേന്ദ്രത്തിൽ നിന്ന് ലഭിക്കുന്ന പുസ്തകങ്ങളും പ്രദർശനങ്ങൾക്ക് കൊണ്ടുപോയ ശേഷം തിരികെ കൊണ്ടുവരുന്ന പുസ്തകങ്ങളും യഥാവിധി അടുക്കി സൂക്ഷിക്കുന്നതിനാവശ്യമായ സ്ഥലസൗകര്യം ഇല്ലാത്തതിനാൽ അട്ടിവച്ചിരിക്കുന്ന പുസ്തകങ്ങൾ മറിഞ്ഞുവീണ് സ്ഥാനം

നഷ്ടപ്പെടുന്നതുകൊണ്ടാണ് സ്റ്റോക്കെടുക്കുമ്പോൾ അധികം പുസ്തകങ്ങൾ വരുന്നതെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തതയുണ്ടെങ്കിലും സ്റ്റോക്ക് കൃത്യമായി രേഖപ്പെടുത്തേണ്ടതുണ്ട്. പുസ്തകങ്ങളുടെ കണക്ക് കൃത്യമായി എടുക്കാത്തതു കൊണ്ടാണ് പുസ്തകങ്ങളുടെ എണ്ണം അധികമായി വരുന്നത്. ഈ പ്രവണത ഒഴിവാക്കേണ്ടതും പുസ്തകങ്ങളുടെ സ്റ്റോക്ക് കൃത്യമായി രേഖപ്പെടുത്തേണ്ടതുമാണ്.

## 45. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് - കോഴിക്കോട് പ്രാദേശിക കേന്ദ്രം - മിനി ഗോഡൗൺ 132 പുസ്തകങ്ങളുടെ കുറവ് - 13339/- രൂപ കുറവ്.

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കോഴിക്കോട് പ്രാദേശിക കേന്ദ്രം മിനി ഗോഡൗണിന്റെ 2015-16 വർഷത്തെ സ്റ്റോക്ക് രജിസ്റ്ററും സ്റ്റോക്ക് വെരിഫിക്കേഷൻ റിപ്പോർട്ടും പരിശോധിച്ചതിൽ 13339/- രൂപ വിലയുള്ള 132 പുസ്തകങ്ങൾ കുറവുള്ളതായി കണ്ടെത്തി. വിശദാംശം ചുവടെ ചേർക്കുന്നു.

| സിൽ നമ്പർ | പുസ്തകത്തിന്റെ പേര് | എണ്ണം ( സ്റ്റോക്ക് രജിസ്റ്റർ ) പ്രകാരം | എണ്ണം (സ്റ്റോക്ക് വെരിഫിക്കേഷൻ രജിസ്റ്റർ) പ്രകാരം | കുറവായ പുസ്തകങ്ങളുടെ എണ്ണം | വില |
|---|---|---|---|---|---|
| 1256 | വന്യജീവി സംരക്ഷണം | 1 | 0 | 1 | 8 |
| 1287 | മനുഷ്യൻ സ്വയം നിർമ്മിക്കുന്നു | 1 | 0 | 1 | 25 |
| 1408 | തെസ്യൂസിന്റെ സംഗീതം | 1 | 0 | 1 | 17 |
| 1719 | ആട്ടക്കഥാ സാഹിത്യം | 35 | 34 | 1 | 90 |
| 1432 | ഷേപ്പിംഗ് മെഷീൻ | 4 | 3 | 1 | 16 |
| 1752 | രണ്ടാം ലോക മഹായുദ്ധം | 1 | 0 | 1 | 110 |
| 1618 | ഭാഷാർത്ഥം | 2 | 0 | 2 | 70 |
| 1801 | സാമൂഹിക ശാസ്ത്രദർശനം | 2 | 1 | 1 | 78 |
| 1832 | ആഖ്യാന വിജ്ഞാനം | 9 | 8 | 1 | 75 |
| 1859 | പൂമ്പൊടിയും അലർജിയും | 103 | 98 | 5 | 180 |
| 2151 | കടലിൽ തങ്ങിയ കാന്തഭ്രമി | 49 | 48 | 1 | 50 |
| 2242 | തനതു കവിത തനതു നാടകം | 70 | 69 | 1 | 70 |
| 2244 | ചരിത്രത്തിന്റെ മുദ്രണങ്ങൾ | 57 | 55 | 2 | 110 |
| 2389 | കേരളത്തിലെ തീയേറ്ററും കാവാലം നാടകങ്ങളും | 10 | 9 | 1 | 100 |
| 2449 | വീണാ ബോധിനി | 81 | 80 | 1 | 110 |

| | | | | | |
|---|---|---|---|---|---|
| 2467 | ഉദ്യോഗസ്ഥ മനശാസ്ത്രം | 40 | 39 | 1 | 240 |
| 2486 | സഹകരണ ആക്ടും ചട്ടങ്ങളും | 94 | 89 | 5 | 1200 |
| 2510 | വിശ്വമഹാ വൃക്ഷങ്ങൾ | 96 | 95 | 1 | 185 |
| 2552 | വൈക്കം മുഹമ്മദ് ബഷീർ ദാർശനികനായ സാഹിത്യകാരൻ | 3 | 1 | 2 | 350 |
| 2557 | ഗദ്യപ്രകാരം | 144 | 142 | 2 | 170 |
| 2573 | മാപ്പിള സാഹിത്യ പഠനങ്ങൾ | 242 | 241 | 1 | 120 |
| 2612 | നിയമം | 36 | 35 | 1 | 105 |
| 2640 | ടൂറിസം | 101 | 99 | 2 | 130 |
| 2646 | പ്രക്ഷേപണ കലാചരിത്രം | 55 | 53 | 2 | 160 |
| 2729 | മണ്ണിലെ നിധി | 8 | 7 | 1 | 75 |
| 2730 | കേരളത്തിലെ പക്ഷിക്കൂട്ടുകൾ | 94 | 93 | 1 | 160 |
| 2731 | തൃക്കോട്ടൂർതായ് വഴി | 26 | 24 | 2 | 180 |
| 2752 | ടി.ആർ.കൃഷ്ണസ്വാമി | 123 | 121 | 2 | 80 |
| 2771 | ആഖ്യാനത്തിന്റെ ജീവിതം | 22 | 21 | 1 | 75 |
| 2783 | മാവ് തേന്മാവ് | 9 | 4 | 5 | 425 |
| 2786 | അക്വേറിയം പരിപാലനവും അലങ്കാര മത്സ്യകൃഷിയും | 5 | 2 | 3 | 360 |
| 2805 | കഥകളി വേഷം | 78 | 75 | 3 | 600 |
| 2812 | നാടക അന്വേഷണവും അപഗ്രഥനവും | 170 | 168 | 2 | 200 |
| 2815 | തളിരുകൾ - രണ്ടാംഭാഗം | 138 | 137 | 1 | 200 |
| 2819 | ഗാന്ധിയൻ സൗന്ദര്യ വിചാരം | 42 | 41 | 1 | 110 |
| 2837 | നീരിന്റെ നേരറിവുകൾ | 120 | 114 | 6 | 360 |
| 2848 | ആധ്യാത്മ രാമായണം | 66 | 65 | 1 | 250 |
| 2857 | ഇന്ത്യാചരിത്രം പ്രാചീന കാലം നിഘണ്ടു | 3 | 2 | 1 | 60 |
| 2896 | ഓട്ടോമൊബൈൽ മെക്കാനിക് | 23 | 22 | 1 | 150 |
| 2923 | നഴ്സറി മാനേജ്മെന്റും ഓർണമെന്റൽ ഗാർഡനിങ്ങും | 59 | 55 | 4 | 260 |
| 2929 | കണഭൗതികവും ദൈവകണവും | 2 | 1 | 1 | 60 |

| | | | | | |
|---|---|---|---|---|---|
| 2949 | ഞാൻ കണ്ട കേരളം | 1 | 0 | 1 | 320 |
| 2953 | ദമിതം | 107 | 106 | 1 | 125 |
| 2963 | ഭരണ ഭാഷാ പ്രയോഗങ്ങൾ | 8 | 6 | 2 | 320 |
| 2971 | അയ്യാ വൈകുണ്ഠ സ്വാമികൾ | 1 | 0 | 1 | 40 |
| 2976 | ഉയിർവല | 95 | 91 | 4 | 280 |
| 3000 | അനന്തത്തെ അറിഞ്ഞ ആൾ, രാമാനുജൻ എന്ന പ്രതിഭയുടെ ജീവിതം | 2 | 0 | 2 | 800 |
| 3041 | തൊണ്ട രോഗങ്ങൾ | 5 | 4 | 1 | 60 |
| 3044 | ഡെങ്കിപ്പനി, ചിക്കൻഗുനിയ | 257 | 256 | 1 | 50 |
| 3027 | റൂസ്സോ | 102 | 101 | 1 | 60 |
| 3079 | കാർഷിക പമ്പ്സെറ്റുകൾ | 181 | 178 | 3 | 270 |
| 3158 | പ്രോജക്റ്റ് പഠനരീതി | 45 | 43 | 2 | 130 |
| 3161 | ജീവശാസ്ത്രത്തിന്റെ കഥ | 110 | 109 | 1 | 90 |
| 3164 | രണ്ടാം ലോകമഹായുദ്ധം (4-ാം പതിപ്പ്) | 19 | 18 | 1 | 280 |
| 3199 | കീഴാള ജനതയും ജനകീയ നാടകവും | 112 | 109 | 3 | 450 |
| 3219 | ഹെർമൻ ഗുണ്ടർട്ട് | 67 | 66 | 1 | 40 |
| 3226 | സിനിമയുടെ നീതിസാരം | 159 | 158 | 1 | 70 |
| 3232 | ചാവറയച്ചൻ | 1 | 0 | 1 | 40 |
| 3299 | ഒരു ഭൂമി ഒരാകാശം ഒരു സൂര്യൻ | 137 | 136 | 1 | 65 |
| 3307 | കാവാലം നാരായണപ്പണിക്കർ | 7 | 6 | 1 | 150 |
| 3322 | അപൂർവ ചികിത്സാവിധി (ചട്ടമ്പി സ്വാമികൾ) | 25 | 24 | 1 | 50 |
| 3341 | പമ്പാനദി : പരിസ്ഥിതിയും പരിപാലനവും | 108 | 107 | 1 | 120 |
| 3359 | പെൺ കവിത മലയാളത്തിൽ | 170 | 168 | 2 | 200 |
| 3430 | സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങൾ | 36 | 34 | 2 | 240 |
| 3431 | പച്ചക്കറി കൃഷി | 33 | 30 | 3 | 300 |
| 3453 | ദന്തരോഗങ്ങൾ ചികിത്സയും | 33 | 32 | 1 | 75 |

| | | | | | |
|---|---|---|---|---|---|
| | പരിഹാരമാർഗ്ഗങ്ങളും | | | | |
| 3490 | തവളകളുടെ മായികലോകം | 12 | 11 | 1 | 75 |
| 3530 | പുതുയുദ്ധം | 50 | 49 | 1 | 80 |
| 3801 | ചിലമ്പ് - തെയ്യം ഉൽപ്പത്തിയും ചരിത്രവും | 8 | 7 | 1 | 70 |
| 3876 | പുതുകവിതയിലെ ബഹുരുചി | 21 | 20 | 1 | 90 |
| 3877 | കഥാ, ആഖ്യാനം, ആഖ്യാന ശാസ്ത്രം | 316 | 315 | 1 | 110 |
| 3878 | തിയട്രോൺ | 83 | 82 | 1 | 90 |
| 10045 | അംബേദ്കർ സമ്പൂർണ്ണ കൃതികൾ Vol.V | 63 | 61 | 2 | 80 |
| 10051 | അംബേദ്കർ സമ്പൂർണ്ണ കൃതികൾ Vol.XI | 75 | 74 | 1 | 40 |
| 10060 | അംബേദ്കർ സമ്പൂർണ്ണ കൃതികൾ Vol.XX | 35 | 33 | 2 | 80 |
| 10066 | അംബേദ്കർ സമ്പൂർണ്ണ കൃതികൾ Vol.XXVI | 43 | 42 | 1 | 40 |
| 10067 | അംബേദ്കർ സമ്പൂർണ്ണ കൃതികൾ Vol.XXVII | 29 | 28 | 1 | 30 |
| 10069 | അംബേദ്കർ സമ്പൂർണ്ണ കൃതികൾ Vol.XXI | 126 | 125 | 1 | 40 |
| 10074 | അംബേദ്കർ സമ്പൂർണ്ണ കൃതികൾ Vol.XXXIV | 56 | 55 | 1 | 40 |
| 10079 | അംബേദ്കർ സമ്പൂർണ്ണ കൃതികൾ Vol.XXXVIII | 72 | 69 | 3 | 405 |
| 15029 | താണ്ഡവലക്ഷണം | 16 | 15 | 1 | 70 |
| | **ആകെ** | | | **132** | **13339** |

സ്റ്റോക്ക് വെരിഫിക്കേഷനിൽ കുറവ് വന്ന പുസ്തകങ്ങളുടെ വിലയായ 13339/- രൂപ ഗോഡൗണിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 46. ഡി.ഡി. രജിസ്റ്റർ പരിപാലിച്ചിട്ടില്ല .

കോഴിക്കോട് പ്രാദേശിക കേന്ദ്രത്തിലും കണ്ണൂർ പുസ്തക വിൽപ്പനശാലയിലും പുസ്തക വിൽപ്പന വരവ് ഡി.ഡി മുഖേനയാണ് ആസ്ഥാന ഓഫീസിലേയ്ക്ക് അയച്ചു കൊടുക്കുന്നത്. എന്നാൽ പ്രസ്തുത ഡി.ഡി യുടെ വിശദവിവരങ്ങൾ ഉൾപ്പെടുത്തിയ ഒരു ഡി.ഡി രജിസ്റ്റർ പ്രാദേശിക കേന്ദ്രത്തിലും കണ്ണൂർ പുസ്തകശാലയിലും നാളിതുവരെ പരിപാലിച്ചിട്ടില്ല. ആയതിനാൽ ഭാവിയിൽ ചെക്ക് / ഡി.ഡി രജിസ്റ്റർ പരിപാലിക്കേണ്ടതാണ്.

## 47. വിൽപ്പന യോഗ്യമല്ലാത്ത പുസ്തകങ്ങൾ .

**എ)** കണ്ണൂർ പുസ്തക വിൽപ്പനശാലയിൽ തൻവർഷം വിവിധ വിലകളുള്ള 25 പുസ്തകങ്ങൾ എലി കടിച്ച് നശിപ്പിച്ച്, വിൽപ്പനയോഗ്യമല്ലാത്ത നിലയിൽ കണ്ടു. ഈയിനത്തിൽ ആകെ 8,315/- രൂപയാണ് സ്ഥാപനത്തിന് നഷ്ടം സംഭവിച്ചിട്ടുള്ളത്. പുസ്തകങ്ങൾ സുരക്ഷിതമായി സൂക്ഷിക്കുന്നതിനാവശ്യമായ റാക്കുകളും മറ്റും സജ്ജമാക്കുന്നതടക്കമുള്ള കരുതൽ നടപടികൾ സ്വീകരിച്ച് ഇത്തരത്തിലുള്ള നഷ്ടം ആവർത്തിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**(ബി)** എറണാകുളം പുസ്തക വിൽപ്പന ശാലയിൽ 2 പുസ്തകങ്ങൾ വിൽപ്പന യോഗ്യമല്ലാത്ത നിലയിൽ കാണപ്പെട്ടു. " കാവ്യസരസ്സിലെ രാഗ പൗർണ്ണമി  - (സിൽ നമ്പർ.4003, വില 250/- രൂപ) "എംബ്രോയിഡറി  - (സിൽ നമ്പർ.3566, വില 650/- രൂപ) എന്നീ പുസ്തകങ്ങളിലെ ചില പേജുകളിൽ പ്രിന്റ് പതിഞ്ഞിട്ടില്ലാത്തത് കാരണം വിൽപ്പനയോഗ്യമല്ലാതായിരിക്കുന്നു. ഇത്തരത്തിലുള്ള അപാകതകൾ കടന്നുകൂടാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

**(സി)** എറണാകുളം പുസ്തക വിൽപ്പന ശാലയിൽ " ശസ്ത്രക്രിയാ ശാസ്ത്രം സാധാരണക്കാർക്ക് " എന്ന പുസ്തകത്തിന്റെ സിൽ നമ്പർ തെറ്റായി നൽകിയത് കാരണം വിൽപ്പന അസാധ്യമായിരിക്കുന്നു. പ്രസ്തുത പുസ്തകത്തിന്റെ രണ്ടാം പതിപ്പിൽ " 2854 "എന്ന സിൽ നമ്പരാണ് പുസ്തകത്തിനകത്തും പുറത്തും പ്രിന്റ് ചെയ്തിരിക്കുന്നത്. അതിൻപ്രകാരം ഷോറൂമിലെ സ്റ്റോക്ക് രജിസ്റ്ററിലും കമ്പ്യൂട്ടർ സോഫ്റ്റ്‌വെയറിലും പ്രസ്തുത സിൽ നമ്പറിൽ ഈ പുസ്തകം ചേർക്കുകയുമുണ്ടായി. എന്നാൽ പുതിയ സോഫ്റ്റ്‌വെയറിൽ ബില്ലടിച്ചപ്പോൾ " 2854 " എന്ന സിൽ നമ്പരിൽ " മാനസികാരോഗ്യവും വ്യക്തിത്വ വികസനവും " എന്ന പുസ്തകമാണ് കാണുന്നത്. ഇപ്രകാരം തെറ്റായി സിൽ നമ്പർ നൽകിയത് കാരണം 120/- രൂപ വിലയുള്ള " ശസ്ത്രക്രിയാ ശാസ്ത്രം സാധാരണക്കാർക്ക് " എന്ന പുസ്തകത്തിന്റെ നിലവിലുള്ള സ്റ്റോക്ക് 13 എണ്ണത്തിന്റെ വില്പന അസാദ്ധ്യമായിരിക്കുന്നു. ശരിയായ സിൽ നമ്പർ സോഫ്റ്റ്‌വെയറിലും മറ്റ് അനുബന്ധ രേഖകളിലും ഉൾപ്പെടുത്തി ക്രമീകരിച്ച് പ്രസ്തുത പുസ്തകങ്ങൾ വിൽപ്പനയോഗ്യമാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 48. കോഴിക്കോട് പ്രാദേശിക കേന്ദ്രം - പുസ്തക പ്രദർശനത്തിലെ അപാകതകൾ .

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കോഴിക്കോട് പ്രാദേശിക കേന്ദ്രത്തിന്റെ നേതൃത്വത്തിൽ 22 പുസ്തകമേളകളാണ് 2015-16 വർഷത്തിൽ സംഘടിപ്പിച്ചത്. ഇതിനോടനുബന്ധിച്ച് ഓഡിറ്റിനായി ഹാജരാക്കിയ ബന്ധപ്പെട്ട ഗോഡൗൺ സ്റ്റേറ്റ്മെന്റ്, ഗോഡൗൺ വിൽപ്പന സ്റ്റേറ്റ്മെന്റ് എന്നിവയിലെ രേഖപ്പെടുത്തലുകൾ പലതും പൂർണ്ണമല്ല. ഗോഡൗണിൽ നിന്ന് വിൽപ്പനയ്ക്കായി നൽകിയ പുസ്തകങ്ങളിൽ

വിറ്റ പുസ്തകങ്ങളുടെ മുഖവിലയും അവയുടെ എണ്ണവും വിൽപ്പന സ്റ്റേറ്റുമെന്റുമായി പൊരുത്തപ്പെടുന്നില്ല . കൂടാതെ ഗോഡൗൺ വിൽപ്പന സ്റ്റേറ്റ്മെന്റിൽ പലതിലും വിറ്റ പുസ്തകങ്ങളുടെ എണ്ണം, അവയുടെ മുഖവില എന്നിവ കൂട്ടിയെഴുതിയിട്ടുമില്ല. വിറ്റപുസ്തകങ്ങളുടെ എണ്ണത്തിലും വ്യത്യാസം കാണുന്നു. ഉദാ:- മലപ്പുറം ജില്ലാ ലൈബ്രറി കൗൺസിൽ പുസ്തകോത്സവം - 22.04.2015 മുതൽ 24.04.2015 വരെ. ഗോഡൗൺ വിൽപ്പന സ്റ്റേറ്റ്മെന്റ് പ്രകാരം വിറ്റ പുസ്തകങ്ങൾ 977, വിൽപ്പന രസീത് പ്രകാരം 993 പുസ്തകങ്ങൾ മുഖവിലയിലുള്ള വ്യത്യാസത്തിന് ഉദാഹരണം ചുവടെ ചേർക്കുന്നു.

ഉദാ :- കണ്ണൂർ ജവഹർ ലൈബ്രറി ഹാൾ പുസ്തകോത്സവം - ഗോഡൗൺ വിൽപ്പന സ്റ്റേറ്റ്മെന്റ് പ്രകാരം വിറ്റ പുസ്തകങ്ങളുടെ മുഖവില ₹182452, വിൽപ്പന രസീത് പ്രകാരം മുഖവില 179402

പുസ്തക പ്രദർശനങ്ങളിൽ മേൽ സൂചിപ്പിച്ച അപാകതകൾ ഉണ്ടാകുന്നതിനുള്ള കാരണം, ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അനാസ്ഥയും ആയത് ഗൗരവത്തോടുകൂടി കൈകാര്യം ചെയ്യുന്നതിലുമുള്ള വീഴ്ചയാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു . വരും വർഷങ്ങളിൽ ഇത്തരം അപാകതകൾ ഒഴിവാക്കുന്നതിനുള്ള നടപടി പുസ്തക പ്രദർശനത്തിന് ചുമതലയുള്ള ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്ന് ഉണ്ടാകേണ്ടതാണ്.

## 49. പുസ്തക പ്രദർശനത്തിനിടയിൽ നഷ്ടപ്പെട്ട പുസ്തകങ്ങളുടെ വിലയായ 80443/- രൂപ നഷ്ടോത്തരവാദികളിൽ നിന്ന് ഈടാക്കേണ്ടതാണ് .

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് കോഴിക്കോട് പ്രാദേശിക കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 2015-16 സാമ്പത്തിക വർഷത്തിൽ 22 പുസ്തകപ്രദർശനങ്ങൾ സംഘടിപ്പിച്ചുവെങ്കിലും 21 പുസ്തക പ്രദർശനത്തിന്റെ വിൽപ്പന രേഖകൾ മാത്രമാണ് ഓഡിറ്റിന് സമർപ്പിച്ചിട്ടുള്ളത്. പുസ്തക പ്രദർശനത്തിൽ ആകെ 738 പുസ്തകങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ട് . പ്രസ്തുത പുസ്തകങ്ങളുടെ മുഖവിലയായ 80443/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കേണ്ടതാണ്. തൻവർഷം സംഘടിപ്പിച്ച പുസ്തകപ്രദർശനത്തിന്റെ നഷ്ടം സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പുസ്തക പ്രദർശനത്തിന്റെ പേര് | ഗോഡൗൺ സ്റ്റേറ്റ്മെന്റ് പ്രകാരം വിറ്റ പുസ്തകങ്ങളുടെ എണ്ണം / മുഖവില | വിൽപ്പന സ്റ്റേറ്റ്മെന്റ് പ്രകാരം വിറ്റ പുസ്തകങ്ങളുടെ എണ്ണം / മുഖവില | കുറവുവന്ന പുസ്തകങ്ങളുടെ എണ്ണം | കുറവുവന്ന പുസ്തകങ്ങളുടെ വില | പുസ്തകപ്രദർശനത്തിൽ പങ്കെടുത്ത ഉദ്യോഗസ്ഥർ |
|---|---|---|---|---|---|---|
| 1. | കോഴിക്കോട് ഇൻഡോർ സ്റ്റേഡിയം 10.08.2015 മുതൽ 15.08.2015 വരെ | 4719/534453 | 4681/530316 | 38 | 4137 | ശ്രീ.അനീഷ്.വി (പ്യൂൺ-പായ്ക്കർ) ശ്രീമതി.നെഹബത്ത് (സ്വീപ്പർ -പായ്ക്കർ) |
| 2. | പാലക്കാട് ലൈബ്രറി കൗൺസിൽ 17.05.2015 മുതൽ 20.05.2015 വരെ | 774/76710 | 764/76025 | 10 | 685 | ശ്രീ.അനീഷ് ശ്രീ.എൻ.മനോജ്കുമാർ |
| 3. | കോഴിക്കോട് ജില്ലാ ലൈബ്രറി കൗൺസിൽ 05.05.2015 മുതൽ 08.05.2015 വരെ | 1654/172460 | 1642/169855 | 12 | 2605 | ശ്രീ.അജേഷ് കെ.പി ശ്രീമതി.നെഹബത്ത് |
| 4. | കണ്ണൂർ ജില്ലാ ലൈബ്രറി കൗൺസിൽ 28.04.2015 മുതൽ 03.05.2015 വരെ | 3308/349955 | 3128/337927 | 180 | 12028 | ശ്രീ.വി.അനീഷ് ശ്രീ.ജിനോഷ് വി.സി ശ്രീ.എൻ.കെ.മനോജ് കുമാർ |
| 5. | സി.ഐ.ബി.ഐ അന്താരാഷ്ട്ര പുസ്ത കോത്സവം 06.10.2015 | 598/94120 | 578/92365 | 20 | 1755 | ശ്രീ.വി,.അനീഷ് ശ്രീ.എൻ.മനോജ് കുമാർ |

| | | | | | | |
|---|---|---|---|---|---|---|
| | മുതൽ 15.10.2015 വരെ | | | | | |
| 6. | പാനൂർ പി.ആർ കുറുപ്പ് സ്മാരക പുസ്തകോത്സവം | 262/30990 | 248/28865 | 14 | 2125 | ശ്രീ.വി.സി.ജിനോഷ് ശ്രീ.ഷിബിത്ത് വി.ബി |
| 7. | കണ്ണൂർ ജവഹർ ലൈബ്രറി പുസ്തകോത്സവം 01.10.2015 മുതൽ 07.10.2015 വരെ | 1623/182452 | 1604/179402 | 19 | 3050 | ശ്രീ.അജേഷ് കെ.പി |
| 8. | കശ്യപദേവ റിസർച്ച് ഫൗണ്ടേഷൻ അന്താരാഷ്ട്ര പുസ്തകോത്സവം 17.08.2015 മുതൽ 23.08.2015 വരെ | 1467/175427 | 1251/144997 | 216 | 30430 | ശ്രീ.വിനോദ് കുമാർ വി ശ്രീ.ജിനോഷ് വി.സി ശ്രീ.എൻ.മനോജ് കുമാർ |
| 9. | കാസർഗോഡ് ജില്ലാ ലൈബ്രറി കൗൺസിൽ 09.05.2015 മുതൽ 12.05.2015 വരെ | 1180/137345 | 1059/121837 | 121 | 15508 | ശ്രീ.വിനോദ് കുമാർ വി ശ്രീ.ജിനോഷ് വി.സി |
| 10. | തിരൂർ തുഞ്ചൻ പുസ്തകോത്സവം 13.02.2016 മുതൽ 16.02.2016 വരെ | 232/26215 | 176/24016 | 56 | 2199 | ശ്രീ.അനീഷ് വി ശ്രീ.എൻ.മനോജ് കുമാർ |
| 11. | തൃശ്ശൂർ സഹിത്യ അക്കാദമി പുസ്തകോത്സവം 02.02.2016 മുതൽ 11.02.2016 വരെ | 1592/250209 | 1585/249802 | 7 | 407 | ശ്രീ.അജേഷ് കെ.പി ശ്രീ.അനീഷ് വി |
| 12. | സയൻസ് കോൺഗ്രസ്സ് എക്സിബിഷൻ കാലിക്കറ്റ് യൂണിവേഴ്സിറ്റി 27.01.2016 മുതൽ 31.01.2016 വരെ | 391/42985 | 361/39950 | 30 | 3035 | ശ്രീ.അനീഷ് വി ശ്രീ.എൻ.മനോജ് കുമാർ |
| 13. | മലയാള സർവകലാശാല പുസ്തകോത്സവം 21.02.2016 മുതൽ 22.02.2016 വരെ | 399/58667 | 397/58463 | 2 | 204 | ശ്രീ.അനീഷ് വി ശ്രീ.അജേഷ് കെ.പി |
| 14. | കാസർഗോഡ് ജില്ലാ ലൈബ്രറി കൗൺസിൽ എക്സിബിഷൻ 11.03.2016 മുതൽ 13.03.2016 വരെ | 1316/132100 | 1303/129825 | 13 | 2275 | ശ്രീ.എൻ.മനോജ് കുമാർ ശ്രീ.ജിനോഷ് വി.സി |
| | | | | **738** | **80443** | |

## 50. ട്രഷറി പാസ്സുബുക്ക് രേഖപ്പെടുത്തലുകളിലെ പിഴവുകൾ .

കോഴിക്കോട് പ്രാദേശിക കേന്ദ്രത്തിൽ പരിപാലിയ്ക്കുന്ന ട്രഷറി പാസ്സുബുക്കിൽ മുൻറിപ്പോർട്ട് ഖണ്ഡിക 25 പ്രകാരമുള്ളത് പോലുള്ള പിശകുകൾ ഇക്കുറിയും ആവർത്തിച്ചിട്ടുണ്ട്. ഉദാഹരണത്തിന് 28.03.2016 ൽ ട്രഷറിയിൽ ക്രെഡിറ്റ് 6840/- രൂപയും 30.03.2016 ൽ ക്രെഡിറ്റ് വന്ന 10 ലക്ഷം രൂപയും പാസ്സ്ബുക്കിൽ ചെലവ് കോളത്തിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ മാസാന്ത്യ സംക്ഷിപ്തം തയ്യാറാക്കിയപ്പോൾ പ്രസ്തുത തുകകൾ വരവായി തന്നെയാണ് കണക്കിലെടുത്തിട്ടുള്ളത്. അതുപോലെ തന്നെ 4/2015 ൽ വിവിധ ചെലവ് തുകകളായ 4,00,712/- രൂപ വരവ് കോളത്തിലാണ് പാസ്സുബുക്കിൽ കാണിച്ചിട്ടുള്ളത്. എന്നാൽ മാസാന്ത്യ സംക്ഷിപ്തം തയ്യാറാക്കിയപ്പോൾ പ്രസ്തുത തുക ചെലവായിട്ട് തന്നെയാണ് കാണിച്ചിട്ടുള്ളത്. ഇത്തരത്തിലുള്ള ട്രഷറി പാസ്സുബുക്ക് രേഖപ്പെടുത്തലുകൾ പരിശോധന വേളയിൽ വളരെയധികം ആശയക്കുഴപ്പം സൃഷ്ടിക്കുന്നുണ്ട്. ആയതിനാൽ മേൽപ്പറഞ്ഞ പ്രകാരം ട്രഷറി രേഖപ്പെടുത്തലുകൾ വളരെ ഉദാസീനമായി കൈകാര്യം ചെയ്യുന്നത് നിരുത്സാഹപ്പെടുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 51. കോഴിക്കോട് പ്രാദേശിക കേന്ദ്രം - സാമ്പത്തിക നില

കോഴിക്കോട് പ്രാദേശിക കേന്ദ്രത്തിനു കീഴിൽ കണ്ണൂർ പുസ്തക വിൽപ്പനശാല കൂടി ഉൾപ്പെടുന്നതാകയാൽ ഈ രണ്ട് യൂണിറ്റുകളുടെയും വരവ് ചെലവുകൾ ഒന്നായി ഉൾക്കൊള്ളിച്ചാണ് വാർഷിക കണക്ക് തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്. കണ്ണൂർ പുസ്തക വിൽപ്പനശാല ചെലവുകൾ കോഴിക്കോട്

പ്രാദേശിക കേന്ദ്രത്തിലൂടെയാണ് നിർവ്വഹക്കുന്നതെങ്കിലും വരവ് തുക ഒടുക്ക് വരുത്തുന്നതിന് പ്രത്യേകം അക്കൗണ്ടും പാസ്സുബുക്കും (എസ്.ബി.റ്റി) രജിസ്റ്ററും കണ്ണൂർ പുസ്തക വിൽപ്പനശാലയിൽ പരിപാലിക്കുന്നുണ്ട്. കോഴിക്കോട് പ്രാദേശിക കേന്ദ്രം ഹാജരാക്കിയ ക്യാഷ് ബുക്ക് പ്രകാരമുള്ള മുന്നിരിപ്പ് തുക താല്ക്കാലികമായി പരിഗണിച്ച്കൊണ്ട് തയ്യാറാക്കിയ സാമ്പത്തിക നില ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| മുന്നിരിപ്പ്<br>(ക്യാഷ് ബുക്ക് പ്രകാരം) | | 14,86,881.45 |
| വരവ് | | 40,34,264.00 |
| ആകെ | | 55,21,145.45 |
| ചെലവ് | | 40,58,871.00 |
| നീക്കിയിരിപ്പ് | | 14,62,274.45 |
| നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ | | |
| 31.03.2016 ൽ ട്രഷറി പാസ്സ് ബുക്ക് പ്രകാരം നീക്കിയിരിപ്പ് | | 12,28,070.00 |
| 31.03.2016 ൽ എസ്.ബി.റ്റി പാസ്സ് ബുക്ക് പ്രകാരം നീക്കിയിരിപ്പ് | | 2,09,496.95 |
| 31.03.2016 ൽ കണ്ണൂർ എസ്.ബി.റ്റി പാസ്സ് ബുക്ക് പ്രകാരം നീക്കിയിരിപ്പ് | | 88,874.00 |
| | | 15,26,440.95 |
| കുറയ്ക്കുക :- പണമാകാത്ത ചെക്കുകൾ | | |
| ചെക്ക് നമ്പർ / തീയതി | തുക | |
| 626546/06.06.2008 | 2,135 | |
| 621294/21.03.2009 | 3,147 | |
| 2439213/31.03.2015 | 3000 | |
| 2439261/02.02.2016 | 19500 | |
| 2439262/02.02.2016 | 4500 | 32,282.00 |
| | | 14,94,158.95 |
| കൂട്ടുക | | |
| 22.03.2016 ൽ എസ്.ബി.റ്റി ചെക്ക് കളക്ഷൻ ചാർജ് | | 114.50 |
| | | 14,94,273.45 |

| | |
|---|---|
| പൊരുത്തപ്പെടാത്ത വ്യത്യാസം (-) | 31,999.00<br>14,62,274.45 |

പൊരുത്തപ്പെടാത്ത വ്യത്യാസം കണ്ടെത്തി ക്രമീകരിക്കേണ്ടതാണ്.

## ഭാഗം - 6

### 52. സാമ്പത്തിക നില

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്ലാൻ/നോൺപ്ലാൻ ഉൾപ്പെടെയുള്ള എല്ലാ വരവ് ചെലവുകളും ജനറൽ പി.ഡി അക്കൗണ്ടിൽ ഉൾപ്പെടുത്തിയാണ് 2015-16 വർഷത്തെ കണക്കുകൾ തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്. വാർഷിക കണക്ക് പ്രകാരമുള്ള വരവ് ചെലവുകൾ പരിഗണിച്ച് കൊണ്ട് തയ്യാറാക്കിയ സാമ്പത്തികനില (ജനറൽ, പി.ഡി അക്കൗണ്ട്) ചുവടെ ചേർക്കുന്നു.

| | | | | |
|---|---|---|---|---|
| മുന്നിരിപ്പ് | | | - | 60,293.00 |
| വരവ് | | | | |
| പ്ലാൻ | - | 6,03,43,855.00 | | |
| നോൺപ്ലാൻ | - | 3,12,43,992.00 | - | 9,15,87,847.00 |
| ആകെ | | | - | 9,16,48,140.00 |
| ചെലവ് | | | | |
| പ്ലാൻ | - | 6,03,60,941.00 | | |
| നോൺപ്ലാൻ | - | 3,13,04,285.00 | - | 9,16,65,226.00 |
| നീക്കിയിരിപ്പ് | | | - | (-) 17,806.00 |

നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ

31.03.2016 ൽ ജനറൽ പി.ഡി

ട്രഷറി അക്കൗണ്ട് പാസ്സ്ബുക്ക് - 69,922.00

പ്രകാരം നീക്കിയിരിപ്പ്

കുറയ്ക്കുക

പണമാകാത്ത ചെക്കുകൾ

2014-15 - 7596.00

2015-16 - 79412.00 - 87,008.00

നീക്കിയിരിപ്പ് - (-) 17,086.00

ജനറൽ പി.ഡി ക്യാഷ് ബുക്ക്

പ്രകാരം നീക്കിയിരിപ്പ് - (-) 17,086.00

വരവിൽ കവിഞ്ഞ് 17,086/- രൂപ അധിക ചെലവ് ചെയ്യാനുണ്ടായ സാഹചര്യം സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ്.

**കാലഹരണപ്പെട്ട ചെക്ക് തുകകൾ  അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തത് 46,428/- രൂപ .**

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും വിവിധ സ്ഥാപനങ്ങൾക്ക് 2013-14 വരെയുള്ള കാലയളവിൽ നൽകിയ 46,428/- രൂപ (മുൻ ഓഡിറ്റ് റിപ്പോർട്ട് പേജ് 33) നാളിതുവരെ പണമായി മാറിയിട്ടില്ല. പ്രസ്തുത തുക ക്യാഷ് ബുക്കിൽ വരവ് വയ്ക്കുന്നതിന് ഈ ഓഫീസിൽ നിന്നുള്ള നിർദ്ദേശത്തെത്തുടർന്ന് 05.06.2015 ലെ

ഉത്തരവ് നമ്പർ ക്യാഷ്/1801/2014 സിൽ പ്രകാരം ക്യാഷ് ബുക്കിൽ വരവായി ഉൾപ്പെടുത്തിയിട്ടുണ്ട്.

**<u>പ്രത്യേക അക്കൗണ്ടുകൾ</u>**

1. **<u>റ്റി.പി.എ.1 (പി.എഫ്)</u>**

| | | |
|---|---|---|
| മുന്നിരിപ്പ് | - | 33,39,858.00 |
| വരവ് | - | 25,41,198.00 |
| ആകെ | - | 58,81,056.00 |
| ചെലവ് | - | 28,29,037.00 |
| നീക്കിയിരിപ്പ് | - | 30,52,019.00 |

31.03.2016 ൽ ക്യാഷ് ബുക്ക്/ട്രഷറി പാസ്സ് ബുക്ക്

പ്രകാരം നീക്കിയിരിപ്പ് - 30,52,019.00

2. **<u>റ്റി.പി.എ.188</u>**

| | | |
|---|---|---|
| മുന്നിരിപ്പ് | - | 1,08,98,663.00 |
| വരവ് | - | 1,08,76,185.00 |
| ആകെ | - | 2,17,74,848.00 |
| ചെലവ് | - | 1,00,00,000.00 |
| നീക്കിയിരിപ്പ് | - | 1,17,74,848.00 |

**<u>നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ</u>**

31.03.2016 ൽ ട്രഷറി പാസ്സ് ബുക്ക് പ്രകാരം

നീക്കിയിരിപ്പ് - 1,17,82,268.00

<u>കുറയ്ക്കുക</u>

| | | | |
|---|---|---|---|
| 1. 2009-10 ൽ ക്യാഷ് ബുക്കിൽ ചേർത്തിട്ടില്ലാത്ത തുക | - | 11430.00 | |
| 2. 30.04.2014 ൽ ട്രഷറിയിൽ അധികം വരവ് | - | 1.00 | |
| 3. 23.03.2015 ൽ ട്രഷറിയിൽ അധികം വരവ് | - | 3.00 | 11,434.00 |
| | | | 1,17,70,834.00 |

<u>കൂട്ടുക</u>

| | | | |
|---|---|---|---|
| 1. 2007-08 ൽ ട്രഷറി വരവിൽ കുറവു വന്ന തുക | - | | 4,014.00 |
| | | | 1,17,74,848.00 |
| ക്യാഷ് ബുക്ക് പ്രകാരം നീക്കിയിരിപ്പ് | | | 1,17,74,848.00 |

## 3. സി & ഐ - 24 ( എസ്.ബി.റ്റി )

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുസ്തക പ്രസിദ്ധീകരണം സംബന്ധിച്ച് വരവ് ചെലവുകൾ പരിപാലിക്കുന്ന അക്കൗണ്ടുകളിലൊന്നായ ഈ അക്കൗണ്ട് മുൻറിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളത് പോലെ വർഷങ്ങളായി ക്യാഷ് ബുക്കും സ്റ്റേറ്റ്മെന്റും തമ്മിൽ പൊരുത്തപ്പെടുത്തൽ നടത്തിയിട്ടില്ല. മുൻ റിപ്പോർട്ടുകളിലെല്ലാം തന്നെ മേൽ വിഷയത്തിൽ നടപടി കൈക്കൊള്ളണമെന്ന്

ആവർത്തിച്ചാവശ്യപ്പെട്ടിട്ടും നാളിതുവരെ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല.

പ്രസ്തുത അക്കൗണ്ട് ക്യാഷ് ബുക്ക് പരിപാലിക്കുന്നതിലും വീഴ്ചകൾ പതിവായി കാണപ്പെടുന്നു. തൻവർഷം C.S.T.T ഗ്രാന്റായി ലഭിച്ച 30,00,000/- രൂപ പാസ്സ്ബുക്കിൽ 23.12.2015 ൽ വരവ് വന്നെങ്കിലും ആയത് ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. പാസ്സ് ബുക്ക് പ്രകാരമുള്ള വരവുകളെല്ലാം തന്നെ ക്യാഷ്ബുക്കിൽ രേഖപ്പെടുത്താത്തത് അടക്കമുള്ള പ്രസ്തുത അക്കൗണ്ടിലെ അപാകതകൾ സമഗ്രമായ അന്വേഷണത്തിലൂടെ കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

ക്യാഷ്ബുക്ക് പ്രകാരം മുന്നിരിപ്പ് തുക 1,46,14,470/- രൂപയും നീക്കിയിരിപ്പ് തുക 1,04,50,945 രൂപയുമാണെന്നാണ് കാണിച്ചിട്ടുള്ളത്. 31.03.2016 ൽ പാസ്സുബുക്ക് പ്രകാരം നീക്കിയിരിപ്പ് 1,60,29,179.29/- രൂപയാണ്.

4. **എസ്.ബി.ഐ അക്കൗണ്ട് നമ്പർ : 3013891125 – 4.**

തൻവർഷവും പ്രസ്തുത അക്കൗണ്ടിൽ ക്രയവിക്രയങ്ങൾ ഒന്നും നടന്നിട്ടില്ല. പലിശയിനത്തിലുള്ള വരവ് ഇക്കുറിയം അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. തൻവർഷം പലിയിനത്തിൽ ലഭിച്ച വരവ് തുക 3,401 രൂപ വാർഷിക കണക്കിലോ, ക്യാഷ് ബുക്കിലോ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ ക്യാഷ്ബുക്ക് നീക്കിയിരിപ്പും, പാസ്സുബുക്ക് നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുത്തൽ നടത്തിയിട്ടില്ല.

| | | |
|---|---|---|
| ക്യാഷ് ബുക്ക് പ്രകാരം മുന്നിരിപ്പ്/നീക്കിയിരിപ്പ് | - | 21,879.00 |
| 31.03.2016 ൽ പാസ്സ്ബുക്ക് പ്രകാരം നീക്കിയിരിപ്പ് | - | 87,571.00 |

പ്രസ്തുത അക്കൗണ്ടിലെ അപാകതകളും അടിയന്തരമായി പരിഹരിക്കേണ്ടതാണ്.

## 53. സർക്കാർ ധനസഹായം .

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് 2015-16 സാമ്പത്തിക വർഷം പദ്ധതിയിനത്തിൽ മൂന്ന് ഗഡുക്കളായി 1,60,00,000/- (ഒരു കോടി അറുപതു ലക്ഷം രൂപ മാത്രം) രൂപയും പദ്ധതിയേതരയിനത്തിൽ മൂന്ന് ഗഡുക്കളായി 2,73,70,000/- രൂപയും (രണ്ടു കോടി എഴുപത്തിമൂന്ന് ലക്ഷത്തി എഴുപതിനായിരം രൂപ മാത്രം) ലഭിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഉത്തരവു നമ്പർ / തീയതി | പ്ലാൻ തുക | നോൺ പ്ലാൻ തുക | അക്കൗണ്ടിൽ വരവ് വന്ന തീയതി |
|---|---|---|---|---|
| 1. | സ.ഉ(സാധാ) നം.261/ 15 സാംസ്കാരിക വകുപ്പ് തീ, 27.05.15 | 53,33,333 | | 05.06.2015 |
| 2. | സ.ഉ(സാധാ) നം.417/ 15 സാംസ്കാരിക വകുപ്പ് തീ, 18.08.15 | 53,33,334 | | 24.08.2015 |
| 3. | സ.ഉ(സാധാ) നം.639/ 15 സാംസ്കാരിക വകുപ്പ് തീ, 29.12.15 | 53,33,333 | | 16.01.2016 |
| 1. | സ.ഉ(സാധാ) നം.252/ 15 സാംസ്കാരിക വകുപ്പ് തീ, 22.05.15 | | 91,23,333 | 29.05.2015 |
| 2. | സ.ഉ(സാധാ) നം.418/ 15 സാംസ്കാരിക വകുപ്പ് തീ, 18.08.15 | | 91,23,334 | 24.08.2015 |

| | | | | |
|---|---|---|---|---|
| 3. | സ.ഉ(സാധാ) നം.46/ 16<br>സാംസ്കാരിക വകുപ്പ്<br>തീ, 08.02.16 | | 91,23,333 | 25.02.2016 |
| | **ആകെ** | **1,60,00,000** | **2,73,70,000** | |

## C.S.T.T ഗ്രാന്റ്

കേന്ദ്ര സർക്കാരിൽ നിന്ന് C.S.T.T ഗ്രാന്റിനത്തിൽ 2015-16 വർഷം ആകെ 30,00,000/- (മുപ്പത് ലക്ഷം രൂപ മാത്രം) രൂപ ലഭിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| **ഉത്തരവ് നമ്പർ / തീയതി** | **തുക** | **അക്കൗണ്ടിൽ വരവ് വന്ന തീയതി** |
|---|---|---|
| F-No.1-10/2015-16<br>B.P (Plan) Govt.of India, C.S.T.T<br>Dated 23.09.2015 | 30,00,000 | 23.12.2015 |
| **ആകെ** | **30,00,000** | |

പ്രസ്തുത ഗ്രാന്റ് തുക എസ്.ബി.റ്റി അക്കൗണ്ട് (C&I 24 A/c) ൽ വരവ് വന്നിട്ടുണ്ടെങ്കിലും ആയത് ക്യാഷ് ബുക്കിൽ വരവായി ഉൾപ്പെടുത്തിയിട്ടില്ല. വർഷങ്ങളായി Reconciliation നടത്താതിരിക്കുന്ന പ്രസ്തുത അക്കൗണ്ടിൽ ഇത്തരം അപാകതകൾ കൂടിയാകുമ്പോൾ കൂടുതൽ സങ്കീർണ്ണമാകുന്നതിന് ഇടവരുത്തുന്നതാണ്. മുൻ റിപ്പോർട്ടുകളിലും മേൽ വിഷയം പരാമർശിച്ചിട്ടുള്ളതാണ്. ആവശ്യമായ നടപടികൾ എത്രയും വേഗം സ്വീകരിക്കേണ്ടതാണ്.

## 54. സ്ഥിര നിക്ഷേപങ്ങൾ .

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പേരിൽ ഇൻഡ്യൻ ഓവർസീസ് ബാങ്കിൽ 7 സ്ഥിരനിക്ഷേപങ്ങളും എസ്.ബി.റ്റി വികാസ് ഭവൻ ബ്രാഞ്ചിൽ 3 സ്ഥിര നിക്ഷേപങ്ങളുമാണ് 2015-16 ൽ ഉണ്ടായിരുന്നത്. ആയതിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻഡ്യൻ ഓവർസീസ് ബാങ്ക് | | | | | |
|---|---|---|---|---|---|
| **ക്രമ നമ്പർ** | **നിക്ഷേപ നമ്പർ / തീയതി** | **തുക** | **കാലാവധി** | **പലിശ നിരക്ക്** | **കാലാവധി പൂർത്തിയാകുന്ന തീയതി** |
| 1. | 511400757/28.09.2015 | 95,00,000 | 1 വർഷം | 8% | 28.09.2016 |
| 2. | 511400758/29.09.2015 | 95,00,000 | " " | 8% | 29.09.2016 |
| 3. | 511500752/30.09.2015 | 63,16,230 | " " | 7.5% | 30.09.2016 |
| 4. | 511500142/16.03.2016 | 1,46,67,642 | " " | 8% | 16.03.2017 |
| 5. | 511500143/16.03.2016 | 1,46,67,642 | " " | 8% | 16.03.2017 |
| 6. | 511500144/16.03.2016 | 1,46,67,642 | " " | 8% | 16.03.2017 |
| 7. | 511500145/16.03.2016 | 1,46,67,642 | " " | 8% | 16.03.2017 |
| | **ആകെ** | **8,39,86,798** | | | |
| **എസ്.ബി.റ്റി** | | | | | |
| 1. | 67283188004/01.07.2015 | 54,70,764 | 1 വർഷം | 8.5% | 01.07.2016 |
| 2. | 67283188184/01.07.2015 | 60,06,200 | " " | 8.5% | 01.07.2016 |
| 3. | 67351959888/03.02.2016 | 2,38,61,573 | " " | 6% | 03.02.2017 |
| | **ആകെ** | **3,53,38,537** | | | |

ഓഡിറ്റിൽ ഹാജരാക്കിയ F.D രജിസ്റ്ററിൽ മേൽ കാണിച്ചിട്ടുള്ള തരത്തിൽ പൂർണ്ണവിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. IOB യിലെ ക്രമ നമ്പർ 4 മുതൽ 7 വരെയും S.B.T യിലെ ക്രമ നമ്പർ 3 ലെയും വിശദവിവരങ്ങൾ മാത്രമാണ് രജിസ്റ്ററിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. രജിസ്റ്ററിൽ പൂർണ്ണവിവരങ്ങൾ ഉൾപ്പെടുത്തി കാലികമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 55. റിവോൾവിംഗ് ഫണ്ട്.

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ റിവോൾവിംഗ് ഫണ്ട് അക്കൗണ്ടായ C & I – 24 അക്കൗണ്ടിൽ നിന്നും 2015-16 വർഷം 1,00,75,447/- രൂപ പിൻവലിച്ചതിൽ ആകെ 92,00,000/- രൂപ മാത്രമാണ് തിരിച്ചടച്ചിട്ടുള്ളത്. പ്രസ്തുത അക്കൗണ്ടിൽ 8,75,447/- രൂപ തിരിച്ചടയ്ക്കുവാൻ അവശേഷിക്കുന്നു. കൂടാതെ TPA 188 അക്കൗണ്ടിൽ നിന്നും തൻവർഷം 1,00,00,000/- രൂപ മാത്രമാണ് തിരിച്ചടച്ചിട്ടുള്ളത്. ഈ അക്കൗണ്ടിൽ 50 ലക്ഷം രൂപ തിരിച്ചടയ്ക്കുവാൻ അവശേഷിക്കുന്നു. പ്രസ്തുത രണ്ട് അക്കൗണ്ടുകളിലേയ്ക്കും കൂടി തൻവർഷം ആകെ 58,75,447/- രൂപ തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നു.

മുൻ റിപ്പോർട്ട് പ്രകാരം മുൻ വർഷങ്ങളിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയായ 2,58,76,976/- രൂപയും ചേർത്ത് ആകെ 3,17,52,423/- രൂപ 31.03.2016 ൽ റിവോൾവിംഗ് ഫണ്ടിലേയ്ക്ക് തിരിച്ചടയ്ക്കുവാൻ ബാക്കിയുണ്ട്.

## ഓഡിറ്റ് പ്രത്യവലോകനം

## 56. ഓഡിറ്റ് ചാർജ് .

2015-16 വർഷത്തെ ഓഡിറ്റ് ചാർജ് താഴെപ്പറയുന്ന വിധം കണക്കാക്കുന്നു.

| | |
|---|---|
| ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ വരിസംഖ്യ | 2,34,675.00 |
| പുസ്തക വിൽപ്പന | 1,37,02,775.00 |
| മറ്റിനങ്ങളിലെ വരുമാനം | 3,77,381.00 |
| ഓഡിറ്റ് ചാർജിന് പരിഗണിക്കാവുന്ന ആകെ വരുമാനം | 1,43,14,831.00 |
| ഓഡിറ്റ് ചാർജ് 1% നിരക്കിൽ | 1,43,148.00 |

2014-15 വർഷത്തെ ഓഡിറ്റ് ചാർജായ 152,083/- രൂപ നാളിതുവരെയായി ട്രഷറിയിൽ ഒടുക്കുവരുത്തിയിട്ടില്ല. ആയത് ഉൾപ്പെടെ ആകെ 2,95,231/- രൂപ ഒടുക്കുവരുത്തേണ്ടതാണ്.

## 57. സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 9,15,87,847.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 9,16,65,226.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 1,62,235.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിയ്ക്കാത്ത തുക | 42,295.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

## 58. വരവിനത്തിൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിശദാംശങ്ങൾ .

| ഖണ്ഡിക | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 11 (എ) | 1335 | ശ്രീ.അനീഷ് കൃഷ്ണ (യു.ഡി, കോപ്പിഹോൾഡർ) |
| 11 (ബി) | 13500 | ശ്രീ.ഗോപകുമാർ പി.കെ (യു.ഡി.സി) |
| 17 | 3490 | ശ്രീ.ഗോപകുമാർ പി.കെ (യു.ഡി.സി) |

| | | |
|---|---|---|
| 18 | 4465 | ശ്രീ.മനുപ്രസാദ് (യു.ഡി.സി) - 2585/- രൂപ<br>ശ്രീ.പ്രവീൺ പി.ഐ (യു.ഡി.സി) - 1880/- രൂപ |
| 37 | 2730 | ശ്രീ.നിധീഷ് കുമാർ.എം (സ്റ്റോർ കീപ്പർ)<br>കോഴിക്കോട് വിൽപ്പനശാല |
| 38 | 42933 | ശ്രീ.വിനോദ് കുമാർ (എൽ.ഡി.സി - കണ്ണൂർ) |
| 45 | 13339 | ശ്രീ.ഷിബിത്ത് വി.ബി |
| 49 | 80443 | വിശദാംശം ഖണ്ഡികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് |
| **ആകെ** | **1,62,235.00** | |

## 59. <u>നിരാകരിച്ച തുക</u>

| ഖണ്ഡിക | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 4 | 5200 | ഡയറക്ടർ, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് -<br>ഡോ.എം.ആർ.തമ്പാൻ,<br>മേടയിൽഹൗസ്. ഉപാസന ഗാർഡൻസ്, കൊച്ചാർ റോഡ്, ജഗതി, തിരുവനന്തപുരം. |
| 5 | 37095 | |
| **ആകെ** | **42,295.00** | |

## 60. <u>തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| | **ഇല്ല** | |

## 61. <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

## 62. കേന്ദ്ര സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

## 63. റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നമ്പർ | പേര് | അഡ്രസ്സ് |
|---|---|---|
| 1. | ശ്രീ.എം.ആർ.തമ്പാൻ, ഡയറക്ടർ | മേടയിൽ ഹൗസ്,<br>ഉപാസന ഗാർഡൻസ്,<br>കൊച്ചാർ റോഡ്, ജഗതി,<br>തിരുവനന്തപുരം. |
| 2. | ശ്രീ.അനീഷ് കൃഷ്ണ<br>യു.ഡി കോപ്പിഹോൾഡർ | കൃഷ്ണകൃപ,<br>ശ്രീകൃഷ്ണപുരം റോഡ്,<br>വട്ടവിള, പൗഡിക്കോണം പി.ഒ,<br>തിരുവനന്തപുരം |
| 3. | ശ്രീ.പ്രവീൺ പി.ഐ<br>യു.ഡി.സി | പാലപ്പള്ളിവീട്,<br>കീഴ് തോന്നയ്ക്കൽ,<br>മംഗലത്തുനട,<br>പോത്തൻകോട് പി.ഒ,<br>തിരുവനന്തപുരം - 695584 |
| 4. | ശ്രീ.മനുപ്രസാദ്<br>യു.ഡി.സി | ചന്ദ്രമംഗലം,<br>വാറുവിളാകം,<br>മണലൂർ, നെയ്യാറ്റിൻകര പി.ഒ<br>695121 |
| 5. | ശ്രീ.ഗോപകുമാർ പി.കെ<br>യു.ഡി.സി | വസുമം, റ്റി.സി.50/1193-1<br>തളിയൽ, കരമന പി.ഒ, തിരുവനന്തപുരം |

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഓഡിറ്റ്**
**തിരുവനന്തപുരം**

## അനുബന്ധം - I

| ക്രമ നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | വർഷം |
|---|---|---|
| 1. | എൽ.എഫ്.റ്റി.ഡി/14/1903/82 തീയതി 14.06.1982 | 1979-80 |
| 2. | എൽ.എഫ്.റ്റി.ഡി.14/1784/83 തീയതി 14.10.1983 | 1980-81 |
| 3. | എൽ.എഫ്.റ്റി.ഡി.14/1696/85 തീയതി 18.07.1985 | 1981-82 |
| 4. | എൽ.എഫ്.റ്റി.ഡി.14/193/86 തീയതി 05.06.1986 | 1982-83 |
| 5. | എൽ.എഫ്.റ്റി.ഡി.14/72/87 തീയതി 08.10.1987 | 1983-84 |
| 6. | എൽ.എഫ്.റ്റി.ഡി.14/715/88 തീയതി 08.02.1999 | 1984-85 |
| 7. | എൽ.എഫ്.റ്റി.ഡി.14/1558/89 തീയതി 14.03.1990 | 1985-86 |
| 8. | എൽ.എഫ്.റ്റി.ഡി.14/1707/90 തീയതി 21.10.1991 | 1986-87 |
| 9. | എൽ.എഫ്.റ്റി.ഡി.14/1369/91 തീയതി 11.08.1992 | 1987-88 |
| 10. | എൽ.എഫ്.റ്റി.ഡി.14/531/94 തീയതി 09.02.1996 | 1990-91 |
| 11. | എൽ.എഫ്.റ്റി.ഡി.14/756/95 തീയതി 01.02.1996 | 1991-92 |
| 12. | എൽ.എഫ്.റ്റി.ഡി.14/27/96 തീയതി 11.10.1996 | 1992-93 |
| 13. | എൽ.എഫ്.റ്റി.ഡി.9(എ).954/99 തീയതി 12.05.2000 | 1993-94 |
| 14. | എൽ.എഫ്.റ്റി.ഡി.9(എ).724/2000 തീയതി 12.05.2000 | 1994-95 |
| 15. | എൽ.എഫ്.റ്റി.ഡി.9(എ).515/2000 തീയതി 08.05.2001 | 1995-96 |
| 16. | എൽ.എഫ്.റ്റി.ഡി.11/1189/98 തീയതി 01.06.1998 | 1996-97 |
| 17. | എൽ.എഫ്.റ്റി.ഡി.9(എ).1141/99 തീയതി 03.09.1999 | 1997-98 |
| 18. | എൽ.എഫ്.റ്റി.ഡി.9(എ).125/2000 തീയതി 01.07.2000 | 1998-99 |
| 19. | എൽ.എഫ്.റ്റി.ഡി.9(എ).1001/2000 തീയതി 02.07.2001 | 1999-2000 |
| 20. | എൽ.എഫ്.റ്റി.ഡി.9(2).21/02 തീയതി 17.08.2002 | 2000-01 |
| 21. | എൽ.എഫ്.റ്റി.ഡി.മിസ്.1/1475/2004 തീയതി 01.06.2005 | 2001-02 |

| | | |
|---|---|---|
| 22. | എൽ.എഫ്.റ്റി.ഡി.മിസ്.1/544/2005 തീയതി 25.11.2005/20.02.2006 | 2002-03 |
| 23. | എൽ.എഫ്.റ്റി.ഡി.മിസ്.1/2296/2006 തീയതി 09.03.2007 | 2003-04 |
| 24. | എൽ.എഫ്.റ്റി.ഡി.മിസ്.1/1351/2008 തീയതി 13.03.2009 | 2004-05 |
| 25. | എൽ.എഫ്.റ്റി.ഡി.മിസ്.1/499/2009 തീയതി 31.08.2009/01.01.2010 | 2005-06 |
| 26. | എൽ.എഫ്.റ്റി.ഡി.മിസ്.507/2010 തീയതി 20.10.2010/07.02.2011 | 2006-07 |
| 27. | എൽ.എഫ്.സിൽ/എ 3/260/2011 തീയതി 15.10.2011 | 2007-08 |
| 28. | എൽ.എഫ്.സിൽ/എ 3/368/2011 തീയതി 25.02.2012/04.05.2012 | 2008-09 |
| 29. | എൽ.എഫ്.സിൽ/എ 2/212/2012 തീയതി 02.07.2012/22.09.2012 | 2009-10 |
| 30. | എൽ.എഫ്.സിൽ/എ 2/486/2012 തീയതി 19.03.2013/11.06.2013 | 2010-11 |
| 31. | എൽ.എഫ്.സിൽ/എ 2/138/2014 തീയതി 28.04.2014/19.02.2014 | 2011-12 |
| 32. | നമ്പർ എൽ.എഫ്.സിൽ/എ 2/96/2014 തീയതി 17.09.2015 | 2012-13 |
| 33. | കെ.എസ്.എ.സിൽ.എ 1/169/2015 തീയതി 26.05.2016 | 2013-14 |
| 34. | നമ്പർ.കെ.എസ്.എ.സിൽ.എ 3/450/2016 തീയതി 27.01.2017 | 2014-15 |

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഓഡിറ്റ്**

# ഓഡിറ്റ് സർട്ടിഫിക്കറ്റ്

2015-16 വാർഷിക കണക്കുകളുടെ പരിശോധനാ വേളയിൽ ഹാജരാക്കപ്പെട്ട കണക്കുകളുടെയും രേഖകളുടെയും നൽകപ്പെട്ട വിശദീകരണങ്ങളുടെയും വെളിച്ചത്തിലും പരിശോധനയിലൂടെ വെളിവാക്കപ്പെട്ട വസ്തുതകളുടെ അടിസ്ഥാനത്തിലും കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് തൻവർഷം അനുവദിച്ചുകിട്ടിയ സർക്കാർ ധനസഹായം നിർദ്ദിഷ്ട നിബന്ധനകൾക്കും വ്യവസ്ഥകൾക്കും ഈ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾക്കും വിധേയമായി ചെലവഴിക്കപ്പെട്ടിട്ടുണ്ട് എന്ന് സാക്ഷ്യപ്പെടുത്തുന്നു.

| സഹായ ഗ്രാന്റ് അനുവദിച്ച സർക്കാർ ഉത്തരവ് | ഉത്തരവു പ്രകാരം അനുവദിച്ച തുക | | തൻ വർഷം ലഭിച്ച തുക | | ഉദ്ദേശ്യം | ചെലവഴിക്കാൻ അവശേഷിക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|---|---|
| | പ്ലാൻ | നോൺ പ്ലാൻ | പ്ലാൻ | നോൺ പ്ലാൻ | | | |
| സ.ഉ(സാധാ) നം.261/ 15 സാംസ്കാരിക വകുപ്പ് തീ, 27.05.15 | 53,33,333 | | 53,33,333 | | പുന:പ്രസിദ്ധീകരണം, ജീവനക്കാരുടെ ശമ്പളം , ഇൻസ്റ്റിറ്റ്യൂട്ടിന്റെ മറ്റ് ദൈനംദിന ചെലവുകൾ | ഇല്ല | |
| സ.ഉ(സാധാ) നം.417/ 15 സാംസ്കാരിക വകുപ്പ് തീ, 18.08.15 | 53,33,334 | | 53,33,334 | | | | |
| സ.ഉ(സാധാ) നം.639/ 15 സാംസ്കാരിക വകുപ്പ് തീ, 29.12.15 | 53,33,333 | | 53,33,333 | | | | |
| സ.ഉ(സാധാ) നം.252/ 15 സാംസ്കാരിക വകുപ്പ് | | 91,23,333 | | 91,23,333 | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| തീ, 22.05.15 | | | | | | | |
| സ.ഉ(സാധാ) നം.418/ 15 സാംസ്കാരിക വകുപ്പ് തീ, 18.08.15 | | 91,23,334 | | 91,23,334 | | | |
| സ.ഉ(സാധാ) നം.46/ 16 സാംസ്കാരിക വകുപ്പ് തീ, 08.02.16 | | 91,23,333 | | 91,23,333 | | | |
| **ആകെ** | 1,60,00,000 | 2,73,70,000 | 1,60,00,000 | 2,73,70,000 | | | |

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഓഡിറ്റ്**